# NEW VISION FOR A CHANGING WORLD

VOL. 5 ■ ISSUE 2 ■ OCTOBER 2004



മറ്റുള്ളവരിൽ നിന്ന് കൈക്കലാക്കാവുന്നതെല്ലാം കൈക്കലാക്കുന്നതിനുപകരം മറ്റുള്ളവർക്കു കൊടുക്കാവുന്നതെല്ലാം കൊടുക്കുമ്പോഴാണ് മഹാത്മാക്കളുണ്ടാകുന്നത്. ശരീരബലം കൊണ്ടല്ല, മനസ്സു കൊണ്ട് ലോകത്തെ നയിക്കാമെന്ന് നമ്മെ പഠിപ്പിക്കാനായി അവർ അവതരിക്കുന്നു. യുഗപുരുഷൻ പ്രചരിപ്പിച്ച പ്രത്യാശയുടെ സന്ദേശം മരിക്കുന്നില്ല. ഗാന്ധിക്കു മരണമില്ല.

– ടി.ജെ.എസ്. ജോർജ് (പേജ് - 4)

The power of money and position has become a major factor in all churches. Principles are sacrificed; people are confused. Preaching and action are alien to each other, self-interest dominates, a prosperity culture has come to stay. Many are flocking around the Church while several serious minded people are getting alienated.

- Rt. Rev. Dr. A. George Ninan (Page - 7)

## NEW VISION FOR A CHANGING WORLD


### EDITORIAL BOARD

**Dr. Mathew Koshy Punnackad**
Chief Editor, New Vision,
Punnackad, Kozhencherry - 689 652
Phone/Fax: 0468-2214068
e-mail : mkoshy@satyam.net.in.

**The Rev.Prof. K.C. Mathew**
Manager & Publisher, New Vision,
Manganam,Kottayam-686 018
Phone: 95481-2351841, Fax: 95481-2574987
e-mail: ktm_mandiram@sancharnet.in.

**The Rev. A.C. Oommen, Oddanchatram**
Phone: 04553 - 40803

**The Rev. Dr. A.T.Abraham, Muvattupuzha**
Phone: 0485-835120

**The Rev. Dr. K.V. Mathew, Kottayam**
Phone: 95481-2573795

**The Rev. Mathew P. Idicula, Chicago**
Phone: 630-986-1195, Fax: 630-986-1261
e-mail: roychicago@hotmail.com

**Mr. M. Kurian, Manganam**
Phone: 95481-2578599

**Prof. George Jacob, Kottayam - 4**
Phone: 95481 - 2573476

**Prof. Zachariah Mathew, Kottayam**
Phone: 95481 - 2566135

### ADVISORY BOARD

Rt. Rev. T.B.Benjamin,Kottayam • Rt.Rev. K.Michael John, Melukavu• Rt.Rev. Dr.Isaac Mar Philoxenos,Kottayam • Rt.Rev.Geevarughese Mar Osthathiose, Parumala • Rt.Rev. Dr. Thomas Mar Athanasius, Muvattupuzha • Rev. Dr. E.C. John,Bangalore • Fr.Dr.K.M. George, Kottayam • Fr. A.P. George,Perumbavoor • Rev. Prof. Mathew Daniel, Kozhencherry • Rev. Shajan Idicula, Thiruvananthapuram • Prof. Philip N.Thomas, Tiruvalla • Prof. Mammen Varkey, Mavelikara • Mr. C. John Mathai, Kottayam • Mr. M.M. Yobel, Kottayam • Adv. K.I. Ninan, Aymanam • Ms. Accamma Paul, Mavelikara • Mr. J.T. Wattachanackal, Chicago • Mr. C.J. Rajan, Chennai

***Contact person in Tamilnadu***
Mr. C.J. Rajan
25 Razak Gardens,8-Cross Street,
Arumbakkam, Chennai-106

***Contact person in Canada***
Major (Retd.) Jacob K. Philipose
98 Arbour Wood Cres. N.W.
Calgary, Alberta, Canada T3G 4C3
Phone: (403) 239 - 8489, e-mail: jacob_p@shaw.ca

***Contact person in USA***
The Rev. Mathew P. Idicula
8548 Wedge Wood Dr.
Burr Ridge, IL 60521, USA
Phone: 630-986-1195, Fax: 630-986-1261
e-mail: roychicago@hotmail.com

***Co-ordinators in USA***
Mr. Kuryan Thampy Jacob, Texas
Mr. Koshy George.,NewYork
Dr. George Joseph,Chicago
Dr. Thomas Koshy, Boston
Mr. Varghese K. David, New Jersey


## വായനക്കാരുടെ ശ്രദ്ധയ്ക്ക്

മാസികയുടെ ഓരോ ലക്കവും തലേമാസം കൃത്യം 28ന് കോട്ടയം ആർ.എം.എസ്. വഴി തപാലിൽ നിങ്ങൾക്കയച്ചു വരുന്നു. നിങ്ങളുടെ വിലാസത്തിൽ മാറ്റമുണ്ടെങ്കിൽ മാനേജരെ വിവരമറിയിക്കുമല്ലൊ.

### വരിസംഖ്യ

| | | | |
|---|---|---|---|
| ഒരു വർഷത്തേക്ക് | : 75/- രൂപ | (വിദേശത്തുള്ളവർക്ക് | US $15) |
| രണ്ടു വർഷത്തേക്ക് | : 140/- രൂപ | ( " | US $25) |
| മൂന്നു വർഷത്തേക്ക് | : 200/- രൂപ | ( " | US $40) |

സഭാ ശുശ്രൂഷകർക്ക് ഈ നിരക്കുകൾ യഥാക്രമം 60 രൂപ, 110 രൂപ, 150 രൂപ

| | | | |
|---|---|---|---|
| ലൈഫ് മെമ്പർഷിപ്പ് | : 1000/- രൂപ | ( " | US$200) |
| പേട്രൺ മെമ്പർഷിപ്പ് | : 10,000/- രൂപ | ( " | US $1000) |

### പണവും എഴുത്തുകളും അയയ്ക്കേണ്ട വിലാസം

**മാനേജർ, ന്യൂ വിഷൻ**
മാങ്ങാനം, കോട്ടയം - 686 018
Phone: 95481 - 2351841, Fax: 95481 - 2574987
e-mail: ktm_mandiram@sancharnet.in

*(ചെക്കുകൾ മുഖേന പണമയയ്ക്കുന്നവർ ബാങ്കു കമ്മിഷൻ കൂടെ ചേർക്കണം)*

**കോട്ടയത്തെ സി.എസ്.ഐ. ഡയോസിസൻ ബുക്കു ഡിപ്പോയിലും വരിസംഖ്യയൊടുക്കാവുന്നതാണ്.**

### പ്രസിധീകരണത്തിനുള്ള ലേഖനങ്ങൾ, പ്രതികരണങ്ങൾ തുടങ്ങിയവ അയയ്ക്കേണ്ട വിലാസം

**ചീഫ് എഡിറ്റർ, ന്യൂ വിഷൻ**
പുന്നയ്ക്കാട്, കോഴഞ്ചേരി - 689 652
Phone/Fax: 0468 - 2214068
e-mail: mkoshy@satyam.net.in

### പരസ്യനിരക്കുകൾ

| | Full Page | Half Page | Quarter Page |
|---|---|---|---|
| Back Cover (outside) | Rs. 3000 | Rs. 2000 | Rs. 1200 |
| Back Cover (inside) | Rs. 2500 | Rs. 1500 | Rs. 1000 |
| Inner Pages | Rs. 2000 | Rs. 1000 | Rs. 800 |

**'NEW VISION FOR A CHANGING WORLD'** is an ecumenical magazine owned by Nava Darshan Trust, a public charitable Trust registered in 1999. This periodical, originally started in 1992 as a bimonthly entitled 'NEW VISION', has become a monthly since Feb. 2001. It serves as a forum for exchange of views and a source of inspiration for enlightened action. This publication is solely supported by the voluntary donations of its readers. Your contributions - intellectual and financial - are most welcome.

*Page Layout:* Learners' Kottayam, Tel: 95481 - 2567438

## CONTENTS


- **Profile** — 4
  യുഗപുരുഷൻ
  *ടി.ജെ.എസ്. ജോർജ്*
- **Current Affairs** — 5
  9/11 റിപ്പോർട്ടും ഞാനും
  *യൂഹാനോൻ മാർ മിലിത്തോസ് മെത്രാപ്പോലീത്ത*
- **Reminiscences** — 7
  **Random Thoughts**
  *Rt. Rev. Dr. A. George Ninan*
- **Science** — 9
  ചൂടും തണുപ്പും:
  വിയർപ്പും വിറയലും
  *ഡോ. ജോർജ് എം. തോമസ്*
- **Theology** — 10
  വിലക്കപ്പെട്ട കനി
  *പ്രൊഫ. എം. തോമസ് മാത്യു*
- **Old Age Corner** — 12
  **How to make old age Happy & Useful**
  *Dr. Abraham Verghese*
- **Poetic Reflection** — 13
  **The World is Mine**
- **Devotional** — 14
  ആദിമ ക്രിസ്തീയ സാക്ഷ്യത്തിന്റെ കഥ
  *ഫാ. ഡോ. മർക്കോസ് ജോസഫ്*
- **Literary Review** — 15
  പാർശ്വചിന്തകൾ
  *ഡോ. സി.ജെ. റോയ്*
- **Meditation** — 16
  **A meditation on Cow and Pig**
  *Rev. Dr. M.J. Joseph*
- **Glimpses** — 17
  കഥയില്ലാത്ത അൽപ്പം ചില്ലറക്കാര്യങ്ങൾ
  *ഡോ. കെ. വി. വർഗീസ്*
- **Mythology** — 18
  ദേശീയ മിത്തുകൾ
  *ഡോ. മിസ്സസ് അന്നമ്മ ജോർജ്*
- **Psychology** — 19
  നമ്മൾ അടിമകൾ
  *ജോർജ് ബഹനാൻ ടി.*
- **Miscellaneous** — 20
  കരിഗിരി ലെപ്രസി റിസർച്ച് & ട്രെയിനിംഗ് സെന്റർ
  *റവ. ഈപ്പൻ ജോൺ*
- **Church Affairs** — 21
  സഭയെക്കുറിച്ചുള്ള എന്റെ വേദനകളും സ്വപ്നങ്ങളും
  *പോൾ മണലിൽ*
- **Responses** — 22
- **Book Review** — 23


## EDITORIAL

# ക്രൈസ്തവ സ്ഥാപനങ്ങൾ

ക്രൈസ്തവ സ്ഥാപനങ്ങൾ സേവനകേന്ദ്രങ്ങളായാണ് അറിയപ്പെട്ടിരുന്നത്. ധാർമ്മികമൂല്യങ്ങൾ ഉൾക്കൊണ്ടുകൊണ്ട് പ്രവർത്തിച്ചിരുന്ന ഈ സ്ഥാപനങ്ങളിൽ ജാതിയുടെയോ മതത്തിന്റെയോ വേർതിരിവുകൾ ഇല്ലായിരുന്നു. ക്രൈസ്തവേതരർക്കുപോലും ക്രൈസ്തവർ നടത്തുന്ന സ്ഥാപനങ്ങളെക്കുറിച്ച് മികച്ച അഭിപ്രായമാണുണ്ടായിരുന്നത്. ഉയർന്ന ധാർമ്മികമൂല്യങ്ങളുള്ളവരാണ് പ്രസ്തുത സ്ഥാപനങ്ങളിൽ ജോലി ചെയ്തിരുന്നത്. അതിനാൽ ക്രൈസ്തവ സ്ഥാപനങ്ങൾ മലമുകളിലിരിക്കുന്ന പട്ടണം പോലെ പ്രശോഭിച്ചിരുന്ന ഒരു കാലഘട്ടമുണ്ടായിരുന്നു. ഇന്ന് കച്ചവടമൂല്യങ്ങളെയാണ് സഭയും അതിന്റെ സ്ഥാപനങ്ങളും ആശ്രയിക്കുന്നത്. ഫലമോ, ക്രൈസ്തവ-ക്രൈസ്തവേതര സ്ഥാപനങ്ങൾ തമ്മിൽ യാതൊരു വ്യത്യാസവുമില്ലെന്ന സ്ഥിതി സംജാതമായിരിക്കുന്നു. ആഗോളവൽക്കരണത്തിന്റെ ഭാഗമായ മത്സരാടിസ്ഥാന സമൂഹത്തിൽ നമുക്ക് പിടിച്ചു നിൽക്കാനാവില്ലെങ്കിൽപ്പിന്നെ ക്രൈസ്തവ സ്ഥാപനങ്ങൾ തുടർന്നു നടത്തേണ്ടതുണ്ടോയെന്ന് സഭകൾ ഗൗരവത്തോടെ ആലോചിക്കണം. നീതിയുടെയും മനുഷ്യത്വത്തിന്റെയും സ്നേഹത്തിന്റെയും കരുതലിന്റെയും തുരുത്തുകളായി നിലകൊള്ളുവാൻ സാധിക്കുന്നില്ലെങ്കിൽ ക്രൈസ്തവസഭയ്ക്ക് കാലികപ്രസക്തിയുള്ള ദൗത്യനിർവഹണത്തിൽ ഏർപ്പെടാനാവില്ല.

*ചീഫ് എഡിറ്റർ*

# ജീവിതത്തിന്റെ ബാങ്കിലെ നിക്ഷേപം

**ഡോ. ഡി. ബഞ്ചമിൻ**

"മടി ഗാഢനിദ്രയിൽ വീഴിക്കുന്നു; അലസചിത്തൻ പട്ടിണി കിടക്കും" (സദൃ.വാക്യ. 19:15)

ശലോമോൻ രാജാവ് മഹാജ്ഞാനിയായിരുന്നു. അദ്ദേഹം ജീവിതത്തെക്കുറിച്ചു നടത്തിയ ഉപദർശനങ്ങളാണ് ബൈബിളിലെ സദൃശവാക്യങ്ങൾ. ആ ഭാഗം ശ്രദ്ധയോടെ വായിച്ചാൽ അദ്ദേഹം ഏറ്റവും ശക്തമായ ഭാഷയിൽ കുറ്റപ്പെടുത്തുന്നത് മടിയേയും അലസതയേയുമാണെന്നു കാണാം. ദാരിദ്ര്യത്തിനും പട്ടിണിക്കും കാരണം മനുഷ്യൻ അദ്ധ്വാനിക്കാൻ കൂട്ടാക്കാത്തതാണെന്ന് ശലോമോൻ പറയുന്നു. ഗാഢനിദ്ര, പ്രത്യേകിച്ച്, അസമയത്തുള്ള ഉറക്കം മടിയുടെ പ്രധാന ലക്ഷണമാണ്. കതക് തിരുകുറ്റിയിൽ തിരിയുന്നതുപോലെ മടിയൻ കിടക്കയിലേക്കു തന്നെ തിരിയുന്നുവെന്ന് അദ്ദേഹം പറയുന്നു. പലപ്പോഴും അസമയത്ത് ഉറങ്ങാനും കട്ടിലിൽക്കിടന്ന് ദിവാസ്വപ്നം കാണാനും പല മുടന്തൻ ന്യായങ്ങളും നാം കണ്ടെത്താറുണ്ട്-തലവേദന മുതൽ ശാരീരികാസ്വസ്ഥ്യം വരെ! ഈ ന്യായങ്ങളുടെ പിന്നിലുള്ളത് യഥാർത്ഥത്തിൽ അലസതയല്ലെന്ന് നാം ഉറപ്പാക്കേണ്ടതാണ്. മനുഷ്യൻ സമയം പണമായി മാറ്റിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണിത്. അദ്ധ്വാനസമയം ആറോ എട്ടോ മണിക്കൂറുകളല്ല, പതിനാറോ പതിനെട്ടോ മണിക്കൂറാണെന്നാണ് ഐ.ടി. രംഗത്തെ സ്വകാര്യസ്ഥാപനങ്ങൾ പഠിപ്പിക്കുന്നത്. അദ്ധ്വാനിക്കുന്നതിനനുസരിച്ച് കൂലി കൊടുക്കാനും അവർ തയാറാണ്. പക്ഷേ കേരളത്തിലെ ശരാശരി മനുഷ്യൻ വാസ്തവത്തിൽ ഒരു ദിവസം എത്ര മണിക്കൂറാണ് അദ്ധ്വാനിക്കുന്നത്? അലസചിത്തനു വിധിച്ചിട്ടുള്ളത് പട്ടിണിയാണെന്ന് ശലോമോൻ ഓർമ്മിപ്പിക്കുന്നു.

സമയമെപ്പോഴും പണമായിത്തന്നെ മാറ്റിക്കൊള്ളണമെന്നില്ല. അതിനെ സേവനമാക്കുമ്പോഴാണ് സമയത്തിന്റെ വിനിയോഗം മൂല്യവത്താകുന്നത്. ഈ സേവനത്തിനുള്ള അംഗീകാരമെന്ന നിലയ്ക്കു പണം വരുമ്പോഴാണ് ആ പണം വിശിഷ്ടമായിത്തീരുന്നത്. സമയം = സേവനം = പണം എന്ന സമവാക്യം എപ്പോഴും സ്വീകരിച്ചുകൊള്ളണമെന്നില്ല. സേവനം പണവുമായി ബന്ധപ്പെടാതിരിക്കുമ്പോൾ അത് സുകൃതമായിത്തീരുന്നു. യഥാർത്ഥത്തിൽ അപ്പോൾ നാം ജീവിതത്തിന്റെ ബാങ്കിൽ വിലപ്പിടിപ്പുള്ള ചിലത് നിക്ഷേപിക്കുകയാണ്. ഈ നിക്ഷേപത്തിന്റെ തോതനുസരിച്ചാണ് നമുക്കു കാലത്തെ കീഴടക്കാൻ കഴിയുന്നത്. ഫാദർ ഡാമിയനും മദർ തെരേസയും ഡോ. ആൽബർട്ട് ഷ്വൈറ്റ്സറുമൊക്കെ കാലാതീതരായിത്തീർന്നതങ്ങനെയാണ്. ●

PROFILE



# യുഗപുരുഷൻ

ടി. ജെ. എസ്. ജോർജ്

എല്ലാ പ്രതിഭാശാലികളെയും പോലെ മോഹൻദാസ് കരംചന്ദ് ഗാന്ധിയും വൈരുദ്ധ്യങ്ങളുടെ ഒരു ഭണ്ഡാരമായിരുന്നു. വിഖ്യാതനായ ഒരു പുണ്യവാളനെന്നതുപോലെ ഒരു സ്വയംപ്രഖ്യാപിത പാപി കൂടിയായിരുന്നു അദ്ദേഹം. സ്നേഹവും കാരുണ്യവും പഠിപ്പിച്ചിട്ടും അദ്ദേഹം ഭാര്യയോടു കാർക്കശ്യവും മക്കളോടു ക്രൂരമായ അവഗണനയും പുലർത്തി. പാവങ്ങളുമായി താദാത്മ്യം പ്രാപിക്കുന്നതിൽ അദ്ദേഹം അന്ധമായ താല്പര്യം കാണിച്ചു. അതേസമയം, സമ്പന്ന വ്യാപാരികളുടെ ആതിഥേയത്വം തുറന്ന മനസ്സോടെ സ്വീകരിക്കുകയും ചെയ്തു. അറിവുള്ളവനും അലിവുള്ളവനും സ്നേഹോഷ്മളമായ വശ്യതയുള്ളവനുമായിരുന്നു അദ്ദേഹം. മൂഢനും മുരടനും അന്ധാളിക്കുംവിധം നിസ്സംഗനാകാനും അദ്ദേഹത്തിനു കഴിഞ്ഞിരുന്നു. അദ്ദേഹത്തിന്റെ ചില ആശയങ്ങൾ ശരിക്കും പഴഞ്ചനായിരുന്നു. ഒരു പശുവിനു വേണ്ടി തന്റെ ജീവൻ ത്യജിക്കുമെന്നും വേഗം കൂടിയ യാത്രാസൗകര്യങ്ങൾക്ക് കുഴപ്പത്തിലേക്കു മാത്രമേ നയിക്കാൻ കഴിയൂ എന്നും അദ്ദേഹം പറഞ്ഞിരുന്നു. ലൈംഗികത പുനരുത്പാദനത്തിനുവേണ്ടി മാത്രമുള്ളതായിരിക്കണമെന്നും, മൂന്നോ നാലോ കുട്ടികൾ പിറന്നാൽ ഭർത്താവും ഭാര്യയും വെവ്വേറെ കിടന്നുറങ്ങണമെന്നും അദ്ദേഹം പറഞ്ഞു. അത്തരം കാര്യങ്ങളിൽ യാഥാർത്ഥ്യം അംഗീകരിക്കാനുള്ള അദ്ദേഹത്തിന്റെ കർക്കശമായ നിരാകരണം ആരാധകരെ നിരാശയിലാഴ്ത്തി. തനിക്ക് വേണ്ടപ്പോൾ വിനാശകരമാംവിധം യാഥാർത്ഥ്യബോധമുള്ളവനായിരിക്കാനും അദ്ദേഹത്തിനു കഴിഞ്ഞിരുന്നു. തന്റെ കൊടിയ തീരുമാനത്തിനു വിരുദ്ധമായി സുഭാഷ് ചന്ദ്ര ബോസ് കോൺഗ്രസ്സ് അദ്ധ്യക്ഷനായി തിരഞ്ഞെടുക്കപ്പെട്ടത് അദ്ദേഹത്തിന് പൊറുക്കാനായില്ല. ബോസിനെ രാജിവയ്പ്പിക്കാൻ വൈകാരികഭീഷണി പ്രയോഗിക്കാൻ അദ്ദേഹം മടിച്ചില്ല. മറ്റൊരു തലത്തിൽ, തന്റെ എല്ലാ മനോവികാരങ്ങളും പങ്കുവച്ചിരുന്ന ആത്മമിത്രങ്ങളെന്ന നിലയിൽ സർദാർ പട്ടേലിനെയും സി. രാജഗോപാലാചാരിയേയും അദ്ദേഹം എപ്പോഴും അംഗീകരിച്ചിരുന്നു. രാജാജിയെ തന്റെ പിൻഗാമിയായി കാണുക കൂടി ചെയ്തു. എന്നാൽ ഇവരിലില്ലാതിരുന്ന ജനസമ്മതി ജവഹർലാൽ നെഹ്റുവിനുണ്ടെന്നു കണ്ടപ്പോൾ നെഹ്റുവിനു വേണ്ടി അദ്ദേഹം ഇവരെ തിരസ്കരിച്ചു. ഞാനില്ലാതാകുമ്പോൾ അദ്ദേഹം എന്റെ ഭാഷ സംസാരിക്കുമെന്നു പറഞ്ഞാണ് അദ്ദേഹം നെഹ്റുവിനെ അധികാരത്തിലേറ്റിയത്. എന്നാൽ അത്തരത്തിലൊന്നും തന്നെ നെഹ്റു ചെയ്തില്ല. മൗണ്ട്ബാറ്റൻ ദമ്പതികളുമായുള്ള നെഹ്റുവിന്റെ വ്യക്തി

> **ഗാന്ധിയെ ഗാന്ധിയാക്കിയതെന്താണ്? ഗാന്ധിയെന്ന പ്രതിഭാസത്തിന്റെ മർമ്മം അദ്ദേഹമൊരു മനുഷ്യനായിരുന്നുവെന്നതാണ്. തന്റെ മാനുഷിക ദൗർബല്യങ്ങൾ മറയ്ക്കാൻ ശ്രമിക്കാതെ അദ്ദേഹം ദൗത്യം നിർവഹിച്ചു. ദൗർബല്യങ്ങൾ അദ്ദേഹത്തിന്റെ വിജയത്തെ കൂടുതൽ മഹത്തരമാക്കി.**

പരമായ അടുപ്പം ഇന്ത്യയുടെ ദേശീയ താല്പര്യത്തിന് എത്രമാത്രം വിനാശകരമായിരുന്നുവോ അത്ര തന്നെ വിനാശകരമായിരുന്നു ഗാന്ധിജിയുടെ ആത്മീയവാദമെന്ന് പിൻകാഴ്ചയോടെ പറയുന്നതിൽ അതിശയോക്തിയുണ്ടാവില്ല. വിഭജനമെന്ന ആശയം സ്വീകാര്യമാക്കുന്നതിലും കശ്മീർ പ്രശ്നം ഐക്യരാഷ്ട്രസഭയിലെത്തിക്കുന്നതിലും നെഹ്റു ഒരു പങ്ക് വഹിച്ചെങ്കിൽ, മുസ്ലീംകളുടെ വിരോധം ക്ഷണിച്ചുവരുത്തും വിധമായിരുന്നു ഗാന്ധിജിയുടെ ഹൈന്ദവാധിഷ്ഠിതമായ ആത്മീയവാദം. ഏതു നിലയ്ക്കും പാകിസ്ഥാൻ എന്ന ആശയം പുഷ്ടി പ്രാപിക്കത്തക്കവണ്ണമായിരുന്നു ബ്രിട്ടീഷ് കുതന്ത്രങ്ങൾ. എങ്കിലും, അടിയുറച്ച ദേശീയവാദിയായിരുന്ന മുഹമ്മദാലി ജിന്നയെ കടുത്ത ഇസ്ലാമിക വാദിയാക്കിത്തീർക്കുന്നതിൽ ഗാന്ധിജിയുടെ ഹൈന്ദവപ്രതീകങ്ങളും ഒരു വലിയ പങ്ക് വഹിച്ചു.

കർക്കശസ്വഭാവമുള്ള ഭർത്താവ്, ക്രൂരനായ പിതാവ്, പഴഞ്ചൻ, ആവശ്യമെന്നു തോന്നുമ്പോൾ വിമർശകസംഹാരകൻ, പ്രത്യയശാസ്ത്രപരമായ പ്രതിബദ്ധതയ്ക്കു മുകളിൽ ആകർഷകവ്യക്തിത്വത്തെ അവരോധിക്കാൻ തയാറായ സൂത്രശാലിയായ രാഷ്ട്രീയക്കാരൻ. അപ്പോൾ ഗാന്ധിയെ ഗാന്ധിയാക്കിയതെന്താണ്? ഗാന്ധിയെന്ന പ്രതിഭാസത്തിന്റെ മർമ്മം അദ്ദേഹമൊരു മനുഷ്യനായിരുന്നുവെന്നതാണ്. തന്റെ മാനുഷിക ദൗർബല്യങ്ങൾ മറയ്ക്കാൻ ശ്രമിക്കാതെ അദ്ദേഹം ദൗത്യം നിർവഹിച്ചു. ദൗർബല്യങ്ങൾ അദ്ദേഹത്തിന്റെ വിജയത്തെ കൂടുതൽ മഹത്തരമാക്കി. അദ്ദേഹത്തിന്റെ വ്യക്തിത്വത്തിന്റെ ഗുണപരമായ വശങ്ങൾ നിഷേധാത്മക വശങ്ങളെ അപ്രധാനമാക്കി തീർത്തു. തന്റെ സംഭാവനകളുടെ ആകെത്തുക ഇന്ത്യയിലെ സത്വര രാഷ്ട്രീയ ലക്ഷ്യങ്ങളെ മറികടക്കുകയും മനുഷ്യപുരോഗതിയിൽ ഒരു ഘടകമായിത്തീരുകയും ചെയ്തു. അദ്ദേഹത്തിന്റെ മനസ്സിന്റെ പ്രതിഭാവിലാസം ഭയഭക്തിയാണുളവാക്കിയത്. ഐൻസ്റ്റീന്റെ പ്രശസ്തമായ അഭിപ്രായം ശ്രദ്ധിക്കുക: 'ഇക്കാലത്ത് ഇത്തരമൊരാൾ ഈ ഭൂമിയിൽ നടക്കുന്നുവെന്നു വിശ്വസിക്കുക പ്രയാസമാണ്.' തന്റെ രക്തസാക്ഷിത്വത്തിനു വളരെ മുമ്പു

*(ശേഷം പേജ് 6)*




**യൂഹാനോൻ മാർ മിലിത്തോസ് മെത്രാപ്പോലീത്ത**

ഞാനീ കുറിപ്പെഴുതുന്നത് അമേരിക്കയിൽ നിന്നാണ്. വാർത്തകൾ സൃഷ്ടിക്കുന്ന നാട്; വാർത്തകളിലെ വാർത്തകൾക്കായി പരതുന്നവരുടെ നാട്. എന്റെ ദിനചര്യകളിൽ പ്രധാനം, വാർത്തകൾ ശ്രദ്ധിക്കുന്നതു തന്നെ. ടി വി ചാനലുകളിൽ വാർത്ത വായിക്കുന്നവർ അന്യോന്യം പറയുന്ന കുശലപ്രശ്നങ്ങൾക്കും തമാശകൾക്കുമിടയിൽ നിറയുന്ന വാർത്തകൾ പല തരം. കൊലപാതകത്തിന്റെയും അപകടമരണങ്ങളുടെയും ലൈംഗിക കുറ്റകൃത്യങ്ങളുടെയും കഥകളാണധികവും. ദുരൂഹസാഹചര്യത്തിൽ കാണാതായ ലാറി എന്ന പെൺകുട്ടിയുടെയും സംശയകരമായി പെരുമാറുന്ന ഭർത്താവിന്റെയും ചിത്രങ്ങൾ ഒരു ദിവസം പല തവണ കാണിക്കുന്നുണ്ട്, ആഴ്ചകളായി. ഇവിടെ ക്രിമിനലുകളും ഇരകളും ഒരുപോലെ പ്രസിദ്ധർ. നവംബറിൽ നടക്കുന്ന പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ മത്സരിക്കുന്ന ഡെമോക്രാറ്റിക് പാർട്ടി സ്ഥാനാർത്ഥി ജോൺ കേറിയുടെയും സഹ സ്ഥാനാർത്ഥി ജോൺ എഡ്വേർഡിന്റെയും യാത്രാപരിപാടികളും വാർത്തകളിലെ പ്രധാന ഇനമാണ്. അടുത്ത ഒളിമ്പിക്സിനായുള്ള യോഗ്യതാനിർണ്ണയ മത്സരങ്ങൾ വാർത്താസമയം ധാരാളമപഹരിക്കുന്നു. ഇവയ്ക്കെല്ലാമുപരി, 2001 സെപ്ടംബർ 11-ന് നടന്ന വേൾഡ് ട്രേഡ് സെന്റർ ആക്രമണത്തെക്കുറിച്ചന്വേഷിച്ച സെനറ്റ് കമ്മിറ്റി റിപ്പോർട്ടും വിശകലനങ്ങളും വാർത്താപ്രാധാന്യം നേടുന്നു. മാസങ്ങൾ നീണ്ടുന്ന പഠനങ്ങൾക്കും തെളിവെടുപ്പുകൾക്കും ശേഷം ജൂലൈ 22-ന് പ്രസിദ്ധീകരിച്ച റിപ്പോർട്ട് അമേരിക്കൻ രഹസ്യാന്വേഷണ വിഭാഗങ്ങളുടെ രണ്ടിനം പരാജയങ്ങളെക്കുറിച്ചാണു പറയുന്നത്. ഒന്ന്, അൽക്വെയ്ദ ആക്രമണത്തെക്കുറിച്ച് ലഭിച്ചിരുന്ന സൂചനകൾ വേണ്ടുംവണ്ണം ഗൗരവത്തിലെടുക്കാതെയും, വകുപ്പുകൾ തമ്മിൽ ഇവ സംബന്ധിച്ചാവശ്യമായ ആശയവിനിമയം നടത്താതെയുമിരുന്നത്. രണ്ട്, ഇറാക്കിലേക്ക് അമേരിക്കൻ പട്ടാളക്കാരെ അയയ്ക്കാൻ കാരണമാകത്തക്കവിധം സർവ നാശകാരിയായ ആയുധങ്ങളെക്കുറിച്ചു ശേഖരിച്ച വിവരങ്ങളിലെ തെറ്റുകൾ. ഇപ്പോഴത്തെ പ്രസിഡന്റ് ജോർജ് ബുഷിനെയും, മുൻ പ്രസിഡന്റ് ബിൽ ക്ലിന്റനെയും വിമർശനത്തിൽ നിന്നും കമ്മിഷൻ ഒഴിവാക്കിയെങ്കിലും രണ്ടുപേരുടെയും കാലത്ത് സർക്കാരിന്റെ വകുപ്പുകൾ വേണ്ടത്ര ഉത്തരവാദിത്തബോധത്തോടും പരസ്പരധാരണയോടും പ്രവർത്തിച്ചില്ലെന്ന് റിപ്പോർട്ട് കുറ്റപ്പെടുത്തുന്നു.

അമേരിക്കയിൽ ഒരു ദേശീയ സുരക്ഷാ നിയമവും, അതിന്റെയടിസ്ഥാനത്തിൽ സി.ഐ.എ. എന്ന ചാരസംഘടനയും നിലവിൽ വന്നത് 1947-ൽ രണ്ടാം ലോകയുദ്ധത്തിന്റെ ഭാഗമായി ജപ്പാൻ അമേരിക്കയിലെ പേൾ ഹാർബറിൽ ബോംബിട്ടതിനെക്കുറിച്ചുള്ള അന്വേഷണത്തിന്റെ ഫലമായിട്ടാണ്. ഇതുകൂടാതെ, പരസ്പരം പോരിലായിരുന്ന ആർമി, നേവി വകുപ്പുകൾ ഒന്നാക്കി ഒരു പ്രതിരോധവകുപ്പ് സൃഷ്ടിച്ചു; ഒരു സ്വതന്ത്ര വായുസേനയ്ക്ക് രൂപം നൽകി, പദ്ധതി രൂപീകരണത്തിനായി ഒരു ദേശീയ സുരക്ഷാ കൗൺസിലും അന്ന് രൂപീകരിച്ചു. എന്നാൽ അര നൂറ്റാണ്ടിനുശേഷം നടന്ന, ആയിരക്കണക്കിനാളുകളുടെയും കോടിക്കണക്കിന് പണത്തിന്റെയും, നാശത്തിനു കാരണമായ ആക്രമണം തടയാൻ ഈ വകുപ്പുകൾക്കൊന്നും സാധിച്ചില്ലെന്നാണ് സെനറ്റ് കമ്മിറ്റിയുടെ വിലയിരുത്തൽ. ഈ പിടിപ്പുകേട് പരിഹരിക്കാനുള്ള 43 നിർദ്ദേശങ്ങളാണ് റിപ്പോർട്ടിലുള്ളത്. പ്രസക്തഭാഗങ്ങൾ വായിച്ചശേഷം ഞാൻ വീണ്ടും സംഭവസ്ഥലം പോയി കണ്ടു. ആയിരങ്ങൾ ദിവസേന വരുന്ന ഒരു തീർത്ഥാടന കേന്ദ്രമായിട്ടുണ്ട് ഗ്രൗണ്ട് സീറ്റോ (ഭണ്ഡാരം ഒന്നും കണ്ടില്ല!) 'കാനെ' അവാർഡ് നേടിയ മൈക്കിൾ മൂറിന്റെ 'ഫാരൻഹൈറ്റ് നൈൻ ഇലവനും' കണ്ടു. തിങ്ങി നിറഞ്ഞ (ആഴ്ചകൾക്കുശേഷവും) തിയേറ്ററുകളിൽ നിന്ന് പ്രസിഡന്റ് ജോർജ് ബുഷിന്റെ പിടിപ്പുകേടും വിഡ്ഢിത്തങ്ങളും കണ്ട് ജനത്തിന്റെ നിരന്തരമായി പൊട്ടിച്ചിരി കേട്ടു. ഡെമോക്രാറ്റിക്, റിപ്പബ്ലിക്കൻ പാർട്ടികളിലെ അഞ്ച് പേർ വീതം അടങ്ങുന്ന അന്വേഷണക്കമ്മിഷൻ പറയുന്നു : "ആഭ്യന്തര സമിതികൾ ഭീകരാക്രമണ ഭീഷണിക്കെതിരെ ഒരിക്കലും പ്രതികരിച്ചില്ല; അവർക്ക് ദിശാബോധമുണ്ടായിരുന്നില്ല; കാര്യനിർവഹണത്തിന് ഒരു പദ്ധതിയുമുണ്ടായിരുന്നില്ല. രഹസ്യാന്വേഷണവിഭാഗം പരമ്പരാഗതമല്ലാത്ത ആയുധങ്ങളുപയോഗിച്ചുള്ള ആക്രമണത്തെ നേരിടാൻ ഒരുങ്ങിയിരുന്നില്ല." ഞാൻ ചിന്തിച്ചു പോകുന്നു : എന്റെ നാട്ടിലെ സഭയെക്കുറിച്ചാണോ ഈ ആരോപണങ്ങൾ?

ക്രൈസ്തവസഭ ഈ ദിവസങ്ങളിൽ സർക്കാരിനെതിരെ നടത്തുന്ന സമരങ്ങളുടെ വാർത്തകൾ മലയാളം പത്രങ്ങളുടെ ഇന്റർനെറ്റ് എഡിഷനുകളിൽ ഞാൻ കാണുന്നു. സഭയിൽ ധാരാളം വിശ്വാസത്യങ്ങളുടെ പ്രഖ്യാപനങ്ങളുണ്ട്. ആരിൽ നിന്നൊക്കെയൊ ഉള്ള ആക്രമണങ്ങളുടെയും ഭീഷണികളുടെയും പശ്ചാത്തലത്തിലാണ് ഇവയൊക്കെ രൂപപ്പെട്ടത്. ഈ പ്രഖ്യാപനങ്ങൾ വള്ളിപുള്ളി വിടാതെ സൺഡേസ്കൂൾ തലം മുതൽ പഠിപ്പിക്കാൻ സഭ ജാഗരൂകമാണ്. വിശ്വാസികൾ ഇതിൽ നിന്ന് അണുവിട വ്യതിചലിക്കുന്നില്ലെന്നും, അക്ഷരങ്ങളിലും പുള്ളികളിലും ചില വ്യത്യാസങ്ങളുള്ള ഇതര സഭാവിഭാഗങ്ങൾ അവരെ റാഞ്ചുന്നില്ലെന്നും ഉറപ്പുവരുത്താൻ നാം ശ്രദ്ധാലുക്കളാണ്. പള്ളിപ്രസംഗങ്ങളിലും കവലയോഗങ്ങളിലും അതുകൊണ്ട് ആളുകൾക്ക് നാം മുൻകരുതലുകൾ നൽകുന്നു. വില

**ഇന്ന് ക്രൈസ്തവവിശ്വാസത്തിനെതിരെ ഉയരുന്നത് പരമ്പരാഗത ശത്രുക്കളൊ പരിചിത ആയുധങ്ങളൊ അല്ല എന്നത് നാം തിരിച്ചറിയുന്നില്ല . യേശുവിന്റെ ആളത്തമോ, ദൈവിക ത്രിത്വസ്വഭാവമോ, മരിച്ചവരുടെ അവസ്ഥയോ അല്ല ഇന്നത്തെ പ്രധാന ചോദ്യങ്ങൾ. നാം ശ്രദ്ധിക്കാതെ പോകുന്ന, നമ്മുടെ തന്നെ ഉപയോഗവസ്തുക്കളാണ് ഇന്ന് നമുക്കെതിരെ ഉയരുന്ന ആയുധങ്ങൾ.**

ക്കുകൾ ലംഘിച്ച് അക്രമത്തിന് കീഴടങ്ങി വേലി ചാടുന്നവരെ നാം പടിയടച്ച് പിണ്ഡം വയ്ക്കും; ഊരുവിലക്കേർപ്പെടുത്തി കൊല്ലാക്കൊല ചെയ്യും.

എന്നാൽ ഇന്ന് ക്രൈസ്തവവിശ്വാസത്തിനെതിരെ ഉയരുന്നത് പരമ്പരാഗത ശത്രുക്കളോ പരിചിത ആയുധങ്ങളോ അല്ല എന്നത് നാം തിരിച്ചറിയുന്നില്ല . യേശുവിന്റെ ആളത്തമോ, ദൈവിക ത്രിത്വ സ്വഭാവമോ, മരിച്ചവരുടെ അവസ്ഥയോ അല്ല ഇന്നത്തെ പ്രധാന ചോദ്യങ്ങൾ. നാം ശ്രദ്ധിക്കാതെ പോകുന്ന, നമ്മുടെ തന്നെ ഉപയോഗവസ്തുക്കളാണ് ഇന്ന് നമുക്കെതിരെ ഉയരുന്ന ആയുധങ്ങൾ. (അൽക്വയ്ദ ഉപയോഗിച്ചത് അമേരിക്കക്കാരന്റെ യാത്രാവാഹനം തന്നെയാണ്.) നമ്മുടെ സ്ഥാപനങ്ങൾ, അതുകൊണ്ടുണ്ടാകുന്ന സ്ഥാനമാനങ്ങൾ, ധനം, അധികാരം ഇവയെല്ലാമാണ് ഇന്ന് നമുക്കെതിരെ ഉയർന്നുനിൽക്കുന്ന നാശകാരികളായ ആയുധങ്ങൾ. അവ എത്ര പേരെയാണ് ആത്മഹത്യ ചെയ്യിക്കുന്നത്, എത്ര പേരുടെ ജീവിതമാണ് ദുരിതമാക്കുന്നത്; എത്ര പേരാണ് നിരാശാരോഗം ബാധിച്ചലയുന്നത്! ഈ പുതിയ ആയുധങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ സഭകൾ പരസ്പരം കൈമാറുന്നുണ്ടോ? ഇവയുടെ ആക്രമണത്തിൽ നിന്നും ക്രിസ്തുവിനെയും ക്രൈസ്തവികതയെയും രക്ഷിക്കാൻ നാം എന്തെങ്കിലും ചെയ്യുന്നുണ്ടോ?

ഇതെഴുതുമ്പോൾ വീണ്ടും ചില അമേരിക്കൻ നഗരങ്ങളിൽ ആക്രമണഭീഷണി ഉയർന്ന് 'ഹൈ അലർട്ട്' സന്ദേശമുണ്ടെന്ന് വാർത്ത പറയുന്നു. ഇപ്രാവശ്യം കാർ-ട്രക് ബോംബുകളുപയോഗിച്ച് പ്രധാന ധനകാര്യസ്ഥാപനങ്ങൾ ആക്രമിക്കുമെന്നാണത്രെ രഹസ്യവിവരം. പരമ്പരാഗതത്വത്തിൽ നിന്ന് ആർക്കും ഒരിക്കലും മോചനമില്ലെന്നു സാരം. അമേരിക്കൻ പ്രസിഡന്റ് തിരഞ്ഞെടുപ്പ് അടുത്തുവരുന്ന ഈ സമയത്ത് റിപ്പോർട്ടിന്മേൽ വലിയ നടപടിയൊന്നുമുണ്ടാവില്ലെന്ന് ന്യൂയോർക്ക് ടൈംസ് പറയുന്നു. സ്വാശ്രയ സ്ഥാപനങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാനുള്ള തിരക്കിൽ എന്റെ നാട്ടിലെ സഭയിലും ഒന്നും സംഭവിക്കാൻ സാദ്ധ്യതയില്ലെന്ന് എന്റെ മനസ്സ് പറയുന്നു. ●

## യുഗപുരുഷൻ *(പേജ് 4 തുടർച്ച)*

തന്നെ ഇന്ത്യക്കാർക്ക് അദ്ദേഹം ബാപ്പുജിയും മഹാത്മാവും പുണ്യവാളനും ആയിരുന്നു. അത്തരമൊരു ആദരവിൽ ദേശീയ വൈകാരികത്വത്തിന്റെ ഒരു സ്പർശമുണ്ടായിരുന്നിരിക്കാം. എന്നാൽ ഇന്ത്യൻ ദേശീയ വികാരത്തിൽ ഉൾപ്പെടാത്തവർ പോലും ആ മനുഷ്യന്റെ ചരിത്രപരമായ പ്രാധാന്യം അംഗീകരിച്ചു. ആർണോൾഡ് ടോയൻബിയെപ്പോലെ സൂക്ഷ്മനിരീക്ഷണപടുവായ ചരിത്രകാരൻ എഴുതി: **'മനുഷ്യചരിത്രത്തിൽ ഗാന്ധിജിയുടെ സ്വാധീനം സ്റ്റാലിന്റേതിനേക്കാളുമോ ഹിറ്റ്ലറുടേതിനേക്കാളുമോ മഹത്തരവും കൂടുതൽ കാലം നിലനിൽക്കാൻ പോകുന്നതുമാണെന്ന് ആത്മവിശ്വാസത്തോടെ പ്രവചിക്കാൻ കഴിയും.'**

ഗാന്ധി വെറുമൊരു ഇന്ത്യൻ പ്രതിഭാസമായിരുന്നില്ലെന്ന നിഗമനമാണ് ടോയൻബിയുടെ വിലയിരുത്തലിൽ ധ്വനിച്ചിരുന്നത്. നീതിയുടെയും ധർമ്മത്തിന്റെയും തത്വചിന്തയുടെ ചട്ടക്കൂട്ടിലേക്ക് സ്വാതന്ത്ര്യസമരത്തെ യോജിപ്പിച്ചുകൊണ്ട്, ഏതാണ്ട് ഒരേസമയത്ത് സ്വാതന്ത്ര്യം പ്രഖ്യാപിച്ച ചൈനയടക്കമുള്ള മറ്റു രാഷ്ട്രങ്ങൾക്ക് നിഷേധിക്കപ്പെട്ടിരുന്ന ഔന്നത്യം അദ്ദേഹം ഇന്ത്യയ്ക്ക് നേടിക്കൊടുത്തു. ഗാന്ധിയുടെ ശ്രമഫലമായി അധികാരത്തിൽ വന്ന ഭരണകൂടങ്ങൾ ആ ഔന്നത്യം അതിവേഗം നഷ്ടപ്പെടുത്തിയെന്നത് മറ്റൊരു കാര്യം. ഇന്ത്യയുടെ അപചയം ഗാന്ധിയുടെ നിരാകരണമായില്ല. മറിച്ച്, തന്റെ അനുയായികളെന്നു കരുതപ്പെട്ടവർ ഗാന്ധിയൻ തത്വങ്ങളെ അവഗണിച്ചതിന്റെ അനന്തരഫലമായാണ് അത് കാണപ്പെട്ടത്.

ഇവിടെയാണ് ഗാന്ധിയുടെ ചൈതന്യത്തിന്റെ സാരം നാം കാണുന്നത്. അദ്ദേഹത്തിന്റെ വ്യക്തിത്വമോ, കർമ്മപദ്ധതികളുടെ അന്തഃസത്തയോ ഇന്ത്യയിൽ ഒതുങ്ങി നിൽക്കുന്നില്ല. ചരിത്രത്തിന്മേലുള്ള അദ്ദേഹത്തിന്റെ സ്വാധീനത്തിന്റെ ശരിയായ വലിപ്പം കുടികൊള്ളുന്നത് തന്റെ ഇന്ത്യൻ ദൗത്യത്തിന്റെ പൂർത്തീകരണത്തെ ആശ്രയിച്ചല്ല. സമകാലികരുടെ കാര്യത്തിൽ അങ്ങനെയായിരുന്നു. സ്വാതന്ത്ര്യത്തിന്റെ ഐതിഹാസിക പോരാട്ടത്തിൽ അദ്ദേഹത്തോടൊപ്പം അണിനിരന്ന മറ്റുള്ളവർ–ജവഹർലാൽ നെഹ്റുവും **സർദാർ പട്ടേലുമടക്കമുള്ളവർ–ഇന്ത്യയിലും ഇന്ത്യയ്ക്കുവേണ്ടിയും ചെയ്തതിന്റെ പേരിൽ ഓർമ്മിക്കപ്പെടും. അവർ അടിസ്ഥാനപരമായി ഇന്ത്യയുടെ മാത്രം ആത്മശക്തിയെ പ്രതിനിധീകരിച്ച നേതാക്കന്മാരായിരുന്നു. ആലോചിച്ചുനോക്കിയാൽ, ഒരു പുതിയ രാഷ്ട്രത്തിനു ജന്മം നൽകിയ ജിന്നയും അപ്രകാരമായിരുന്നു.** ഗാന്ധി അവരെക്കാളുമുപരിയായി വർത്തിച്ചു. കാരണം, മനുഷ്യരാശിക്കു മുഴുവനും പ്രസക്തമായ ആശയങ്ങളെയും സിദ്ധാന്തങ്ങളെയുമാണ് അദ്ദേഹം കൈകാര്യം ചെയ്തത്. കാലക്രമേണ ബുദ്ധനു പറ്റിയ നിയോഗം ഗാന്ധിക്കും ഉണ്ടായി. ജനിച്ച മണ്ണിൽ, ബുദ്ധിസത്തിനു പറ്റിയതുപോലെ ഗാന്ധിസത്തിനും പ്രസക്തിയില്ലാതായി. എന്നാൽ അന്യദേശങ്ങളിലെ ജനവിഭാഗങ്ങൾ ബുദ്ധിസത്തെ സ്വീകരിച്ചതുപോലെ ഗാന്ധിസത്തെയും സ്വീകരിച്ചു. അതിന്റെ തത്വങ്ങളിൽ അർത്ഥവത്തായ ഒരു ജീവിതത്തിന്റെ പ്രത്യാശയെയാണ് അവർ കണ്ടത്. സത്യവുമായുള്ള ഗാന്ധിയുടെ നിരന്തരമായ ഇടപെടലിന്റെ ഒരു ഭാഗം മാത്രമായിരുന്നില്ലേ ഇന്ത്യയുമായുള്ള അദ്ദേഹത്തിന്റെ ഇടപെടൽ എന്നു തോന്നിപ്പോകും. പ്രശസ്ത നോവലിസ്റ്റ് രാജാറാവു വളരെ സാരവത്തായ കൃതിയിൽ എഴുതി: 'ഗാന്ധിജിക്ക് ഇന്ത്യ ഒരു സാർവലൗകിക ആദർശത്തിന്റെ പ്രതീകം മാത്രമായിരുന്നു; ഗാന്ധിജിക്ക് എല്ലാ രാജ്യങ്ങളും ഇന്ത്യയായിരുന്നു.' ഈ പരിപ്രേക്ഷ്യത്തിലൂടെ നാം അദ്ദേഹത്തെ വീക്ഷിക്കുമ്പോൾ, ***അദ്ദേഹത്തിന്റെ ജീവിതത്തിന്റെയും ചിന്തയുടെയും അത്യുൽക്കൃഷ്ടമായ മേന്മയായിരുന്നു ഗാന്ധിയെ ഗാന്ധിയാക്കിയതെന്ന് നാം മനസ്സിലാക്കുന്നു.*** സ്നേഹം വിദ്വേഷത്തേക്കാൾ ഉൽക്കൃഷ്ടമാണെന്നും, നന്മ തിന്മയേക്കാൾ ശ്രേഷ്ഠമാണെന്നുമുള്ള കാലപ്പഴക്കം ചെന്ന സിദ്ധാന്തത്തിന്റെ മഹത്വത്തെ ഗാന്ധി മൂർത്തീകരിക്കുന്നു. വിദ്വേഷത്തിലും തിന്മയിലും കീഴടക്കലിലും മഹത്വം കെട്ടിപ്പടുത്ത ചരിത്രത്തിലെ മഹാന്മാരായ വ്യക്തികൾ വിസ്മൃതിയിലാണ്ടുപോയി. മഹാനായ അലക്സാണ്ടർ ചക്രവർത്തി അവിശ്വസനീയമായ 33-ാം വയസ്സിൽ ഹതാശയനും പരാജിതനുമായി ദാരുണമായാണു മരിച്ചത്. സ്വദേശമായ മാസിഡോണിയയിൽ പോലും അദ്ദേഹത്തിന്റെ മഹത്വത്തിന്റെ യാതൊന്നും ഇന്ന് അവശേഷിക്കുന്നില്ല. **കൊലപാതകത്തിലും കീഴടക്കലിലും കെട്ടിപ്പടുത്ത മഹത്വം മാഞ്ഞുപോകുന്നു. കാരുണ്യത്തിൽ നിന്നും സേവനത്തിൽ നിന്നും ഉതിർന്നുവരുന്ന മഹത്വം നിലനിൽക്കുന്നു.** ബുദ്ധൻ നിലനിൽക്കുന്നു, ക്രിസ്തു നിലനിൽക്കുന്നു. **ഉപനിഷത്തുകളിലെ അജ്ഞാതരായ ചിന്തകർ** നിലനിൽക്കുന്നു. **അത്തരമൊരു** പാരമ്പര്യമാണ് ഗാന്ധി നമ്മുടെ കാലഘട്ടത്തിലേക്കു കൊണ്ടുവന്നത്. ഇന്ത്യയെ കുഴപ്പത്തിലേക്കു നയിച്ച ഗാന്ധിയന്മാർ അദ്ദേഹത്തെ നിരാശനാക്കിയിട്ടുണ്ടാവും. ഇതിനു സമാന്തരമായാണ് ശണ്ഠ കൂടുന്ന ബുദ്ധിസ്റ്റുകളും ചൂഷണം ചെയ്യുന്ന ക്രിസ്ത്യാനികളും ഈയിടെയായി അസഹിഷ്ണുക്കളായ ഹിന്ദുക്കളും തങ്ങളുടെ ആചാര്യന്മാരെ നിരാശരാക്കുന്നത്.

മറ്റുള്ളവരിൽ നിന്ന് കൈക്കലാക്കാവുന്നതെല്ലാം കൈക്കലാക്കുന്നതിനുപകരം മറ്റുള്ളവർക്കു കൊടുക്കാവുന്നതെല്ലാം കൊടുക്കുമ്പോഴാണ് മഹാത്മാക്കളുണ്ടാകുന്നത്. ശരീരബലം കൊണ്ടല്ല, മനസ്സുകൊണ്ട് ലോകത്തെ നയിക്കാമെന്ന് നമ്മെ പഠിപ്പിക്കാനായി അവർ അവതരിക്കുന്നു. യുഗപുരുഷൻ പ്രചരിപ്പിച്ച പ്രത്യാശയുടെ സന്ദേശം മരിക്കുന്നില്ല. ഗാന്ധിക്കു മരണമില്ല.

*(കടപ്പാട്)*

# RANDOM THOUGHTS

Rt. Rev. Dr. A. George Ninan, New Jersey

I am seventy now. 70 years is a good time to engage in serious reflections and to communicate to others one's experiences and lessons learned. I have been in the service of the Church for 50 years now, joining as a worker of the CSI Madhya Kerala Diocese at the Christian Institute, Alleppey. I also completed 10 years as a Bishop of CNI and 40 years as a presbyter. So I have to be thankful to God for so many blessings.

I was brought up in Alleppey where my father was employed in a coir factory. I had my early education in Hindu schools and colleges. I do not remember attending Christian Conventions, Fellowship meetings etc., except during my visits to my grandparents in Kaviyoor, a rural village. In the rural setting in Kerala, one form of entertainment for the CSI and Mar Thoma Christians was the conventions and fellowship gatherings. In Alleppey, movies, and clubs provided more secular avenues and the influence of the Church was not strong. So I was brought up in a rather secular, pluralistic and cosmopolitan environment. I look back and affirm this as a major factor which has made me liberal in my attitude and open to different cultures, religions and ideologies. Having been brought up in a small industrial town, I have seen extreme poverty and immense wealth existing side by side. I Those who spoke about social justice were labelled as "Communists" and our town was known at that time as the "Moscow" of India. I was on the side of the left parties very much for a few years. But when I came to the feet of Jesus, I found in Him a source and hope for love and justice. This was strengthened by my association with the Student Christian Movement. My wife, Rachel, has been a part of this growth since we met in Alleppey through the SCM in the '50s and later married in '61.

Our youth are carriers of hope for the future of the Church and society. In my last two months of life in the USA, this reality has become more focussed in my own experience. I find the older people of the Indian immigrant community rather reluctant to venture out of their cultural experiences. They feel safe within the fences they have erected for themselves. They also tend to expect their children to be similarly fenced in, as they fear the worst if they should transcend these. Hence there is a tension between the youth and the older generation. These self-imposed barriers prevent the immigrant community from learning and adapting new, healthy values from the context in which they "live and have their being." The immigrant ethnic religious institutions are the main factors in the maintenance of this fence. Rather than enjoying a wholeness of life, many are contented by the economic advantage they get in this country and deny outright the culture, people and even the good in the cultures they interact with. Religions as a whole, and particularly the churches of India operating here in the States play a prominent role in perpetuating this condition.

The Church is supposed to be a major carrier of change. But, in practice, the Church has become the champion of stagnancy, institutionalism and maintenance of *status quo*. The influence of money and power tend to blind the vision of the leadership. The membership is comfortable with it. Hence the great reservoir of spirituality and the power of the Holy Spirit are also fenced in. The youth, in this situation, have the potential to transcend the fence and while upholding the values of their heritage, learn and adapt the concept of "global village" and the reality of local identity, new challenges to marriage and family, etc. The older generation do not want to address these issues. They take shelter in the religious practices of their younger days. . Yes, they are afraid of the changes they see around them. Willingness to change is a major spiritual exercise. The religious leaders of Jesus' time did not want to review their concept of the Messiah. So they killed Jesus. The same spirit is dominating the thinking of us all. We would rather destroy emerging ideas and new revelations along with those who proclaim them, rather than re-examining our own concepts and ideas.

It is amazing that the Christian leadership as a whole is endowed with great insight to articulate radical views with great conviction. The leadership of the Mar Thoma Church stands prominent in this regard. Though I have had only very little personal knowledge of the late Yuhanon Mar Thoma, the vivid memory of my personal interaction with him will always remain afresh. In early 1962 in Ernakulam, there was

The Church is supposed to be a major carrier of change. But, in practice, the Church has become the champion of stagnancy, institutionalism and maintenance of *status quo.* The influence of money and power tend to blind the vision of the leadership.

an "echo meeting" of the WCC Assembly held in New Delhi the previous year. Since I had attended the Assembly as a youth delegate from CSI, I was one of the speakers along with the Metropolitan and Dr. M.M.Thomas. I do not think that I made any impact with my speech but the Metropolitan was very encouraging and affectionate though I was from a different church and had nothing to do with him at that time. Transport facilities were not very good in those days. After the meeting, as I was about to start my journey back to Alleppey, I was very much surprised when the Metropolitan asked me to ride with him and instructed his driver to go via Alleppey. He dropped me in front of my house before gladly setting out on the extra miles he had to travel.

I have many memories of my association with the present Metropolitan, Mar Chrysostom. In 1978, at a very difficult meeting of CASA in Bangalore, where I had to champion the cause of justice and risk becoming unpopular, he took me aside during a coffee break and with great emotion congratulated me and said "people like you should stay in the church and fight, and not leave it." Again, when I had to expose the "politics" of some, he voted with me, thereby affirming his solidarity. The other day someone gave me a book entitled "Metropolitan Chrysostom on Mission in the Marketplace", published in 2002. I found it very refreshing and relevant. I have observed that, in general, we have very good leaders and they do challenge us to lofty ideas about our faith. But the majority of the membership seems to be oblivious to all this and are carrying on a life "in bondage" - of self-interest, arrogance in their faith and tradition, ritual, and wearing their faith on their sleeves rather than in their hearts. I am talking about Christians in general.

Both the CNI and the CSI have also produced many outstanding leaders in the past. I remember with gratitude that I had been personally influenced by people like Sadhu Mathaichen, C. John Mathai, Sister Rachel John of the Bethel Ashram, Rev. A.C.Oommen, Bishop John Sadiq of Nagpur, Bishop Wickramasinghe of Sri Lanka and others. They all projected a different style of leadership. I believe that singing praises of the past is a sign of aging. But today who do we look up to? The power of money and position has become a major factor in all churches. Principles are sacrificed; people are confused. Preaching and action are alien to each other, self-interest dominates, a prosperity culture has come to stay. Many are flocking around the Church while several serious minded people are getting alienated. Divisions and conflicts are driving the youth away. This may not be a bad thing at all. Maybe the time has come for the religions as a whole to lose themselves and "die" so that something new, relevant and genuine can emerge......The grain has to die to give a new yield. But it has to be a conscious, self-emptying act and not the process of decay that is taking place now. This sort of decay will not only stink but also will eventually lead to death. But a positive desire to recreate, renew and be more fruitful is the need of the time.

നവജീവോദയം ബൈബിൾ കോളജ്

നവജീവോദയം സെന്റർ, തിരുവല്ല

NAVAJEEVODAYAM BIBLE COLLEGE

ഫോൺ : 0469-2700672, 2636041

2005 ജനുവരിയിൽ ആരംഭിക്കുന്ന C.Th., Dip.Th., B.Th. കോഴ്സുകളിൽ പ്രവേശനത്തിന് അപേക്ഷകൾ ക്ഷണിക്കുന്നു. SSLC / PDC / Plus Two / Degree പാസ്സായ ക്രിസ്തീയ യുവതീയുവാക്കൾക്ക് സഭാ വ്യത്യാസമെന്യേ അപേക്ഷിക്കാവുന്നതാണ്.

- ★ പഠനശേഷം ഇൻഡ്യയിലെ വിവിധ ക്രിസ്തീയ സംഘടനകളിൽ പ്രവർത്തിക്കുവാനുള്ള അവസരം.
- ★ ക്രിസ്തീയ പ്രവർത്തനങ്ങൾക്കു പ്രയോജനപ്പെടുന്ന രീതിയിലുള്ള വിദഗ്ധമായ കംപ്യൂട്ടർ പരിശീലനം.
- ★ ദമ്പതികൾക്ക് ദൈവവചനം പഠിക്കുവാനുള്ള ക്രമീകരണം.
- ★ വിവിധരംഗങ്ങളിൽ പ്രവർത്തിച്ചശേഷം ക്രിസ്തീയ പ്രവർത്തനത്തിനു തീരുമാനമെടുത്ത് കടന്നുവരുന്ന വ്യക്തികൾക്ക് പ്രായപരിധിയിൽ ഇളവുകൾ.

അപേക്ഷാഫോമിനും സ്കോളർഷിപ്പ് സംബന്ധിച്ച വിവരങ്ങൾക്കും താഴെക്കാണുന്ന വിലാസത്തിൽ എഴുതുക.

DEAN OF ADMISSIONS
BIBLE COLLEGE, NAVAJEEVODAYAM CENTRE
P. O. BOX NO. 16, THIRUVALLA - 689 101

# ചൂടും തണുപ്പും: വിയർപ്പും വിറയലും



ഡോ. ജോർജ് എം. തോമസ്

അന്തരീക്ഷത്തിലെ താപനില ഉയരുമ്പോൾ ശരീരം വിയർക്കുന്നു; താപനില താഴുമ്പോൾ ശരീരം വിറയ്ക്കുന്നു. ഇതിന്റെയൊക്കെ ആവശ്യമെന്താണ്? വിയർപ്പ് നീരാവിയായി മാറുമ്പോൾ അതിനാവശ്യമായ ലീനതാപം (latent heat) ശരീരത്തിൽ നിന്ന് എടുക്കുന്നതിനാൽ ശരീരം തണുക്കുന്നു. എളുപ്പത്തിൽ തണുപ്പിക്കാൻ വിശറിയുപയോഗിച്ച് വീശുകയോ ഇലക്ട്രിക് ഫാൻ പ്രവർത്തിപ്പിക്കുകയോ ആവാം. വിറയ്ക്കുമ്പോൾ ഗതികോർജ്ജം (kinetic energy) താപമായി മാറുകയും അത് ശരീരത്തിനു ലഭിക്കുകയും ചെയ്യുന്നു. അങ്ങനെ തണുപ്പ് മാറുന്നു. വേണമെങ്കിൽ, തണുപ്പ് മാറാൻ കമ്പിളി വസ്ത്രങ്ങൾ ധരിക്കാം. ഉള്ള ചൂട് കമ്പിളിയിൽക്കൂടി നഷ്ടപ്പെടുകയില്ല. മുഖം മൂടേണ്ടയാവശ്യമില്ല. കാരണം, മുഖത്ത് ധാരാളം രക്തയോട്ടമുള്ളതുകൊണ്ട് അങ്ങനെ തണുക്കുകയില്ല. അതൊരു വലിയ കാര്യം തന്നെ. കണ്ണു കണ്ട് നടക്കാമല്ലോ.

ചൂട്, തന്മാത്രകളുടെ ഊർജ്ജമാണ്. ഒരു പദാർത്ഥത്തിന്റെ അതേ സ്വഭാവമുള്ള ഏറ്റവും ചെറിയ ഘടകമാണ് തന്മാത്രകൾ (molecules). ഒരു സംയുക്ത പദാർത്ഥത്തിൽ ഒന്നിലധികം അണുക്കൾ (atoms) തന്മാത്രകളിൽ കാണും. ഉദാ: വെള്ളം ഒരു സംയുക്തമാണ്. രണ്ട് ഹൈഡ്രജൻ ആറ്റവും ഒരു ഓക്സിജൻ ആറ്റവും ചേർന്നതാണ് $H_2O$ എന്ന ജലതന്മാത്ര. ഇതു വളരെ ചെറുതായതിനാൽ നമുക്ക് കാണാൻ പറ്റില്ല; എത്ര വലിയ മൈക്രോസ്കോപ്പ് ഉപയോഗിച്ചാലും സാധ്യമല്ല. ഒരു ഗ്ലാസ് വെള്ളമെടുത്ത് അതിന് ഭൂമിയുടെ വലിപ്പം കൊടുത്താൽ അതിലെ ഓരോ തന്മാത്രയ്ക്കും ചെറുനാരങ്ങയുടെ വലിപ്പമേ കാണൂ. ഭൂമിയുടെ വലിപ്പത്തിൽ നിറയ്ക്കണമെങ്കിൽ എത്ര ചെറുനാരങ്ങ വേണ്ടി വരുമെന്ന് ഓർത്തു നോക്കിയാൽ മതി!

തന്മാത്രകൾക്ക് ഊർജ്ജം കിട്ടിയാൽ അവ എന്തു ചെയ്യും? വിറയ്ക്കും, നിന്നുകൊണ്ട് കറങ്ങും. മറ്റു തന്മാത്രകളുമായി കൂട്ടിയിടിച്ച് ഊർജ്ജം പകർന്നുകൊടുക്കും. ഓരോ തന്മാത്രയുടെയും വേഗതയ്ക്കും ദിശയ്ക്കും സ്ഥാനത്തിനും മാറ്റം വന്നുകൊണ്ടിരിക്കും. അങ്ങനെ, തികച്ചും ക്രമരഹിതമായ ഊർജ്ജമായി രൂപാന്തരപ്പെടുന്നു. ഈ അവസ്ഥയ്ക്ക് ഗണിതശാസ്ത്രത്തിൽ പ്രത്യേക നിയമങ്ങളുണ്ട്. ഓരോ അവസ്ഥയുടെയും പ്രോബബിലിറ്റിയാണ് കണക്കിലെടുക്കുന്നത്. എന്നാൽ, ഈ തന്മാത്രകൾ നൃത്തം ചെയ്ത് കൂട്ടിയിടിച്ച് ദിശ മാറി സഞ്ചരിക്കുന്നത് കാണാൻ പറ്റില്ലല്ലോ. കഷ്ടം തന്നെ. ഇങ്ങനെയിരിക്കവേ തന്മാത്രകളുടെ സഞ്ചാരം കാണുവാനും ഫോട്ടോ എടുക്കുവാനുമുള്ള ഒരു പദ്ധതി റോബർട്ട് ബ്രൗൺ എന്ന ശാസ്ത്രജ്ഞൻ കണ്ടുപിടിച്ചു. വളരെ ചെറിയ ചില സസ്യ ബീജങ്ങളുണ്ട്. അവ വെള്ളത്തിൽ തിങ്ങി നിൽക്കും. വെറുതെ നിൽക്കാൻ തന്മാത്രകൾ അവയെ അനുവദിക്കില്ല. ഈ ബീജങ്ങളെ മൈക്രോസ്കോപ്പിൽ കൂടി കണ്ട് തന്മാത്രകളുടെ ചലനം മനസ്സിലാക്കാൻ സാധിക്കും. തന്മാത്രകളുടെ തുള്ളൽ നിമിത്തം ഉണ്ടാകുന്ന ബീജചലനമാണ് ഇവിടെ നാം ദർശിക്കുക. ഇതിനെ Brownian Movement എന്നു വിളിക്കുന്നു.

ഊർജ്ജത്തിന്റെ ഉറവിടമേത്? ഊർജ്ജം എങ്ങനെ താപമായി? തന്മാത്രകളുടെ ക്രമം തെറ്റിയ ഊർജ്ജമാണല്ലോ ചൂട്. മൂന്നു മാർഗ്ഗങ്ങളിലൂടെ ചൂടുണ്ടാക്കാൻ കഴിയും. ഒന്ന്, ഘർഷണം (friction). ക്രമമുള്ള യാന്ത്രികോർജ്ജമാണിത്. കൈകൾ തമ്മിൽ കൂട്ടിയുരച്ചാൽ ഘർഷണം മൂലമുള്ള ഊർജ്ജം ക്രമരഹിതമായ ഊർജ്ജമായിത്തീരുന്നു; കൈകൾ ചൂടാകുന്നു. ഒരു കുപ്പിയിൽ വെള്ളമെടുത്തശേഷം കുപ്പി കുലുക്കിയാൽ വെള്ളം ചൂടാകുന്നു. കുലുക്കിന്റെ ഗതികോർജ്ജം ജലതന്മാത്രകളുടെ ക്രമരഹിതമായ ഊർജ്ജമായി മാറുന്നു ഇവിടെയെല്ലാം, ഊർജ്ജത്തിന്റെ നീക്കം ക്രമത്തിൽ നിന്ന് ക്രമരാഹിത്യത്തിലേക്കാണ് (from order to disorder). എന്നാൽ, തിരിച്ചു കുലുക്കി കുപ്പിയിലെ ചൂട് കൈയുടെ ഗതികോർജ്ജമായി മാറ്റാനാകുമോ? അതായത്, ഊർജ്ജത്തിന് ക്രമരാഹിത്യത്തിൽ നിന്ന് ക്രമത്തിലേക്കു പോകാൻ പറ്റുമോ? മറ്റൊരു ഉദാഹരണമെടുക്കാം. ഒരാൾ സൈക്കിളിൽ ഇറക്കമിറങ്ങി വരുന്നു. ബ്രേക്ക് പിടിച്ച് സൈക്കിൾ നിർത്തുന്നു. ഊർജ്ജമെല്ലാം ബ്രേക്കു കട്ട ചൂടാക്കുന്നു. ക്രമരഹിതമായ ഈ ഊർജ്ജം തിരികെ സൈക്കിളിന്റെ ഗതികോർജ്ജമാക്കി, സൈക്കിൾ ചവിട്ടാതെ കയറ്റം കയറിപ്പോകാനാകുമോ? ഇതൊന്നും നടപ്പാകില്ല. ചില നിയമങ്ങൾ പാലിക്കേണ്ടതുണ്ട്. ക്രമരാഹിത്യത്തിന്റെ അളവാണ് എൻട്രോപ്പി (entropy). ഇതിനൊരു നിയമമുണ്ട്. ഒരു വസ്തുവിന്റെ ഊർജ്ജത്തിന്റെ അവസ്ഥയിൽ വ്യത്യാസമുണ്ടാകുമ്പോൾ, അതു മൂലം ക്രമരാഹിത്യം (അതായത്, എൻട്രോപ്പി) വർധിക്കും. അല്ലാതെ, കുറയുകയില്ല. ഘർഷണം കൂടാതെ, വൈദ്യുതിയുപയോഗിച്ചും രാസപ്രവർത്തനം മൂലവും ചൂടുണ്ടാക്കാൻ കഴിയും. സർവോപരി, സൂര്യനിൽ നിന്ന് ചൂട് ലഭിക്കുന്നു. ഈ താപമെല്ലാം എൻട്രോപ്പി നിയമത്തിനു വിധേയമാണ്.

ചാണ്ടിച്ചേട്ടന് കുരുമുളകു കച്ചവടമാണ്. കണ്ടാൽ തിരിച്ചറിയാൻ വയ്യാത്ത കുറെ സിമന്റ് ഗുളികകൾ കലർത്തിയിളക്കിയപ്പോൾ കുരുമുളകിനു നല്ല തൂക്കം, നല്ല ലാഭം. എൻട്രോപ്പിയും ചാണ്ടിച്ചേട്ടനു തുണയായി. ഒരിക്കൽ കൂട്ടിയിളക്കിയാൽപ്പിന്നെ മറിച്ചും തിരിച്ചും ഇളക്കിയാലും ക്രമരാഹിത്യം കുറയുകയില്ല. ഒരു കൂന കുരുമുളക് ഒരിടത്ത്. സമീപെ, മറ്റൊരു കൂന സിമന്റ് ഗുളിക. തമ്മിൽ കൂട്ടിയിളക്കാനാരംഭിച്ചതിന്റെ വീഡിയോ ഫോട്ടോയും എടുത്തു. ഫോട്ടോ തിരിച്ചോടിച്ചാൽ കുരുമുളകും സിമന്റ് ഗുളികകളും പഴയ പാതയിൽ പുറകോട്ടോടി രണ്ടു കൂനകളിൽ ചെന്നവസാനിക്കും. ക്രമരാഹിത്യം ക്രമമായി. പക്ഷേ, അത് ഫോട്ടോയിൽ മാത്രം.

തീവണ്ടിയും കാറും ഓടുമ്പോൾ ഗതികോർജ്ജമുണ്ട്. ക്രമരഹിതമായ ആവിയാണ് ഇന്ധനം. അതു മുഴുവനും വാഹനം ഓടിക്കാൻ ഉപയോഗിക്കുന്നില്ല. ഒരംശം ക്രമരാഹിത്യം (എൻട്രോപ്പി) വർധിപ്പിക്കുന്നു. താപോർജ്ജം മുഴുവൻ യാന്ത്രികോർജ്ജമാകണമെങ്കിൽ ക്രമം തെറ്റി ചലിക്കുന്ന തന്മാത്രകളെല്ലാം ഒരേ ദിശയിൽ ചലിക്കണം. ചൂട് ഉൾക്കൊണ്ട ഒരു അവസ്ഥയ്ക്ക് വ്യത്യാസമുണ്ടാകുമ്പോൾ ക്രമരാഹിത്യം മൊത്തത്തിൽ വർധിക്കും. ഒരു ഭാഗത്ത് ക്രമം വർധിച്ചാൽ മറ്റൊരു ഭാഗത്ത് ക്രമം കുറയും.

ചൂടിന്റെ സഞ്ചാരം മൂന്നു വിധത്തിലാണ്. **(1) ചാലനം (conduction).** ഖരവസ്തുക്കളിൽ താപനില കൂടിയ ഭാഗത്തു നിന്ന് താപനില കുറഞ്ഞ ഭാഗത്തേക്കുള്ള സഞ്ചാരമാണിത്. തന്മാത്രകൾ



# വിലക്കപ്പെട്ട കനി

(തുടർച്ച)

പാപത്തിന്റെ കൂലി മരണമാണെന്ന് ബൈബിൾ സംശയരഹിതമായി പ്രഖ്യാപിച്ചിട്ടുണ്ട്. ഏദൻതോട്ടത്തിന്റെ മധ്യേ നിൽക്കുന്ന വൃക്ഷത്തിന്റെ ഫലം തിന്നാൽ മരിക്കുമെന്നാണ് ദൈവം നൽകിയ മുന്നറിയിപ്പ്. ദൈവകല്പന ലംഘിച്ച്, വിലക്കപ്പെട്ട ഫലം തിന്ന്, അരുതാത്ത അനുഭവങ്ങളിലേക്കു പ്രവേശിച്ച് പാപം ചെയ്തപ്പോൾ മനുഷ്യന് എന്തു സംഭവിച്ചുവെന്ന് ഏദനിലെ പ്രലോഭനത്തിന്റെ കഥ വ്യക്തമാക്കുന്നു. പാപം ചെയ്ത മനുഷ്യൻ ഇവിടെ ശാരീരികമായി മരിക്കുന്നില്ല. അതുകൊണ്ട് മരണത്തിന്റെ ആദ്ധ്യാത്മികമായ അർത്ഥമെന്തെന്ന് നമുക്ക് അന്വേഷിക്കേണ്ടി വന്നു. സാധാരണ വ്യവഹാരങ്ങളിലുമുണ്ട് മരണത്തിന് അസാധാരണമായ അർത്ഥം കല്പിക്കൽ. 'വീരൻ ഒരിക്കലേ മരിക്കൂ; ഭീരു അനേക വട്ടം മരിക്കുന്നു' എന്ന ചൊല്ലിലെ രണ്ടാമത്തെ മരണം ചത്തു പോകലല്ല. അതുകൊണ്ട്, പാപത്തിന്റെ ഫലം എന്തൊക്കെയായിരുന്നുവെന്ന് പരിശോധിക്കേണ്ടതുണ്ട്.

വിലക്കപ്പെട്ട കനി ഭുജിച്ച ആദം ഹവ്വമാർ തങ്ങൾ നഗ്നരാണെന്നു കണ്ട് ലജ്ജിക്കുകയും അത്തിയില തുന്നി നഗ്നത മറയ്ക്കുകയും ചെയ്തു. നഗ്നതാബോധവും ലജ്ജയും ഉണ്ടാകുന്നത് അനന്യതാബോധവും നിഷ്കളങ്കതയും നഷ്ടപ്പെടുമ്പോഴാണ്. കനി ഭക്ഷിക്കുന്നതുവരെ അവർ വേറെ വേറെ ആയിരുന്നില്ല. അവർ പരസ്പരവും പ്രകൃതിയോടും ചുറ്റുമുള്ള ജീവജാലങ്ങളോടും വേറെ എന്ന ഭാവമില്ലാതെ, നിഷ്കളങ്കതയുടെ പൂർണ്ണതയിൽ ഏകീഭവിച്ച്, സന്തോഷിച്ച്, ജീവിച്ചു. ഇപ്പോൾ അവർ വേറെ വേറെയായി; പരസ്പരം അന്യരായി. അരുതാത്തതാചരിക്കുമ്പോൾ അന്യരാകുന്നു. അന്യന്റെ മുമ്പിൽ അനാവൃതരാകുമ്പോൾ ലജ്ജിക്കണം. പാപം അഖണ്ഡസാകല്യത്തെ, അദ്വയഭാവത്തെ, നശിപ്പിച്ച് ദ്വൈതീഭാവം വരുത്തി നാണക്കേടുണ്ടാക്കുന്നു.

ദൈവം വന്നു വിളിച്ചപ്പോൾ അവർ ദൈവസന്നിധിയിൽ നിൽക്കാനാകാതെ ഓടിയൊളിച്ചു. പാപം ചെയ്യുവോളം ഇതായിരുന്നില്ല സ്ഥിതി. അവർക്കു ദൈവത്തിന്റെ മുമ്പിൽ വരാൻ തടസ്സമുണ്ടായിരുന്നില്ല. ദൈവമാകട്ടെ, അവരുടെ കൂട്ടായ്മയിൽ ആനന്ദിക്കുകയും അതിനുവേണ്ടി അവരുടെ അടുത്തേക്കു വരികയും ചെയ്യുന്നു. ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധത്തിന്റെ അതീവഹൃദ്യമായ ഒരു ചിത്രമാണ് ഇവിടെ വിടർന്നുവരുന്നത്. പാപം ഈ ബന്ധത്തെ അറുത്തുകളയുന്നു. ആ കൂട്ടായ്മ അവസാനിച്ചു. മനുഷ്യനെ തേടുന്ന ദൈവം എന്ന ദർശനത്തിന്റെ മുകുളം ഈ വിവരണത്തിലുണ്ട്. മനുഷ്യന്റെ ദൈവാന്വേഷണമല്ല, ദൈവത്തിന്റെ മനുഷ്യാന്വേഷണമാണ് ബൈബിളിന്റെ പ്രമേയം. തന്നിൽ നിന്ന് അകന്നുപോയ, വേറിട്ടു പോയ, മനുഷ്യനെ എങ്ങനെ വീണ്ടെടുത്ത് തന്നോടിണക്കാമെന്ന ദൈവത്തിന്റെ അന്വേഷണം ചരിത്രത്തിൽ പ്രതിഫലിക്കുന്നതെങ്ങനെയെന്ന ചിന്തയാണ് ബൈബിളിന്റെ ആഖ്യാനശൈലിയുടെ ഏകാഗ്രമായ ചരട്. ഇതിന് മറ്റൊരർത്ഥം കൂടിയുണ്ട്. ഏതു സത്തയുടെ സാദൃശ്യത്തിലാണോ മനുഷ്യൻ സൃഷ്ടിക്കപ്പെട്ടത് ആ സത്തയുടെ മുന്നിൽ നിന്നാണ് മനുഷ്യൻ ഓടിയകലുന്നത്. എന്നു വച്ചാൽ, പാപം മനുഷ്യനെ സ്വന്തം സത്തയ്ക്ക് അന്യനാക്കിത്തീർക്കുന്നുവെന്നാണർത്ഥം. തനിക്കു തന്നെ, തന്റെ യഥാർത്ഥ സത്തയ്ക്ക്, മനുഷ്യൻ അന്യനായിത്തീരുന്നു. ഇതല്ലേ യഥാർത്ഥ മരണം?

തിന്നരുതെന്നു വിലക്കിയിരുന്ന ഫലം തിന്നുവോ എന്ന ചോദ്യത്തിനു ലഭിക്കുന്ന ഉത്തരം ഈ ആശയത്തെ ഇനിയും വ്യക്തമാക്കുന്നു. നീ എനിക്കു തുണയായിത്തന്ന സ്ത്രീ പറഞ്ഞതുകൊണ്ട് ഞാൻ തിന്നുവെന്ന് പുരുഷൻ; പാമ്പ് എന്നെ പ്രലോഭിപ്പിച്ചതുകൊണ്ട് ഞാൻ തിന്നുപോയെന്ന്

---

തൽസ്ഥാനങ്ങളിലിരുന്ന് വിറയ്ക്കും. വളരെ സാവകാശത്തിൽ അവ തൊട്ടടുത്തുള്ള തന്മാത്രകൾക്ക് ഊർജ്ജം പകരുന്നു. എന്നാൽ മിക്ക ലോഹങ്ങൾക്കും സ്വതന്ത്രമായ ഇലക്ട്രോണുകൾ ഉണ്ട്. അവ ചൂടും വഹിച്ചുകൊണ്ട് സഞ്ചരിച്ച് ഊർജ്ജം പകരുന്നു. ഇരുമ്പിന്റെ ഒരറ്റം ചൂടാക്കിയാൽ മറ്റേ അറ്റത്തേക്ക് ശീഘ്രം പടരും. എന്നാൽ വിറകു കഷണത്തിന്റെ ഒരറ്റം കത്തിയാലും, മറ്റേ അറ്റം കൈ പൊള്ളാതെയെടുക്കാം. കാരണം, ഇവിടെ ചാലനത്തിന് ഇലക്ട്രോണുകളില്ല. (2) **സംവഹനം (convection).** ദ്രാവകങ്ങളിലും വാതകങ്ങളിലും അവയുടെ തന്മാത്രകൾ തന്നെ ഊർജ്ജം വഹിച്ചുകൊണ്ട് സഞ്ചരിക്കുകയും എല്ലാ ഭാഗത്തും ഒരുപോലെ വിതരണം നടത്തുകയും ചെയ്യുന്നു. വെള്ളത്തിന്റെ ഉപരിഭാഗം ചൂടാക്കിയാൽ താപം താഴോട്ടു പോകില്ല. ദ്രാവകത്തിലെ ഒഴുക്ക് സാന്ദ്രത കൂടിയ ഭാഗത്തു നിന്ന് സാന്ദ്രത കുറഞ്ഞ ഭാഗത്തേക്കാണ്. **(3) വികിരണം (radiation).** ഒരു വസ്തുവിന്റെ ചൂട് വൈദ്യുത-കാന്തിക തരംഗങ്ങളെ സൃഷ്ടിച്ച് അവ പ്രകാശത്തിന്റെ വേഗത്തിൽ മാധ്യമമൊന്നുമില്ലാതെ സഞ്ചരിക്കുന്നു. സൂര്യതാപം ഭൂമിയിലെത്തുന്നത് ഇത്തരം തരംഗങ്ങൾ വഴിയാണ്. സൂര്യരശ്മി കുത്തനേ പതിച്ചാൽ ചൂട് കൂടുതലായിരിക്കും; ചരിഞ്ഞു പതിച്ചാൽ കുറവായിരിക്കും. അതുകൊണ്ട് ഉച്ചസമയത്ത് ചൂട് കൂടുതലാണ്. വായു പെട്ടെന്ന് വികസിച്ചാൽ തണുക്കും. അതുപോലെ വ്യാപ്തം കുറഞ്ഞാൽ ചൂടാകും. വായടച്ച് ചുണ്ടിലെ ഒരു ചെറിയ ദ്വാരത്തിലൂടെ കൈവെള്ളയിൽ ഊതിയാൽ തണുപ്പായിരിക്കും; വായ് പൊളിച്ച് ഊതുമ്പോൾ ചൂടാണ്. ചൂടായ വായു താഴെ നിന്ന് മേലോട്ടുയർന്ന് പർവതനിരകളിലെത്തുമ്പോൾ അവിടെ മർദ്ദം കുറവായതിനാൽ വായു വികസിക്കും. ഫലമോ, തണുപ്പ്. ഈ സ്ഥിതി തുടർന്നാൽ പർവതാഗ്രങ്ങളിൽ ഐസ് കട്ടയുണ്ടാകും.

ദുസ്സഹമായ ചൂട് ക്രമീകരിക്കാൻ പ്രകൃതി തന്നെ മുൻകൈയെടുത്ത് എന്തെല്ലാം പരിപാടികളൊരുക്കിയിരിക്കുന്നു! എങ്കിലും, ചൂടിന്റെ സ്വഭാവം ശാസ്ത്രം ശരിക്കു മനസ്സിലാക്കിയതിൽപ്പിന്നെയാണ് ചൂട് നിയന്ത്രിതമായത്. ഒരു കാലത്ത്, ദൈവത്തെപ്പോലെ അഗ്നിയെ ഭയപ്പെട്ട് ആരാധിച്ചുപോന്നു. എന്നാൽ ശാസ്ത്രപുരോഗതി കൈവരിച്ചതോടെ, ചൂട് മനുഷ്യന് അടിമവേല ചെയ്യുകയാണ്. ചൂടും തണുപ്പും വേണ്ട മനുഷ്യന്റെ എത്രയെത്ര ആവശ്യങ്ങളാണ് ഇന്ന് സാധിച്ചു കിട്ടുന്നത്! ●

സ്ത്രീ. ഇരുവരും തങ്ങളുടെ പ്രവൃത്തിയുടെ ഉത്തരവാദിത്വം തന്നത്താൻ ഏറ്റെടുക്കാൻ സന്നദ്ധരാകാതെ അപരന്റെ മേൽ ചാരുകയാണ്. മനുഷ്യന്റെ പ്രവൃത്തിയാണ് - കർമ്മ ജീവിതമാണ് - അവന്റെ സ്വത്വത്തെ നിർണ്ണയിക്കുന്നതും നിർവചിക്കുന്നതും. അതുകൊണ്ട് സ്വകർമ്മത്തിന്റെ ഉത്തരവാദിത്വം ഏൽക്കാൻ വിസമ്മതിക്കുന്നവൻ അതിന് അന്യനാവുകയും, ഒപ്പം, തന്റെ സ്വത്വത്തിന് അന്യനാവുകയും ചെയ്യുന്നു. പാപത്തിന്റെ ഫലം ആത്മനിഷേധമാണ്; ആത്മനിഷേധം ആത്മനാശവും അതുകൊണ്ട് മരണവുമാണ്.

നീ എനിക്ക് ഇണയായിത്തന്ന സ്ത്രീ പ്രേരിപ്പിച്ചതുകൊണ്ട് തിന്നുവെന്നു പറയുന്നതിന് ഇനിയും അർത്ഥങ്ങളുണ്ട്. സ്വന്ത കർമ്മത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കാൻ മടിച്ചുവെന്നു മാത്രം കണ്ട് നാം നിർത്തിക്കൂടാ. ഇപ്പോൾ സ്ത്രീ എന്തായിത്തീർന്നുവെന്നു കൂടി കാണേണ്ടതുണ്ട്. 'ഇവൾ എന്റെ മാംസത്തിൽ നിന്നുള്ള മാംസവും അസ്ഥിയിൽ നിന്നുള്ള അസ്ഥിയും'... 'അവർ ഏകദേഹം'... എന്നിങ്ങനെ 'സുമാനുഷ'ത്തിന്റെ മധുര സങ്കീർത്തനമുതിർത്തുകൊണ്ടാണ് ഉത്പത്തി രണ്ടാം അധ്യായം അവസാനിക്കുന്നത്. മൂന്നാം അധ്യായത്തിൽ ഈ തോഴി തന്റെ ജീവിതത്തിൽ കടന്നുകൂടിയ പാപപ്രേരണയായി ഭാവം മാറിയിരിക്കുന്നു. കാമിനിയായി കണ്ടവൾ ഞൊടിനേരം കൊണ്ട് ദംഷ്ട്രകൾ വളർന്ന് യക്ഷിയായതുപോലെയില്ലേ? മോഹത്തിനടിപ്പെട്ട് പാപത്തിൽ കുരുങ്ങിയവൻ ലോകത്തെ രണ്ടായി വിഭജിക്കുന്നു. ഒരു ഭാഗം തനിക്കു വർജ്യം, മറുഭാഗം തന്റെ ഭോഗതൃഷ്ണയ്ക്ക് ഇര. തന്റെ സ്നേഹത്തിനോ കാരുണ്യത്തിനോ കരുതലിനോ പാത്രമാകേണ്ടതൊന്നും അവശേഷിക്കുന്നില്ല. ഭൂഗോളത്തെ മുഴുവൻ ഈ മോഹവലയിൽ കുടുക്കാൻ കഴിയുന്നതിനെയാണ് പുരോഗതിയെന്നു വിളിക്കുന്നത്. ആ പുരോഗതിയുടെ അങ്ങേത്തല പിടികിട്ടാറായി എന്ന അഭിമാനഗർവ്വല്ലേ മനുഷ്യനിപ്പോൾ രോമാഞ്ചത്തോടെ താലോലിച്ചുകൊണ്ടിരിക്കുന്നത്.

തനിക്ക് ഇണയും തുണയുമായവൾ മാത്രമല്ല, തന്റെ കർമ്മരംഗവും തന്റെ നിലനില്പിനാധാരവുമായ ഈ ഭൂമിയും മനുഷ്യന് അന്യമായിത്തീർന്നു. ഭൂമിയിൽ നിന്ന് മുള്ളും പറക്കാരയും പുറപ്പെടുമെന്ന ശാപത്തിന്റെ അർത്ഥമിതാണ്. എണ്ണമറ്റ മനോഹാരിതകൾ വിരിയിക്കുന്ന ഉദ്യാനസദൃശമായ ഏദനിൽ നിന്ന് ഓരോ കാരമുള്ള് തറഞ്ഞു കയറുന്ന അനുഭവത്തിലേക്ക് എറിയപ്പെടുകയാണ് മനുഷ്യൻ. ഉല്ലാസഘോഷങ്ങൾ അവസാനിച്ചു; വ്യഗ്രതകളുടെ, ഉത്കണ്ഠകളുടെ, നൈരാശ്യങ്ങളുടെ, ദിനങ്ങളാരംഭിച്ചു. എന്തൊരു കീഴ്മേൽ മറിച്ചിലാണ് സംഭവിച്ചത്! ആനന്ദങ്ങളെല്ലാം വ്യസനങ്ങളായി ഭാവം പകർന്നു! ഈ മണ്ണിലേക്കു മടങ്ങിച്ചെന്ന് മണ്ണായിത്തീരുംവരെ ഈ ദുഃഖങ്ങൾ പിന്തുടർന്നുകൊണ്ടേയിരിക്കും. മനുഷ്യന്റെ പാപം മൂലം ഭൂമി പോലും ശപിക്കപ്പെട്ടിരിക്കുന്നു. ആ ശാപത്തിന്റെ വൈപുല്യം എത്രയുണ്ടെന്ന് മനുഷ്യൻ അറിഞ്ഞുതുടങ്ങിയിട്ടേയുള്ളൂ. ആർത്തി പെരുത്ത മനുഷ്യന്റെ കുത്തിക്കവർച്ച മൂലം ജൈവവൈവിധ്യം അപ്രത്യക്ഷമായി; നിബിഡ വനങ്ങൾ മുണ്ഡനം ചെയ്യപ്പെട്ടു. ആർത്തലച്ചൊഴുകി ഇരുകരകളെയും ഹരിതാഭമാക്കിയ നദികൾ വിഷച്ചാലുകളായി, കാനന നിഷ്കളങ്കതകൾ പീഡനമേറ്റൊടുങ്ങി. മനുഷ്യന്റെ കണ്ണിൽ തെളിഞ്ഞ മോഹത്തിന്റെ വിഷം വരുത്തിയ കെടുതികളാണ് ഇവയെല്ലാം.

സ്ത്രീയോടു ദൈവം പറഞ്ഞു : 'നീ ഭരിക്കപ്പെടും.' പാപം ആധിപത്യപ്രവണത കൊണ്ടുവരുന്നു. ഇതുവരെ സ്നേഹവും അതിന്റെ കരുതലും മാത്രമേ ഉണ്ടായിരുന്നുള്ളൂ. സ്നേഹത്തിൽ ഭരണമില്ല; ഹൃദ്യമായ സമതയേയുള്ളൂ. 'കുടുംബിനി, സചിവൻ, തോഴി, ശിഷ്യ' എന്നിങ്ങനെയാണ് രഘുവംശത്തിലെ അജൻ തന്റെ പ്രേയസിയായ ഇന്ദുമതിയെ അനുസ്മരിക്കുന്നത്. വിശുദ്ധമായ ദാമ്പത്യത്തിന്റെ വരിഷ്ഠമായ ചിത്രമാണ് കാളിദാസൻ ഇവിടെ വരഞ്ഞുവയ്ക്കുന്നത്. വിവാഹം കഴിഞ്ഞപാടെ, ഇനിമേൽ ദാസി എന്ന് എഴുതിയതിനുമേൽ വേണം സ്വന്തം പേരെഴുതാൻ എന്ന് ടഗോറിന്റെ ഒരു കഥാപാത്രം ഉപദേശിക്കപ്പെടുമ്പോൾ അവർ ഈ രഘുവംശ ഭാഗം ഓർമ്മിച്ചുപോകുന്നു. ഈ വിപര്യയം പാപത്തിന്റെ ഫലമാണ്. പാപം സ്നേഹത്തെ ചോർത്തിക്കളയുന്നു. കോയ്മ കൊള്ളാനുള്ള അഭിലാഷമുണ്ടാക്കുന്നു. സ്നേഹത്തിൽ കൊടുക്കലേയുള്ളൂ; തേടലില്ല. സ്നേഹിക്കപ്പെടണമെന്ന ആഗ്രഹം പോലും തന്റെ സ്നേഹം സ്വീകരിക്കപ്പെടണമെന്ന അർത്ഥത്തിലാകുമ്പോൾ മാത്രമേ ശുദ്ധമായ സ്നേഹമായിത്തീരുന്നുള്ളൂ. അല്ലെങ്കിൽ അതു സ്വാർത്ഥതയേ ആകുന്നുള്ളൂ. തന്റെ ഒരു ആന്തരാവശ്യത്തെ തൃപ്തിപ്പെടുത്താൻ അപരനെ ഉപയോഗിക്കാൻ മാത്രമായി അത് ഭാവം മാറുന്നു. അത് സ്നേഹത്തിന്റെ നിഷേധവും ഭോഗത്തിന്റെ ഒരു രൂപാന്തരവും അങ്ങനെ പാപവും ആയിത്തീരുന്നു.

പാപവും അടിമത്തവും തമ്മിലുള്ള ബന്ധത്തെക്കുറിച്ചുള്ള ചിന്ത പഴയനിയമചിന്തയിൽ ആവർത്തിക്കപ്പെടുന്നുണ്ട്. അധികാരം തിന്മയാണെന്ന മൗലികമായ ആശയത്തിന്റെ ബീജമാണ് ഇവിടെ കാണുന്നത്. എല്ലാ ആധിപത്യപ്രവണതയും പാപത്തിൽ നിന്ന് ജനിക്കുന്നു. ഈ ലോകത്തിന്റെ അധികാരം കയ്യാളൂ, എന്നെ നമസ്കരിച്ചാൽ മതി എന്ന് സാത്താൻ യേശുവിനോടു പറഞ്ഞു. അധികാരവും ആധിപത്യവാസനയും പൈശാചികമാണെന്ന സത്യമാണ് ഇവിടെ അനാവൃതമാകുന്നത്. ഈ സത്യത്തിന്റെ സൂചനയാണ് ആദിപാപകഥ നൽകുന്നത്. ഈ വാസനയുടെ ബീഭത്സമുഖം ഹിറ്റ്ലറിലും ജോസഫ് സ്റ്റാലിനിലും പോൾ പോകിലും കണ്ട് മനുഷ്യകുലം നടുങ്ങിയിട്ടുണ്ട്. എന്നാൽ, ലോകത്തെ കാൽക്കീഴിലാക്കാൻ പുറപ്പെട്ടു വിജയിച്ച ചക്രവർത്തിമാരെ മഹാന്മാരാക്കുന്ന ചരിത്രത്തിന്റെ സഹഗ്രന്ഥകാരൻ സാത്താനാണെന്ന് നാം ഓർക്കുന്നില്ല!

ഈ രൂപത്തിൽ ആദിപാപത്തെ മനസ്സിലാക്കാൻ ശ്രമിക്കുമ്പോഴാണ് യേശു എങ്ങനെ പാപപരിഹാരമാകുന്നുവെന്നു വ്യക്തമാകുന്നത്. സൃഷ്ടിക്ക് മുഖാന്തരമായ സ്നേഹമാണ് കുരിശു സ്വയം വരിച്ച് വീണ്ടെടുപ്പിനു നിദാനമായത്. ഈ കുരിശിലേക്ക് നടക്കാൻ തുടങ്ങും മുമ്പ്, യേശുവിന് മൂന്നു പരീക്ഷകളെ നേരിടേണ്ടി വന്നു. ഏദൻതോട്ടത്തിൽ ആദം ഹവ്വമാർക്കുണ്ടായ പ്രലോഭനത്തിന്റെ ഒരു വിടർത്തിയ രൂപമാണ് ഈ പരീക്ഷ. എന്തിനാണ് നീ വിശന്നിരിക്കുന്നത്, ഇതത്രയും നിനക്ക് അനുഭവിക്കാമല്ലോയെന്നാണ് സാത്താന്റെ മൊഴി; എന്തുകൊണ്ട് നിനക്ക് ഈ ലോകത്തിന് അധിപതിയായിക്കൂടാ എന്നാണ് സാത്താന്റെ ചോദ്യം; എന്തുകൊണ്ട് നിനക്ക് സർവരെയും വിഭ്രമിപ്പിച്ച് വിധേയരാക്കിക്കൂടാ എന്നാണ് സാത്താന്റെ പ്രലോഭനം. അർത്ഥാൽ, നിനക്കു പുറത്തുള്ളതെല്ലാം നിനക്ക് അനുഭവിക്കാനുള്ളവ, നിനക്ക് വിധേയപ്പെടുത്താനുള്ളത് എന്നു തന്നെ. ഈ ലോകത്തെ നിനക്കു വിഴുങ്ങാനുള്ള ഇരയായി കാണൂ എന്നാണ് സാത്താൻ ഉപദേശിക്കുന്നത്. ആ കാഴ്ചയാണ് പാപം. ആ കാഴ്ചയാണ് ഏദൻതോട്ടത്തിൽ കാമ്യഫലമായി നിന്നത്. കാണുന്നവയെല്ലാം ഇരയാണെന്നു കാണുന്നവന്റെ ബുഭുക്ഷ വർദ്ധിക്കുന്നു. അതോടെ ശാന്തി അവസാനിക്കുന്നു. ഈ പ്രലോഭനത്തെ യേശു അതിജീവിച്ചു. ആദവും ഹവ്വയും ആ പരീക്ഷയിൽ വീണു. ഈ പരീക്ഷ തുടർന്നുകൊണ്ടിരിക്കുന്നു. അതിലൂടെ കടന്നുപോകാതെ മനുഷ്യജീവിതം സാദ്ധ്യമല്ല. അതിൽ തോൽക്കുന്നവൻ മരണത്തെ പുൽകുന്നു; ജയിക്കുന്നവൻ സമൃദ്ധവും നിത്യവുമായ ജീവനിലേക്കു പ്രവേശിക്കുന്നു. ജയിക്കാനുള്ള വഴിയാണ് യേശു. ഈ ലോകം എന്റെ ഭോഗതൃഷ്ണയിൽ വേകേണ്ട ഇരയല്ല, എന്റെ സ്നേഹത്തിന്റെ നിലാവിൽ ഒന്നാകേണ്ട സാഹോദര്യമാണെന്ന കാഴ്ചയുടെ, ദൈവികതയുടെ, മനുഷ്യാവതാരമാണ് യേശു. അതുകൊണ്ടാണ് യേശു വഴിയും സത്യവും ജീവനും ആകുന്നത്. **നോട്ടത്തിൽ സ്നേഹം കലരുമ്പോൾ, സ്നേഹത്തിന്റെ മാത്ര വർദ്ധിച്ചു വർദ്ധിച്ച് സ്വയം നുറുക്കി വിളമ്പാൻ കഴിയുന്ന അവസ്ഥയിലെത്തുമ്പോൾ, സ്വർഗ്ഗീയാനുഭവമുണ്ടാകുന്നു. അതിന്റെ മാത്ര കുറഞ്ഞു കുറഞ്ഞു വരുമ്പോൾ നരകമുണ്ടാകുന്നു.**

*(തുടരും)*

# HOW TO MAKE OLD AGE HAPPY AND USEFUL

DR. ABRAHAM VERGHESE

Our life span is arbitrarily divided into six periods. Infancy covers the age group 0-5 years, childhood covers 6-12, adolescence 13 -19, adulthood 20-40, middle age 41-59 and old age starts from 60 years. But it is a well known fact that aging is with the mind. Some people behave old even when they are young. The World Health Organisation has estimated that by the year 2025, 14% of the world population will be above 60 years. Obviously, as the number of old people increases, the old-age problems also increase.

**The common problems of old age** can be considered under four heads- physical, social, psychological and spiritual. *Physical problems.* During old age, the damage to the cells of the body is more than the repair. Hence the functional ability of all the organs of the body comes down. The resistance of the body against diseases becomes less and the chances of getting them becomes more. Thus, infections, hypertension, diabetes, malignancy etc are more in old age. Special senses such as sight and hearing become main targets. Osteoporosis causes fractures. Arthritis becomes a common problem with the associated handicap in mobility. Sexual interest and capacity come down. In men, the prostate gland gets enlarged, causing urinary obstruction with pain and suffering. All these problems make life difficult in old age. *Social problems.* Loneliness is the main social problem of old age. Decreased mobility and social contacts make old people isolated. Children leave home for work. The spouses might have died. The old friends do not come to visit. All these produce what is usually called 'an empty nest' syndrome. *Psychological problems* One common problem is decline in memory. There is difficulty in remembering names and numbers. Past events are remembered reasonably well. The memory disturbances usually cause social embarrassment.

In old age, there is a crisis over losses. The job is gone. The financial security is at stake. The friends have disappeared. The children have gone away. The importance in the family had dwindled. All these make them feel depressed. As they come closer to the end, the fear of death haunts them. Old people tend to be rigid in their attitudes. They live in the past. They find it difficult to accept the ideas of the younger generation. This brings them into conflict with the younger generation. Old age is a vulnerable period to get three psychiatric disorders, viz: Depression, Paranoid disorder and Dementia.

*Depression.* The main symptoms of depression are a pervasive mood, lack of confidence, fear of future, hopelessness and despair, avoidance of social contacts, and a loss of desire to live. Sleep is grossly disturbed. The patient goes to sleep very tired, and wakes up very early in the morning, frightened to face the day. The normal activities appear too difficult and burdensome. He harbours abnormal guilt feelings. Suicide is a major risk. It is very important to diagnose this condition early enough and start active treatment. Depression is more common in those who are genetically predisposed. Although the causes of depression are both hereditary and environmental, the symptoms are due to some biochemical changes in the brain. There are very effective medicines for depression.

***Paranoid disorder*** is a condition in which some people develop strong, sustained, baseless suspicion about others. It is almost impossible to convince them that their suspicions are baseless. They may become irritable and assaultive. They do not sleep. This condition is caused by some biochemical changes in the brain and can be effectively treated with medicines.

***Dementia*** is a condition where one gradually loses memory. The memory for both recent and remote events is grossly impaired. The patient is irritable and can be assultive, if interfered with. There is difficulty in identifying the body parts. In dementia, the brain cells are destroyed and the brain faculties are grossly disturbed. There are different types of dementia. One type, which is commonly known is Alzheimer's disease, has a genetic basis. There is no cure for dementia. Some medicines are in the market which are supposed to prevent deterioration, if treatment is started early.

***Spiritual problems.*** In old age, we are conscious of the fact that we are nearing the end. This can produce some spiritual conflicts. What happens after death? What is the nature of life after death? The religious faith and beliefs which we have been holding on to can start getting questioned. As a paradoxical reaction, old people may become more materialistic.

**How to minimise old age problems**


*Accept old age gracefully.* Old age is something which we cannot change. Hence we must have the serenity to accept it with grace. If this can be done, half the battle is won and the old age will lose its sting.

*Be more positive in your attitudes.* Our past experiences and the wisdom we have developed is a big asset of old age. This can be profitably used. A change of attitude is necessary for this.

*Plan for retirement.* It is often seen that people retire from work and get into a phase of depression. This can be prevented if we prepare and plan for a retired life before we actually retire.

*Spend more time for spiritual matters.* When we are strong spiritually, we will be able to cope with the old age

# THE WORLD IS MINE



THE WORLD IS MINE

Today upon a bus,
I saw a very beautiful woman
And wished I were as beautiful.
When suddenly she rose to leave,
I saw her hobble down the aisle.
She had one leg and wore a crutch.
But as she passed, she passed a smile.
*Oh, God, forgive me when I whine*
*I have two legs; the world is mine.*

I stopped to buy some candy
The lad who sold it had such charm.
I talked with him, he seemed so glad.
If I were late, it'd do no harm.
And as I left, he said to me, "I thank you,
you've been so kind.
It's nice to talk with folks like you
You see, he said, "I'm blind."
*Oh, God, forgive me when I whine*
*I have two eyes; the world is mine*

Later, while walking down the street,
I saw a child I knew.
He stood and watched the others play,
but he did not know what to do.
I stopped a moment and then I said,
"Why don't you join them, dear?"
He looked ahead without a word
I forgot, he couldn't hear
*Oh, God, forgive me when I whine*
*I have two ears; the world is mine*

**With feet to take me where I'd go**
**With eyes to see the sunset's glow**
**With ears to hear what I'd know**
**Oh, God, forgive me when I whine**
**I've been blessed indeed, the world is mine.**

problems better. Thus the old age can be considered a training period to equip us for eternal life.

*Organise social programmes.* When we are old, we must make an attempt to renew our old friendships and past social contacts. This will reduce the loneliness of old age. Of late, in several places, group meetings for senior citizens are being organised. This is a useful forum where old people can meet and organize various useful programmes and activities. Another useful programme is 'പകൽ വീട്.' Old people residing in their own homes, spend the daytime in a central place where useful activities are carried out.

*Sublimation* is a psychological mechanism of reducing frustrations by engaging oneself in some useful and socially accepted work or programme. The old people have a fund of experience which can be usefully channeled. Thus teachers can take tuition for children, medical people can do some voluntary work in a local hospital and so on.

*General health.* A sound diet is important in old age. Vegetarian diet is better than non vegetarian diet. Normally an adult needs about six glasses of water every day. Plenty of fruits must form part of the diet. Fish is a healthy food. Beef, mutton, pork etc must be avoided. Moderate exercise is vital. Thirty minutes walk in the mornings is highly recommended in old age. Vitamins C and E are anti-oxidants which strengthen our immunity system and protect us from infections and malignancy. Dark green leafy vegetables, legumes, nuts and whole grain cereals contain plenty of vitamin E. Citrous fruits contain plenty of vitamin C. About 500 mg. of vitamin C and 400 mg. of vitamin E are recommended in old age.

*Old Age Homes.* The concept of old age homes is becoming popular in the country, especially in Kerala. I personally feel that the best thing for old people is to live near their children. They may need the help of home nurses. This will give them independence and at the same time, they can be under the care and supervision of their children. But considering the social changes in our society, this may not be possible. Hence old age homes have become a social need of the hour.

Old age is handicapped by physical, social, psychological and spiritual problems. But by conscious effort, we can minimize them and make old age a period of happiness and usefulness.

***(The author is a consultant psychiatrist at the Mandiram Hospital, Manganam, Kottayam)***



# ആദിമ ക്രിസ്തീയ സാക്ഷ്യത്തിന്റെ കഥ

ഫാ. ഡോ. മർക്കോസ് ജോസഫ്

മത്താ. 3:1-4, 11:7-14; ലൂക്കോ. 7:28; യോഹ. 1:29-14: ഈ വേദഭാഗങ്ങൾ അവതരിപ്പിക്കുന്നത് ആദ്യ ക്രിസ്തീയ സാക്ഷ്യത്തിന്റെ കഥയാണ്. സ്നാപക യോഹന്നാന്റെ ജീവിതവും പ്രവർത്തനവും, അവ സംവേദിക്കുന്ന കാലികപ്രസക്തമായ ജീവിത സന്ദേശങ്ങളും അതിലടങ്ങിയിരിക്കുന്നു. സ്ത്രീകളിൽ നിന്നു ജനിച്ചവരിൽ യോഹന്നാനെക്കാൾ ശ്രേഷ്ഠരായി ആരുമുണ്ടായിട്ടില്ലെന്ന സാക്ഷ്യം പ്രാപിച്ച ഈ വിശുദ്ധൻ പഴയ-പുതിയ നിയമങ്ങളെ ബന്ധിപ്പിക്കുന്ന കണ്ണിയും ക്രിസ്തുവിന്റെ മുന്നോടിയുമായി. ക്രിസ്തീയ സ്നാനത്തിന്റെ മർമ്മം വെളിപ്പെട്ടത് ഇദ്ദേഹത്തിലൂടെയാണ്. പുതിയനിയമ രക്ഷാപദ്ധതിയിൽ അദ്ദേഹത്തിന്റെ സ്ഥാനം അദ്വിതീയവും നിർണ്ണായകവുമാണ്. യോഹന്നാൻ എന്ന പേരിന്റെ അർത്ഥം ‘കൃപാലുവായ യഹോവ’ എന്നാണ്.

ഏദൻതോട്ടത്തിൽ വച്ച് പാപത്താൽ മനുഷ്യനിലേക്കു സംക്രമിച്ച അതിശക്തമായ തിന്മയുടെ ഫലമാണ് അധീശത്വം. എന്തിനെയും അടിച്ചമർത്തി ആധിപത്യം ഉറപ്പിക്കാനുള്ള പ്രവണത മനുഷ്യന്റെ ആളത്വത്തിന്റെ ഭാഗമായിത്തീർന്നു. ഇതിന്റെ പ്രതിഫലനമാണ് ചൂഷണവും സ്വാർത്ഥതയും ഉപഭോഗസംസ്കാരവും. ചരിത്രത്തിലൂടെ കണ്ണോടിക്കുമ്പോൾ, മനുഷ്യൻ പരിസ്ഥിതിയിന്മേലും സൃഷ്ടിക്രമങ്ങളിന്മേലും തന്റെ കൂട്ടാളികളുടെ മേലും ആധിപത്യം ഉറപ്പിക്കാനായി കായികബലം, സമ്പത്ത്, ബുദ്ധി എന്നിവ യഥാകാലങ്ങളിൽ ആയുധമായി പ്രയോഗിച്ചുവെന്ന വസ്തുത വ്യക്തമാകും. ഇന്ന് പ്രധാനമായും മാദ്ധ്യമങ്ങളും വിവരസാങ്കേതികവിദ്യയും അടിച്ചമർത്തൽ പ്രക്രിയയിൽ ഉപയോഗിക്കപ്പെടുന്നു.



എല്ലാം വെട്ടിപ്പിടിച്ച് അധീശത്വമുറപ്പിക്കാൻ ആർത്തിപൂണ്ട സമൂഹത്തിൽ മറ്റുള്ളവർക്കായി [illegible] ശൂന്യവൽക്കരിക്കുന്ന ‘[illegible]’ ക്രിസ്തു പഠിപ്പിച്ചത്. നീതിനിഷേധത്തിനെതിരെ ആത്മബലി പോലും നൽകി ആഞ്ഞടിക്കുന്ന ധാർമ്മികശക്തി കൂടിയാണീ സാക്ഷ്യം. യോഹന്നാൻ സ്നാപകന്റെ ഉദാത്ത ജീവിതമാതൃക എക്കാലത്തും പ്രസക്തവും ആധുനിക തലമുറയ്ക്ക് ഉത്തേജനാജനകവുമാണ്. ആർജ്ജവമല്ല, വർജ്ജനമാണ് ശ്രേഷ്ഠജീവിതമെന്ന് അദ്ദേഹം സ്വന്തം ജീവിതത്തിലൂടെ തെളിയിച്ചു. അദ്ദേഹം ലാളിത്യത്തിന്റെ പര്യായമായിരുന്നു. വെട്ടുക്കിളി (കാട്ടിലെ ഒരു കിഴങ്ങ്)യും കാട്ടുതേനും ആഹരിച്ച് കാട്ടാറിലെ വെള്ളം കുടിച്ച്, തോൽ വസ്ത്രം കൊണ്ട് നഗ്നത മറച്ച് മരുഭൂമിയിൽ വസിച്ച ഈ സന്യാസി സ്വന്തമായി ഒന്നും സമ്പാദിച്ചില്ല. ആർത്തിപൂണ്ട ആർജ്ജവവീക്ഷണം മനുഷ്യനെ ആത്യന്തികമായി അസമാധാനത്തിലേക്കു നയിക്കും. വർജ്ജനാനുഭവം എവിടെയുണ്ടോ അവിടെ സമാധാനമുണ്ട്. അദ്ദേഹം സംവേദിച്ച മറ്റൊരു സന്ദേശം, ജീവിതം ജീവനെക്കാൾ ശ്രേഷ്ഠമാണെന്നതാണ്. വിശുദ്ധന്മാർ ജീവന് അമിതപ്രാധാന്യം നൽകാറില്ല. യോഹന്നാൻ മരണംവരെ ധാർമ്മികതത്വങ്ങൾ കൈവെടിയാതെ ജീവിച്ചു. തന്റെ സ്ഥാനമോ നേട്ടമോ ജീവൻ തന്നെയുമോ ഗണ്യമാക്കാതെ സത്യത്തിനു സാക്ഷിയാകാൻ അദ്ദേഹം വെമ്പൽകൊണ്ടു. മുഖം നോക്കാതെ തെറ്റിനെ ഉഗ്രമായി ശാസിച്ചു. ഹെരോദാ രാജാവ് സഹോദരഭാര്യയെ അവിഹിതമായി കൈവശപ്പെടുത്തിയപ്പോൾ, നീ ചെയ്യുന്നത് ശരിയല്ലെന്നു പറയാനുള്ള ധാർമ്മികാടിത്തറ അദ്ദേഹത്തിനുണ്ടായിരുന്നു. യോഹന്നാന്റെ ആത്മാവ് അന്യം നിൽക്കുന്ന ഒരു സമൂഹത്തിലാണ് നാം ഇന്നു ജീവിക്കുന്നത്. ഒരു പക്ഷേ രണ്ടു കാരണങ്ങളുണ്ടാകാം, അധികാരവിനിയോഗവിമുഖതയും ധാർമ്മികാടിത്തറയില്ലായ്മയും. അധികാരമുള്ളവർ സ്ഥാനമാനങ്ങളുടെ മോഹത്താൽ അധികാരം ഉപ

യോഹന്നാൻ സ്നാപകന്
ജീവിതം പ്രസംഗവും,
പ്രസംഗം ജീവിതവുമായി
...പൊരുത്തവും ഇരട്ട
...വ്യക്തികൾ
...ന്നത്തെ
...ം

യോഗിക്കുവാനോ സത്യം പ്രായോഗികമാക്കുവാനോ ശ്രമിക്കാതെ തിന്മയുമായി ഇണയില്ലാപ്പിണ ചേരുന്നു. ഇവിടെ നീതിനിഷേധം തുടർക്കഥയാവുകയാണ്. നീതി സ്ഥാപിച്ചു കിട്ടുവാൻ നേതൃത്വത്തിനെതിരെ ആഞ്ഞടിക്കുന്ന വിശുദ്ധ യോഹന്നാൻ ധാർമ്മികാടിത്തറയിൽ നിന്നുകൊണ്ടാണ് അത് ചെയ്യുന്നത്. സ്നാപക യോഹന്നാന്റെ പ്രസ്താവനകളെല്ലാം തന്നെ അദ്ദേഹത്തിന്റെ വിനയഭാവത്തിന്റെ ഉദാത്തമായ പ്രകാശനമാണ്. ആത്മബോധത്തിൽ നിന്നുള്ള സ്വയം തിരിച്ചറിയൽ നമ്മെ വിനയത്തിലേക്കു നയിക്കും. അത് മറ്റുള്ളവരുടെ ശ്രേഷ്ഠത തിരിച്ചറിയുവാനും അവരെ ആദരിക്കുവാനും നമ്മെ സഹായിക്കും. ഓരോരുത്തവൻ തന്റെ സഹോദരനെ തന്നെക്കാൾ ശ്രേഷ്ഠനായി ഗണിക്കട്ടെയെന്ന വി. പൗലോസിന്റെ പ്രസ്താവന ക്രിസ്തീയ ജീവിതത്തിന്റെ അടിസ്ഥാനതത്വമാകുമ്പോൾ ചൂഷണവ്യവസ്ഥിതി അപ്രത്യക്ഷമാകും. സ്നാപക യോഹന്നാന്റെ ജീവിതസാക്ഷ്യം നിരന്തരമായിരുന്നു. ഗർഭാവസ്ഥയിലാരംഭിച്ചത് ശിരഃഛേദം വരെ തുടർന്നു. തന്റെ ജീവിതസാക്ഷ്യം ശിഷ്യന്മാർക്കു പകർന്നുകൊടുത്തിട്ടാണ് താൻ കെട്ടടങ്ങുന്നത്. സ്വന്തം ജീവിതാനുഭവത്തിലൂടെ മനസ്സിലാകുന്ന ദൈവത്തെ നിരന്തരമായി സാക്ഷിക്കുകയും, ആ സാക്ഷ്യം തലമുറകളിലേക്കു കൈമാറുകയും ചെയ്യുമ്പോഴാണ് അത് ഉദാത്ത ക്രിസ്തീയ സാക്ഷ്യമായി മാറുന്നത്. സ്വർഗ്ഗരാജ്യം ആസന്നമായിരിക്കയാൽ അനുതപിപ്പിൻ എന്ന് അദ്ദേഹം ജനങ്ങളെ ആഹ്വാനം ചെയ്തു. അത് യഹൂദന്മാർ

കേരളത്തിലെ ക്രൈസ്തവ പ്രസിദ്ധീകരണങ്ങളെ അധികരിച്ചുള്ള

# പാർശ്വ ചിന്തകൾ



ഡോ. സി. ജെ. റോയ്

## 'സ്വാശ്രയമുറിവുകൾ'

അമ്പുകളേൽക്കാത്തവർ ആരുമുണ്ടായിരുന്നില്ല കുരുക്ഷേത്രയുദ്ധത്തിൽ, എന്നു പറയാറുണ്ട്. അത്തരമൊരു സ്ഥിതിവിശേഷത്തിലായിരിക്കുന്നു നമ്മുടെ സ്വാശ്രയ വിദ്യാഭ്യാസമംഗം. ശരീരത്തിലല്ലെങ്കിൽ മനസ്സിലേറ്റ മുറിവുകളാണെങ്ങും. മഹാത്മാഗാന്ധിയുടെ അടിസ്ഥാന വിദ്യാഭ്യാസപദ്ധതിക്ക് കാലോചിതമായുണ്ടായ പുതിയൊരു മുഖമെന്ന പ്രതീക്ഷയിൽ ഏറെ ആഹ്ലാദത്തോടെയാണ് സ്വാശ്രയ വിദ്യാഭ്യാസസ്ഥാപനങ്ങളുടെ ആവിർഭാവത്തെ നാം സ്വാഗതം ചെയ്തത്. പക്ഷേ, അത്തരം പ്രതീക്ഷകൾക്കാകെ മങ്ങലേൽപ്പിക്കുന്ന തരത്തിലായിരിക്കുന്നു അവയുടെ പ്രവർത്തനശൈലി. മുമ്പെങ്ങും ഉണ്ടാകാത്ത തരത്തിലുള്ള വിദ്യാഭ്യാസ വാണിജ്യവൽക്കരണം, ബന്ധപ്പെട്ട മേഖലകളിലെല്ലാം പരന്നൊഴുകുന്ന അഴിമതി, സാമ്പത്തിക പരാധീനത ഒന്നുകൊണ്ടു മാത്രം അർഹമായ ഉന്നതവിദ്യാഭ്യാസം സമർത്ഥരായ വിദ്യാർത്ഥികൾക്കു നിഷേധിക്കപ്പെടുന്നതിലെ അധാർമ്മികത എന്നിവയെല്ലാം ചേർന്ന് കാലുഷ്യത്തിന്റെ പര്യായമായിക്കൊണ്ടിരിക്കുന്നു ഈ മേഖല.

സ്വാശ്രയവിദ്യാഭ്യാസസ്ഥാപനങ്ങളോടുള്ള സമീപനത്തിൽ ഭിന്നധ്രുവങ്ങളിലാണു ക്രൈസ്തവ പ്രസിദ്ധീകരണങ്ങൾ. അതിശക്തമായ വിമർശനങ്ങളും അത്ര തന്നെ ശക്തമായ പ്രതിരോധവും. ആദ്യം പറഞ്ഞതിനുദാഹരണം, 'നമ്മുടെ മാസിക.' സ്വാശ്രയ വിദ്യാഭ്യാസം ഒരു വ്യവസായമായി മാറിക്കഴിഞ്ഞിരിക്കുന്നതായി ഈ പ്രസിദ്ധീകരണം ആരോപിക്കുന്നു. ഏതു വ്യവസായത്തിലുമെന്നപോലെ ലാഭതാൽപ്പര്യമായിരിക്കുന്നു അതിന്റെ നിലനില്പ്പിനും വളർച്ചയ്ക്കുമുള്ള അടിസ്ഥാനം. ദുർബലനെ ശക്തനാക്കുകയെന്ന ക്ഷേമരാഷ്ട്രസങ്കൽപ്പത്തിനു വിദ്യാഭ്യാസത്തെ ഉപയോഗപ്പെടുത്തുന്ന ഗാന്ധിയൻ സമീപനത്തിന്റെ വിപരീതദിശയിലേക്കാണ് അതിന്റെ നീക്കമെന്നും ധനശക്തിയിലുള്ള കേന്ദ്രീകരണം മാത്സര്യം വളർത്തി മനുഷ്യനിലുള്ള മനുഷ്യത്വമെന്ന സവിശേഷതയെ ചോർത്തിക്കളയുമെന്നും പ്രസ്തുത മാസിക മുന്നറിയിപ്പു നൽകുന്നു. സുവിശേഷത്തിന്റെ ആവിഷ്കാരം വിദ്യാഭ്യാസത്തിലൂടെ ജനങ്ങളിലെത്തിക്കുകയെന്ന ലക്ഷ്യത്തിൽ നിന്നു മാറി അധികാരഘടനയും സാമൂഹ്യപദവിയും ശക്തമാക്കാനുള്ള ഉപാധിയായി വിദ്യാഭ്യാസത്തെ കാണുകയും ദരിദ്രർക്കു സുവിശേഷമറിയിക്കുകയെന്ന ക്രിസ്തുവിന്റെ ദൗത്യം നിറവേറ്റാൻ വിസമ്മതിക്കുകയും ചെയ്യുന്ന ക്രൈസ്തവസഭ ആ പേരിനർഹമല്ലെന്നും മാസിക അഭിപ്രായപ്പെടുന്നു. അടൂർ എൻജിനീയറിങ് കോളജ് വിദ്യാർത്ഥിനി രജനിയുടെ ആത്മഹത്യയുടെ പശ്ചാത്തലത്തിൽ സ്വാശ്രയവിദ്യാഭ്യാസത്തെ അപഗ്രഥിക്കുന്ന 'മലങ്കര സഭാതാരക'യും 'മാർത്തോമാ യുവദീപ'വും ഏറെക്കുറെ സമാന സമീപനമാണു കൈക്കൊള്ളുന്നത്. സ്വാശ്രയസ്ഥാപനങ്ങളുടെ നടത്തിപ്പു സംബന്ധിച്ച് മാനേജ്മെന്റും സർക്കാരും തമ്മിലുള്ള ഏറ്റുമുട്ടലുകൾ വിദ്യാർത്ഥികളുടെ ഭാവിയും നാടിന്റെ നന്മയും തകരുന്നതിനിടയാക്കിയതായി മലങ്കരസഭാതാരകയും, സ്വാശ്രയ വിദ്യാഭ്യാസസംബന്ധമായി നിയമസഭ പാസ്സാക്കിയ നിയമത്തിനെതിരെ ക്രൈസ്തവസഭകൾ നടത്തിയ യുദ്ധപ്രഖ്യാപനം നമുക്കു സംഭവിച്ചിരിക്കുന്ന ധാർമ്മിക അപചയത്തിന്റെ വിളംബരമായി മാർത്തോമാ യുവദീപവും ചൂണ്ടിക്കാണിക്കുന്നു. ഇതിനു തീർത്തും വിരുദ്ധമാണ് 'കുടുംബജ്യോതിസി'ന്റെ സമീപനം. സ്വാശ്രയവിദ്യാഭ്യാസം മുഖ്യചർച്ചാവിഷയമായിരിക്കുന്ന ഈ പ്രസിദ്ധീകരണത്തിന്റെ സെപ്റ്റംബർ ലക്കത്തിലെ വിദ്യാഭ്യാസ സ്വാതന്ത്ര്യം എന്ന പേരിലുള്ള ആമുഖലേഖനം സ്വാശ്രയകോളജിനെ സംബന്ധിച്ച സർക്കാർ സമീപനത്തെ നിശിതമായി വിമർശിക്കുന്നു. സ്വാശ്രയകോളജിനുവേണ്ടിയുള്ള കെട്ടിടങ്ങളുടെ നിർമ്മാണവും അദ്ധ്യാപകരുടെ ശമ്പളവും പോലുള്ള ചിലവുകളിൽ പങ്കുചേരാതെ സർക്കാർ തിരഞ്ഞെടുക്കുന്ന വിദ്യാർത്ഥികളെ പഠിപ്പിച്ചുകൊള്ളണമെന്ന നിലപാടിനെ നീതിവിരുദ്ധവും ന്യൂനപക്ഷാവകാശനിഷേധവുമായി ലേഖനം കാണുന്നു. രണ്ടു സ്വാശ്രയ കോളജുകൾ ഒരു സർക്കാർ കോളജിനു തുല്യമെന്ന മുൻമുഖ്യമന്ത്രിയുടെ പ്രഖ്യാപനത്തെ ഒരു മണ്ടൻ പ്രസ്താവനയെന്നു പരിഹസിക്കുന്നു, മറ്റൊരു ലേഖനം. ആ പ്രഖ്യാപനത്തെ സാധൂകരിക്കുന്ന നിയമനിർമ്മാണത്തിന്റെ ഫലം നൽകാതെ കോളജുകളുടെ മട്ടിലുള്ളതും അടിസ്ഥാന സൗകര്യങ്ങളോ അംഗീകാരമോ ഇല്ലാത്തതുമായ കുറെ സ്ഥാപനങ്ങളായിരിക്കുമെന്നു ലേഖനം അഭിപ്രായപ്പെടുന്നു. സ്വാശ്രയവിദ്യാഭ്യാസക്കമ്മീഷന്റെ അധ്യക്ഷൻ ജസ്റ്റിസ് കെ. ടി. തോമസിനു നേരെയും ഉയരുന്നുണ്ട് വിഷലിപ്തമായ വിമർശന ശരങ്ങൾ. അദ്ദേഹവുമായി കുടുംബജ്യോതിസ് ലേഖകൻ നടത്തിയ അഭിമുഖത്തിൽ നീതിയുക്തമായതു ചെയ്യുകയെന്ന തന്റെ അടിസ്ഥാനപരിഗണനയിൽ ഊന്നിനിന്നുകൊണ്ട് അവയെ അദ്ദേഹം സമർത്ഥമായി നേരിടുന്നുവെന്നു മാത്രം.

സ്വാശ്രയവിദ്യാഭ്യാസസ്ഥാപനങ്ങളെ സർവാത്മനാ അനുകൂലിക്കുന്ന സമീപനം സാങ്കേതികമായി നീതീകരിക്കത്തക്കതാകാം. മുടക്കുമുതലിനു പരമാവധി പലിശ നേടണമെന്ന നിഷ്കർഷ ഏതു വ്യവസായത്തിലുമുണ്ട്. പക്ഷേ, വിദ്യാഭ്യാസത്തെ ഒരു വ്യവസായമായല്ല, സഭയുടെ മുഖ്യ സേവനദൗത്യങ്ങളിലൊന്നായി കാണുന്ന പാരമ്പര്യമാണല്ലോ നമ്മുടേത്. അതിൽ നിന്നുള്ള വ്യതിയാനം നമ്മുടെയും പിൻതലമുറകളുടെയും ആത്മാവിൽ ആഴമേറിയ മുറിവുകളുണ്ടാക്കും. ദൈവരാജ്യത്തിന്റെ കെട്ടുപണിക്കു വിധിക്കപ്പെട്ട സഭയെ ദൈവത്തിനു മുമ്പിൽ അക്രൈസ്തവവും അക്രൈസ്തവർക്കു മുമ്പിൽ അപഹാസ്യവുമാക്കുമത്. ●

---

അനുവർത്തിച്ചിരുന്നതുപോലെ കേവലം ബാഹ്യപ്രകടനങ്ങളിലോ, വൈകാരിക ദുഃഖഭാവങ്ങളിലോ അല്ല, മറിച്ച്, ജീവിതവീക്ഷണത്തിലും നയത്തിലും ബോധപൂർവം വരുന്ന മാറ്റമായിരിക്കണം. അനുതാപം പ്രായോഗിക മാനസാന്തരമായി മാറണം. അത് ദൈവോന്മുഖമായ ജീവിതപ്രയാണത്തിന്റെ ആരംഭവുമാകണം. പ്രായോഗികതയില്ലാത്ത അനുതാപം കേവലം ഉപരിപ്ലവമായ പ്രകടനമായി അധപ്പതിക്കും. മറിച്ച്, അനുതാപം പ്രായോഗികതയുടെ അനുഭവമാകുമ്പോഴാണ്, നീതിയുടെ ഫലങ്ങൾ ഒരുവനിൽ നിന്ന് ബഹിർഗമിക്കുന്നത്. നീതിയുടെ ഫലങ്ങൾ പുറപ്പെടുവിക്കുവാൻ ആത്മീയ വീക്ഷണവും ആന്തരിക വിശുദ്ധിയും അനിവാര്യമാണെന്ന് യോഹന്നാൻ ശഠിച്ചു. യോഹന്നാൻ സ്നാപകന് ജീവിതം പ്രസംഗവും, പ്രസംഗം ജീവിതവുമായിരുന്നു. പൊയ്മുഖവും ഇരട്ടമുഖവുമുള്ള വ്യക്തികൾ നിറഞ്ഞ ഇന്നത്തെ സമൂഹത്തിന് അദ്ദേഹം ഒരപവാദമാണ്. ലോകവീക്ഷണത്തിൽ അദ്ദേഹം ഭ്രാന്തനായ വിപ്ലവകാരിയോ ഭോഷനായ സന്യാസിയോ ആകാം. പക്ഷേ അദ്ദേഹം പ്രസംഗിക്കുക മാത്രമല്ല, പ്രസംഗിച്ചത് ജീവിതത്തിൽ മാതൃകയാക്കുകയും ചെയ്തു. മനുഷ്യന്റെ അടിസ്ഥാനയാവശ്യങ്ങളായ വസ്ത്രം, ഭക്ഷണം, പാർപ്പിടം ഇവയോടുള്ള അദ്ദേഹത്തിന്റെ പ്രതികരണശൈലി ആർജ്ജവ, ചൂഷണസംസ്കാരങ്ങളിൽ വളരുന്ന നമുക്കും ഭാവി തലമുറകൾക്കും ഒരു വെല്ലുവിളിയാകട്ടെ. തികച്ചും പ്രകൃതിജീവനം നയിച്ച ഈ വിശുദ്ധൻ, എല്ലാം വെട്ടിപ്പിടിക്കുവാനുള്ള ശ്രമത്തിൽ പ്രപഞ്ചത്തെയും അതിലെ സൃഷ്ടിക്രമങ്ങളെയും താറുമാറാക്കുന്ന നമുക്ക് പ്രചോദനമാകട്ടെ. ●

A MEDITATION ON COW AND PIG

*A meditation on*

# COW AND PIG




Rev. Dr. M. J. Joseph
ECC, Bangalore

Once upon a time a cow and a pig met on a road for the first time. But they had heard about each other for several years. The cow was amazed to see the pig moving slowly with its heavy weight. The initial conversation was quite informal. After some time, [illegible]:


Ms. Cow, you are being venerated all over India
You are known to be [illegible]
You find shelter in every home
You give milk daily
You are very friendly even with kids
You are willing to stand for hours to be milked
Your dung is also much utilized by the poor
There are people who are prepared to move a Bill against your slaughter
For some you are their goddess!
Some eat your meat
You skin is widely used in the tanning industry!
What a great privilege! What a great admiration!
You seem to carry the cultural slogan of India on your neck
"Acharya Devo bhava:"

Would you, friend, tell me why am I not respected as you are!
I move around the street daily
I do the work of a scavenger
I keep the people's health safe
But no one gives me respect
No one speaks about me in Parliament
Some religious groups even hate me
My meat is more tasty than yours
The West and the East love me when they take toast with bacon
What a pity! What a fate! I am really jealous of you!

Ms. Cow replied :
**There is one difference between you and me**
**I live daily for the people while I am alive**
**Even after my death I make the people happy.**
**You give your life to others only after your death**
**What people require is your love and sacrifice daily!**
**You are still a mystery**
**I am a mystery revealed!**







# കഥയില്ലാത്ത അൽപ്പം ചില്ലറക്കാര്യങ്ങൾ

ഡോ. കെ. വി. വർഗീസ്

**1970**-ലാണ് ഞാൻ ശ്രീ. എം. എം. വർക്കിയെ പരിചയപ്പെടുന്നത്. 1930-കളിലും 1940-കളിലും ദാസൻ വർക്കി എന്ന അപരനാമത്തിൽ തിരുവിതാംകൂർ രാഷ്ട്രീയത്തിൽ നിറഞ്ഞു നിന്നിരുന്ന അദ്ദേഹം 1970-കളിൽ ഏതാണ്ടു വിസ്മൃതിയിലായത് എന്നെ വേദനിപ്പിച്ചു. വീട്, കുടുംബം എന്നീ ചിന്തകൾ വെടിഞ്ഞ് പത്രപ്രവർത്തനത്തിനും മറ്റുമായി ജീവിതം ഉഴിഞ്ഞുവച്ച വർക്കി സ്വയം ജീവിക്കാൻ മറന്നുപോയ ഒരു പൊതുപ്രവർത്തകനാണ്. അദ്ദേഹം സഭയ്ക്കും സമൂഹത്തിനും ചെയ്ത സേവനങ്ങളുടെ അംഗീകാരമായി തിരുവല്ല (പുഷ്പഗിരി) ക്ലേർജി ഹോമിൽ അവസാനകാലം ചിലവഴിക്കാൻ സഭ അദ്ദേഹത്തെ നിർബന്ധിക്കുകയാണുണ്ടായത്. പ്രസ്തുത വൈദിക ഭവനത്തിൽ അങ്ങനെ താമസിക്കുമ്പോഴാണ് വൈദികനല്ലാത്ത അദ്ദേഹത്തെ ഞാൻ പരിചയപ്പെട്ടത്. അതൊരു പുതിയ ബന്ധത്തിന്റെ ആരംഭവും വിലപ്പെട്ട അനുഭവങ്ങളുടെ തുടക്കവുമായിരുന്നു.

തൃപ്പൂണിത്തുറയിലെ ഒരു പ്രശസ്ത യാക്കോബായ കുടുംബത്തിൽ ജനിച്ച എം. എം. വർക്കി, പത്രപ്രവർത്തനത്തിനായി ബാംഗ്ലൂരിലെത്തിയപ്പോൾ കണ്ടുമുട്ടിയ ടബാർഡ് എന്ന ഫ്രഞ്ച് പാതിരിയുമായുള്ള ബന്ധം മൂലമാണ് കത്തോലിക്കാസഭയിൽ ചേർന്നത്. ചേരിപ്രദേശങ്ങളിലുള്ള അനേകമാളുകൾ പ്ലേഗ് ബാധയാൽ മരിച്ചുകൊണ്ടിരുന്ന അവസരത്തിൽ സഹായഹസ്തവുമായി അവിടെയെത്തിയ ഫാ. ടബാർഡ് വർക്കിയുടെ ആരാധ്യപുരുഷനായി മാറിയിരുന്നു. നാട്ടിൽ മടങ്ങിയെത്തി ദീപികയിൽ ജോലി നോക്കിയ ശേഷം തിരുവനന്തപുരത്ത് 'കേരളദാസൻ' പത്രത്തിന്റെ ചീഫ് എഡിറ്ററായി വർക്കി ചുമതലയേറ്റു. ദിവാൻ സർ സി. പി. യ്ക്ക് അദ്ദേഹമൊരു തലവേദനയായിരുന്നു. സർ സി. പി. യുടെ പൊലീസിൽ നിന്നു രക്ഷപ്പെടാൻ തങ്കശ്ശേരിയിലും കൊച്ചിയിലും പല പ്രാവശ്യം അദ്ദേഹത്തിന് അഭയം തേടേണ്ടതായും വന്നു.

ജനായത്ത സംവിധാനം ശൈശവദശയിലായിരുന്ന കാലത്ത് പ്രജകളുടെ അവശതകൾ പരിഹരിച്ചു കിട്ടുവാൻ മഹാരാജാവിനു മെമ്മോറാണ്ഡങ്ങൾ സമർപ്പിക്കുക പതിവായിരുന്നു. അവ തയാറാക്കുന്നതിലുള്ള വൈഭവമാണ് വർക്കിയെ ശ്രദ്ധേയനാക്കിയത്. ഒരുദാഹരണം നോക്കാം. സർ സി.പി.യുടെ ക്രൈസ്തവ വിരുദ്ധ നടപടികളെപ്പറ്റി 1946-ലെ മെമ്മോറാണ്ഡത്തിൽ രേഖപ്പെടുത്തിയിരുന്നു. പള്ളികളും ശവക്കോട്ടകളും സ്ഥാപിക്കുന്ന കാര്യത്തിൽ തികച്ചും വിരുദ്ധ നിലപാടാണ് ഗവൺമെന്റ് സ്വീകരിച്ചിരുന്നത്. ഓരോ താലൂക്കിലും ഇവയ്ക്കായി എത്ര അപേക്ഷ ലഭിച്ചുവെന്നും അവ തള്ളിയത് എന്തുകൊണ്ടാണെന്നുമുള്ള രേഖകൾ അനുബന്ധത്തിൽ ചേർത്തിരുന്നു. ചില തടസ്സങ്ങൾ തികച്ചും ബാലിശമായിരുന്നു താനും. ഇതെല്ലാം വെളിച്ചത്തു കൊണ്ടുവരാൻ താലൂക്ക് ഓഫീസുകളിൽ കയറിയിറങ്ങി രേഖകൾ പരിശോധിക്കുന്നത് ശ്രമകരമായ ജോലിയാണെന്നു പറയേണ്ടതില്ലല്ലൊ. മാത്രമല്ല, ഓരോ മെമ്മോറാണ്ഡത്തിന്റെയും കോപ്പികളെടുത്ത് വിതരണം ചെയ്തതിനാൽ ന്യായരഹിതമായ ഭരണമാണ് നടത്തുന്നതെന്ന് ജനങ്ങൾക്കു മനസ്സിലാക്കുവാനും കഴിഞ്ഞു. അതുകൊണ്ട്, വർക്കിയുടെ പേരു കേൾക്കുമ്പോൾ തന്നെ സർ സി.പി. കലിതുള്ളുമായിരുന്നു.

വർക്കിയെപ്പറ്റി വളരെയേറെ പറയുവാനുണ്ടെങ്കിലും രണ്ടു സംഭവങ്ങൾ മാത്രം കുറിച്ചു കൊള്ളട്ടെ. ഒന്ന്, തങ്കശ്ശേരിയുടെ കാര്യമാണ്. 99 ഏക്കർ വിസ്തൃതിയുള്ളതും രണ്ടായിരത്തോളം ആളുകൾ താമസിക്കുന്നതുമായ ഒരു പ്രദേശമായിരുന്നു തങ്കശ്ശേരി. ഒരിക്കൽ പോർച്ചുഗീസുകാരുടെയും, പിന്നീട് ഡച്ചുകാരുടെയും അധീനതയിലായിരുന്ന ഈ സ്ഥലം തിരുവിതാംകൂറിന്റെ ഭാഗമല്ലായിരുന്നു. തിരുനൽവേലി കേന്ദ്രമാക്കിയാണ് അവിടെ ഭരണം നടന്നിരുന്നത്. തിരുവിതാംകൂറിൽ ഉത്തരവാദ ഭരണപ്രക്ഷോഭം ആരംഭിച്ചപ്പോൾ സർ സി. പി.കിരാതമായ മർദ്ദനമുറകൾ അഴിച്ചുവിടുകയും പലരെയും അറസ്റ്റു ചെയ്ത് ലോക്കപ്പിലാക്കുകയും ചെയ്തു. കുറെപ്പേർ തങ്കശ്ശേരിയിൽ അഭയം കണ്ടെത്തി. സി. പി. യുടെ പൊലീസിന് അവിടെ കടന്ന് ആളുകളെ അറസ്റ്റു ചെയ്യുവാൻ കഴിയുമായിരുന്നില്ല. അതുകൊണ്ട് ആ പ്രദേശം തിരുവിതാംകൂറിൽ ലയിപ്പിക്കുവാൻ സി.പി.നടപടികൾ ആരംഭിച്ചു. തങ്കശ്ശേരിയിലെ ആളുകൾ ഈ നിർദ്ദേശത്തെ എതിർത്തു. സി. പി.യുടെ ഈ നീക്കത്തിനു തടയിടണമെന്ന് ജനായത്ത വിശ്വാസികൾ ആഗ്രഹിച്ചു. ഈ ദൗത്യനിർവഹണത്തിന് ശ്രീ. കെ. സി. മാമ്മൻ മാപ്പിള വർക്കിയെയാണു കണ്ടെത്തിയത്. ഒരു ബ്ലാങ്ക് ചെക്കും നൽകി അദ്ദേഹമാണ് വർക്കിയെയും ബാരിസ്റ്റർ ജോർജ് ജോസഫിനെയും മദ്രാസിലും ഡൽഹിയിലും അയച്ചത്. മദ്രാസ് ഗവർണർക്കും വൈസ്രോയിയ്ക്കും നൽകുവാനുള്ള മെമ്മോറാണ്ഡങ്ങൾ തയാറാക്കിയത് വർക്കി ആയിരുന്നു. വളരെ സമർത്ഥമായി ബാരിസ്റ്റർ കാര്യങ്ങളവതരിപ്പിച്ചു. തങ്കശ്ശേരിയിലെ ആളുകളെ തിരുവിതാംകൂറിനു കച്ചവടം ചെയ്യില്ലെന്ന് വൈസ്രോയി അവർക്ക് ഉറപ്പു നൽകുകയും ചെയ്തു. സർ സി.പി.യ്ക്കു ലഭിച്ച കനത്ത പ്രഹരങ്ങളിലൊന്നായിരുന്നു ഇത്.

രണ്ടാമത്തേത്, കുറെക്കൂടെ പഴയ കാര്യമാണ്. പണ്ട് ഭരണാധികാരിയെ മുഖം കാണിക്കുന്നതിന് ചില പ്രാകൃത നടപടിക്രമങ്ങളുണ്ടായിരുന്നു. മുൻകൂട്ടി അനുവാദം വാങ്ങി കൊട്ടാരത്തിലെത്തുമ്പോൾ ഷർട്ട് ഊരി രണ്ടാം മുണ്ട് അരയിൽ കെട്ടി ഓച്ഛാനിച്ചു നിൽക്കണമത്രെ. മഹാരാജാവോ മഹാറാണിയോ എത്തുമ്പോൾ ഒരു നിവേദനം പോലും നേരിട്ടേൽപ്പിക്കുവാൻ അനുവാദമുണ്ടായിരുന്നില്ല. അത് പട്ടിന്മേൽ വിരിച്ച ഒരു തൂശൻ ഇലയിൽ വച്ചശേഷം താണു വണങ്ങി മടങ്ങണമെന്നായിരുന്നു കീഴ്വഴക്കം. പട്ടിനും വാഴയിലയ്ക്കും പണം നൽകുകയും വേണം. പരിഗണിക്കാമെന്ന് രാജാവ് പറഞ്ഞെങ്കിലായി! സാധാരണ ഇലയാണെങ്കിൽ നിവേദനത്തോടൊപ്പം ഒരു സ്വർണ്ണ നാണയവും വയ്ക്കുമായിരുന്നു. ശ്രീ മൂലം തിരുനാളിന്റെ കാലശേഷം റീജന്റ് മഹാറാണിയാണു ഭരണമേറ്റത്. പതിവുപോലെ നിവേദനവുമായി വർക്കിയും ഏതാനും ചിലരും കൊട്ടാരത്തിലെത്തി. മഹാറാണിയെ കാണാൻ വന്നതാണെന്ന് ഓഫീസിന്റെ ചുമതല വഹിച്ചിരുന്ന കുളത്തു അയ്യരോടു അവർ പറഞ്ഞു. "കാണാനോ? മഹാറാണിയെ മുഖം കാണിക്കുക എന്നല്ലേ പറയേണ്ടത്", എന്നായി കുളത്തു അയ്യർ. പതിവുള്ള പട്ടും ഇലയും പവനുമെവിടെ എന്നും അയ്യർ തിരക്കി. കാശു കൊടുത്ത് മഹാറാണിയെ കാണാൻ ഞങ്ങൾ തയാറല്ലെന്നു വർക്കി തുറന്നടിച്ചു. കുളത്തു അയ്യർ അമ്പരന്നുപോയി.

ഇതെല്ലാം ശ്രദ്ധിച്ചുകൊണ്ട് മഹാറാണി പിന്നിലുള്ള മുറിയിൽ നിൽക്കുകയായിരുന്നു. സൽസ്വഭാവത്തിനും സൗമനസ്യത്തിനും പേരുകേട്ട മഹാറാണി അവരെ മുറിയിലേക്കു വിളിച്ച് അര മണിക്കൂറോളം അവരോടു സംസാരിക്കുകയും നിവേദനം കൈപ്പറ്റുകയും ചെയ്തു. തിരികെ കുളത്തു അയ്യരുടെ മുറിയിൽ ചെന്നപ്പോൾ മഹാറാണിയുടെ നിർദ്ദേശപ്രകാരം എല്ലാവർക്കും കാപ്പിയും തയാറാക്കി വച്ചിരുന്നു. അതിൽപ്പിന്നെ, രാജാവിനെ ദർശിക്കുന്നതിനായി പട്ടും സ്വർണ്ണവും അർദ്ധനഗ്നതയും ആർക്കും സമ്മാനിക്കേണ്ടി വന്നില്ല. 'ഓർമ്മകളിലൂടെ' എന്ന തലക്കെട്ടിൽ 1974-ൽ പ്രസിദ്ധീകരിച്ച തന്റെ ആത്മകഥയിൽ സംഭവബഹുലമായ ആ കാലഘട്ടത്തെപ്പറ്റി വർക്കി സുദീർഘമായി പ്രതിപാദിക്കുന്നുണ്ട്. തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ്സിനാവശ്യമായ റിസോഴ്സ് മെറ്റീരിയൽ തയാറാക്കുകയും ടി. എം. വർഗീസിന്റെ വലംകൈയായി പ്രവർത്തിക്കുകയും ചെയ്ത എം. എം. വർക്കി എന്ന അതികായനെ പുത്തൻ തലമുറക്കാർ ഓർമിക്കുന്നുണ്ടോ, എന്തോ? നിസ്വാർത്ഥ സേവനത്തിനു കിട്ടുന്ന പ്രതിഫലം ഇതായിരിക്കാം! ●

# ദേശീയ മിത്തുകൾ

ഡോ. മിസ്സിസ് അന്നമ്മ ജോർജ്

## 'ഹിന്ദു ദേശീയത' എന്ന മിത്ത്

മുൻപു വിവരിച്ച ഇംഗ്ലീഷുകാരുടെയും അമേരിക്കക്കാരുടെയും ശൈലി പോലെ ആര്യന്മാരും അവർ പിടിച്ചടക്കിയ തദ്ദേശവാസികളെ അകലെ നിർത്താൻ ശ്രമിച്ചു. ബി. സി. 1700-900 കാലയളവിലാണ് ആര്യന്മാരുടെ സംസ്കാരം ഇന്ത്യയിൽ വ്യാപിച്ചത്. അതിനുമുൻപ് ബി.സി. 2300-1800 കാലഘട്ടത്തിൽ മഹത്തായ സിന്ധുനദീതട നാഗരികത നിലനിന്നിരുന്നുവെന്നതിന് ആവശ്യമായ തെളിവുകൾ ലഭ്യമാണ്. പുരാവസ്തു ഗവേഷണവും ഭാഷാ ഗവേഷണവും വെളിച്ചത്തു കൊണ്ടുവന്നത്, ആര്യന്മാരുടെ കടന്നുകയറ്റം നടന്നതിനുമുൻപ് ഹാരപ്പന്മാർ ഇവിടെ മെച്ചപ്പെട്ട സാഹചര്യത്തിൽ ജീവിച്ചിരുന്നുവെന്നാണ്. അവരുടെ നാഗരികതയിൽ ആ കാലത്തിനനുസരണമായ ജീവിതസംവിധാനങ്ങളുണ്ടായിരുന്നു. ആര്യന്മാർക്ക് അശ്വങ്ങളും ആയുധങ്ങളും ഉണ്ടായിരുന്നു. എന്നാൽ ഹാരാപ്പയിൽ ഖനനം ചെയ്ത ഒരിടത്തു നിന്നും ആയുധങ്ങൾ കിട്ടിയിരുന്നില്ല. അതിനാൽ ഹാരപ്പായിലെ സമാധാനപ്രിയരായ ജനങ്ങളെ കീഴടക്കി ആര്യന്മാർ അധിനിവേശം നടത്തിയെന്ന് ചരിത്രകാരന്മാർ സിദ്ധാന്തിക്കുന്നു. അവരെ ദാസന്മാരായും അന്യരായും ചിത്രീകരിച്ചു.

കാസ്പിയൻ കടലിനും കരിങ്കടലിനും മദ്ധ്യേയുള്ള പ്രദേശങ്ങളിൽ വസിച്ചിരുന്ന ആര്യന്മാർ പ്രകൃതിക്ഷോഭം കൊണ്ടാവാം അവിടം വിട്ട് പല ദിക്കിലേക്കും പലായനം ചെയ്തത്. ഹിറ്റ്ലർ തനിക്ക് ആര്യപാരമ്പര്യമാണുള്ളതെന്ന് അവകാശപ്പെട്ടിരുന്നു. സ്വന്തം ദിക്കിൽ നിന്ന് പലായനം ചെയ്തവരിൽ ഒരു സംഘം അവരുടെ ആടുമാടുകളോടൊപ്പം ഹിന്ദുക്കുഷ് പർവതനിരകൾ കടന്നുള്ള പ്രദേശത്തെത്തി. അവർ തദ്ദേശവാസികളായ ഹാരപ്പന്മാരെ പിടിച്ചടക്കി. ഋഗ്വേദത്തിൽ ആര്യൻ ആക്രമണത്തെപ്പറ്റി പറയുന്നില്ലെങ്കിലും ദാസന്മാരുടെ മേൽ ജയം നേടിയ വിശദവിവരങ്ങൾ പറയുന്നുണ്ട്. ഹാരപ്പന്മാർ കോട്ട കെട്ടിയ പുരങ്ങളിലായിരുന്നു വസിച്ചിരുന്നത്. കറുത്ത വർഗ്ഗക്കാരായ അനാര്യന്മാരെ കീഴടക്കി വാഴുവാൻ സഹായിക്കുന്നതിനായി ഇന്ദ്രനെന്ന ദേവന് നിയോഗം ലഭിച്ചു. കുതിരയെ കെട്ടിയ രഥത്തിലായിരുന്നു ഇന്ദ്രൻ സഞ്ചരിച്ചത്. അമ്പും വില്ലും ആയുധമായിട്ടുണ്ടായിരുന്നു. രാക്ഷസന്മാരെയും ഉഗ്രസർപ്പങ്ങളെയും പിളർത്തുന്നതിനു ഇന്ദ്രനു കഴിയുമായിരുന്നു. ആര്യന്മാരല്ലാത്തവരെ രക്ഷസുകളായാണ് ചിത്രീകരിച്ചിട്ടുള്ളത്. വേദങ്ങളിൽ ഏറ്റവുമധികം ശ്ലോകങ്ങൾ ഇന്ദ്രനെപ്പറ്റിയാണുള്ളത്.

അനവധി മിത്തുകളിൽ കൂടി ഹാരപ്പന്മാർ ഇവിടെ വസിച്ചിരുന്ന ചരിത്രം മറച്ചുവയ്ക്കുവാനും വേദാസ്പദ ആര്യസംസ്കാരം സ്ഥാപിക്കുവാനും, ആര്യന്മാരുടെ കടന്നാക്രമണം സാധൂകരിക്കുവാനും അതു പ്രയോജനപ്പെട്ടു. ബി. സി. 1000-ാമാണ്ട് എഴുതപ്പെട്ട വേദങ്ങളും ബ്രാഹ്മണങ്ങളും ഉപനിഷത്തുകളും അടങ്ങിയ 'ശ്രുതി' സാഹിത്യത്തിലും, ബി.സി. 1500-ൽ എഴുതപ്പെട്ട പുരാണങ്ങളും സൂത്രങ്ങളും ഇതിഹാസങ്ങളുമടങ്ങിയ 'സ്മൃതി' സാഹിത്യത്തിലും വിവരിക്കുന്നത് ഭാരത ചരിത്രം അതിലാരംഭിക്കുന്നുവെന്നാണ്. അതിനുവേണ്ടി ശതപതബ്രാഹ്മണത്തിൽ ഒരു മിത്ത് രേഖപ്പെടുത്തിയിട്ടുണ്ട്. അതിങ്ങനെ:-

ഒരു ദിവസം മനു തന്റെ കൈകൾ കഴുകിക്കൊണ്ടിരുന്നപ്പോൾ ഒരു ചെറിയ മത്സ്യം, തന്നെ വിഴുങ്ങുവാൻ വരുന്ന വലിയ മത്സ്യങ്ങളിൽ നിന്ന് രക്ഷിക്കണമേ എന്നപേക്ഷിച്ചു. മനു മത്സ്യത്തെയെടുത്ത് ഒരു കുപ്പിയിലാക്കി. പിന്നെ അതിനെ കുളത്തിൽ വളർത്തി. അത് വളർന്നു വലുതായപ്പോൾ അതിനെ കടലിലേക്കു വിട്ടു. ഒരു ദിവസം ആ മത്സ്യം, വരാൻ പോകുന്ന ഒരു വലിയ വെള്ളപ്പൊക്കത്തിന്റെ കാര്യം മുൻകൂട്ടി അറിയിച്ചു. അതോടൊപ്പം അതിൽ നിന്നും രക്ഷപ്പെടുവാൻ ഒരു കപ്പൽ തയാറാക്കാനും പറഞ്ഞു. അങ്ങനെ മനു വെള്ളപ്പൊക്ക സമയത്ത് കപ്പലിൽ കയറി. അതിനെ ആ മത്സ്യം വലിച്ച് ഉത്തരദിക്കിലെ പർവതത്തിൽ നിന്നും താഴെ വന്ന്, മാനവസമൂഹത്തിന്റെ പൂർവികനായി. ഉത്തരദിക്കിലെ പർവതത്തിന്റെ ചരുവിന് മനോർ അവതരണം, അഥവാ, മനു ഇറങ്ങി വന്നയിടം എന്നു പേരായി. അങ്ങനെ മനു ഇന്ത്യയിലെ ഒന്നാമത്തെ രാജാവായി സങ്കല്പിക്കപ്പെട്ടു, ആദ്യത്തെ നിയമസംവിധായകനും. മനുസ്മൃതി അയാൾ രചിച്ച നിയമസംഹിതയും. ഈ ഐതിഹ്യരാജാവ് സമൂഹഘടന രൂപീകരിച്ചു. സമൂഹത്തിലെ അധികാരശ്രേണി രൂപപ്പെടുത്തുന്നതിന് ഒരു പ്രപഞ്ചപുരുഷന്റെ യാഗം വിനിയോഗിച്ചു. നാലു വർണ്ണങ്ങളുടെ കൂട്ടങ്ങൾ പ്രപഞ്ചപുരുഷനിൽ നിന്ന് പുറപ്പെട്ടു. വായിൽ നിന്ന് ബ്രാഹ്മണരും, കൈകളിൽ നിന്ന് ക്ഷത്രിയരും, തുടയിൽ നിന്നു വൈശ്യരും കാലുകളിൽ നിന്ന് ശൂദ്രരും. അതിൻപ്രകാരം വെളുത്തവരും ഇളംമഞ്ഞ നിറമുള്ളവരും ഏറ്റം ശുദ്ധിയുള്ളവർ. കറുപ്പു കൂടുന്തോറും അശുദ്ധരാണവർ. ആദ്യം പറഞ്ഞവർ ഭരിക്കുന്നവരും, അവസാനത്തെ കൂട്ടർ സേവകരും. അധികാരശ്രേണിയും അസമത്വവും നീതിപൂർവകമായ സാമൂഹ്യക്രമീകരണമായി അംഗീകരിക്കപ്പെട്ടു. ഈ മിത്ത് ആവർത്തിച്ച് തലമുറകൾക്കു കൈമാറുന്നു.

രണ്ടാമത്തെ മിത്ത് ഇന്നു രൂപപ്പെടുത്തിയെടുക്കുകയാണ്. ആര്യന്മാർ ഇന്ത്യയിലെ ആദിമനുഷ്യരാണ്. മാത്രമല്ല, സിന്ധുസമതല സംസ്കാരം കെട്ടുപണി ചെയ്തവരുമാണ്. അങ്ങനെയെങ്കിൽ, ഋഗ്വേദം ഹാരപ്പസംസ്കാരത്തിനു മുൻപാണെന്ന് സമ്മതിക്കേണ്ടി വരും. ഗോൾവോക്കറുടെ അഭിപ്രായത്തിൽ ആര്യന്മാർ കഴിഞ്ഞ എട്ടു പത്തു സഹസ്രാബ്ദത്തോളം ഇന്ത്യയിൽ വസിച്ചു. പിന്നീട് വിദേശവംശജർ ഇവിടം പിടിച്ചടക്കുകയായിരുന്നു. ഹിന്ദുക്കളുടെ നാട് എന്നയർത്ഥത്തിൽ ഈ നാട് ഹിന്ദുസ്ഥാൻ എന്നറിയപ്പെട്ടിരുന്നു. മൽക്കാണി മുതലായ ചരിത്രപണ്ഡിതന്മാരുടെ അഭിപ്രായത്തിൽ ആര്യന്മാർ ഇന്ത്യയെ ആക്രമിച്ചില്ല. ഗ്രീക്കരും ബുദ്ധന്മാരും ഇസ്ലാമും ക്രിസ്ത്യാനികളും കമ്യൂണിസ്റ്റുകളുമാണ് ഇന്ത്യയെ ആക്രമിച്ചത്. ബുദ്ധമതം ഇന്ത്യയിലാണ് രൂപം കൊണ്ടതെന്ന് അവർ ഓർക്കുന്നില്ല. എങ്കിലും, ഇന്ത്യ ആക്രമണങ്ങളെ അതിജീവിച്ചത് ഇവിടത്തെ സംസ്കാരത്തിന്റെ മാഹാത്മ്യം മൂലവും, ശക്തരും രാജ്യസ്നേഹികളുമായ ഹിന്ദുക്കളുടെ പ്രതിബദ്ധത മൂലവുമാകുന്നു. സംഘപരിവാർ ഈ മിത്ത് യഥേഷ്ടം ഉപയോഗിക്കുകയാണ്. ഹിന്ദുക്കൾ മാത്രമാണ് ഇന്ത്യയിൽ രാജ്യസ്നേഹമുള്ള പൗരന്മാരെന്ന് വാദിക്കുന്നു. ഹിന്ദുമതമാണ് ഇന്ത്യയുടെ സംസ്കാരവും ആദ്ധ്യാത്മികതയും, സംസ്കൃതം ഇന്ത്യയുടെ പ്രധാന ഭാഷയും. ഇന്ത്യയെന്നത് 'ഹിന്ദു ഇന്ത്യ'യാണ്. മറ്റുള്ള മുസ്ലീങ്ങളും ക്രിസ്ത്യാനികളും ബുദ്ധമതക്കാരും ഇവിടെ അന്യരും ഇന്ത്യയുടെ ശത്രുക്കളുമാണ്. അവർ ഹിന്ദുസംസ്കാരത്തിൽ അലിഞ്ഞുചേരണം. അല്ലെങ്കിൽ ഇവിടം വിട്ടുപോകണം. ഇതിനുവേണ്ടിയാണ് ആർ.എസ്.എസ്.കാർ മിത്ത് രൂപപ്പെടുത്തിയെടുത്തത്.

ചരിത്രകാരന്മാർ നടത്തിയ ശരിയായ ഗവേഷണങ്ങളും മറ്റും അട്ടിമറിക്കാൻ ഹൈന്ദവ മൗലികവാദികൾ ഇമ്മാതിരി മിത്തുകളുപയോഗിക്കുന്നു. റോമില താപ്പർ, കൊസാമ്പി, ഇർഫാൻ ഹബീബ് മുതലായ ചരിത്രകാരന്മാരെയാണ് അവർ എതിർക്കുന്നത്. അവരുടെ നിഗമനങ്ങൾ ഇടതുപക്ഷ ചിന്താഗതിക്കാരുടേതാണെന്നു പറഞ്ഞ് തിരസ്കരിക്കുകയാണ്. അവരുടെ നിഗമനം മൗലികവാദികളുടെ അഭിപ്രായത്തിൽ ശരിയായ ഇന്ത്യൻ സംസ്കാരം പ്രതിനിധീകരിക്കുന്നില്ല പോലും. രണ്ട് സത്യങ്ങളാണ് അവർ ശക്തമായി

# നമ്മൾ അടിമകൾ



ജോർജ് ബഹനാൻ ടി. (കൗൺസലർ & തെറാപ്പിസ്റ്റ്)

വിവാഹകാർമികത്വം വഹിച്ച ബിഷപ്പിന്റെ ഇരുവശത്തും വധൂവരന്മാർ നിൽക്കുന്ന വലിയ ഫോട്ടോയും ഒരു നീണ്ട അടിക്കുറിപ്പും. വിവാഹത്തിൽ സംബന്ധിച്ച രാഷ്ട്രീയ-സാമൂഹിക-സാംസ്കാരിക നായകർ, സിനിമാ നടന്മാർ എന്നീ വൻ തോക്കുകൾക്ക് നന്ദി പറയുന്നതിന്റെ പരസ്യം ഒരു ദിനപത്രത്തിൽ ഫോട്ടോസഹിതം ചേർത്തിരുന്നു. വിവാഹ ദിവസം എല്ലാവർക്കും വ്യക്തിപരമായി നന്ദി പറഞ്ഞെങ്കിലും അതു പോരാ. ഇത്തരം പൊങ്ങച്ചം ഒരു മാനസിക രോഗമായി പൊതുജനത്തെ ഗ്രസിച്ചിരിക്കുന്നു. ചിലർക്ക് നിലനിൽക്കണമെങ്കിൽ ഇതാവശ്യമാണ്. വിവേകമുള്ളവർ പുച്ഛിക്കുമെങ്കിലും പൊതുജനത്തിന് ഇതിഷ്ടമാണ്.

ശാരീരികാടിമത്തത്തെക്കാൾ ഭയങ്കരമാണ് മാനസികാടിമത്തം. മൃഗങ്ങൾക്ക് പറ്റം ചേർന്നു നടക്കാനുള്ള herd instinct മനുഷ്യരിൽ herd complex ആയി മാറുന്നു-എല്ലാവരും ചെയ്യുന്നത് നമ്മൾ ചെയ്യുക. ഈ മാനസിക ഭാവത്തെ പൂർണ്ണമായി മുതലെടുത്തുകൊണ്ട് കമ്പോള സംസ്കാരം തഴച്ചുവളരുകയാണ്. വീട്ടാവശ്യത്തിനുള്ള സാധനങ്ങൾ നിശ്ചയിക്കുന്നത് മാധ്യമങ്ങളാണ്. എല്ലാവരും വാങ്ങിക്കുന്നത് നാമും വാങ്ങിയിരിക്കും. പൊതുജനം കഴുതയാണെന്ന് പണ്ടേ ഡോ. ജോൺസൺ പറഞ്ഞിട്ടുണ്ട്. കഴുതയെന്ന് വിളിച്ചാലും വേണ്ടില്ല, നമുക്ക് പൊതുജനത്തിനൊപ്പം നടക്കാനാണിഷ്ടം. നാമറിയാതെ ചുറ്റുപാടുമുള്ള എല്ലാ തിന്മയുമായി നാം ഇണങ്ങിച്ചേരുന്നുവെന്നതാണ് ഏറെ അപകടകരം. അവിടെ നമ്മുടെ വ്യക്തിത്വം നഷ്ടപ്പെടുകയും, നല്ലതും ചീത്തയും തിരിച്ചറിയാനുള്ള ചിന്താശക്തിയില്ലാതെ ആൾക്കൂട്ടത്തിലൊരു കാഴ്ചക്കാരനായി നാം മാറുകയും ചെയ്യുന്നു. ഇതേറ്റവും കൂടുതൽ ബാധിച്ചിരിക്കുന്നത് ക്രിസ്തീയ സഭകളെയാണ്. ഞാനായിട്ട് എന്തിന് ഇടപെടണം. എല്ലാവരും ശബ്ദമുയർത്തിയാൽ ഞാനും ചെയ്യാം. ഇക്കൂട്ടരെ നമുക്ക് ഭോഷന്മാർ എന്നുതന്നെ വിളിക്കാം.

ആപ്പിൾ മരത്തിന്റെ ചുവട്ടിലിരുന്ന ഐസക് ന്യൂട്ടൺ, ആപ്പിൾ താഴോട്ടു വീഴുന്നത് കണ്ടു. എന്തുകൊണ്ട് ആപ്പിൾ മുകളിലോട്ട് പോയില്ലെന്ന് അദ്ദേഹം ചിന്തിച്ചു. ഇങ്ങനെ വ്യത്യസ്തമായി ചിന്തിക്കാനുള്ള സാഹസ മനോഭാവമാണ് ഏറ്റവും വലിയ ശാസ്ത്രസത്യങ്ങൾ ലോകത്തിനു സംഭാവന ചെയ്തത്. ഫാദർ ഡാമിയൻ ത്യാഗത്തിന്റെ മൂർത്തീഭാവമാണ്. മൊളോക്കോവ് ദ്വീപിലെ കുഷ്ഠരോഗികളെ ശുശ്രൂഷിക്കാൻ ഫാ. ഡാമിയനു മാത്രമേ മനസ്സുണ്ടായുള്ളൂ. ആഫ്രിക്കൻ വനാന്തരങ്ങളിൽ മിഷനറിയായി പോകാൻ മനസ്സുണ്ടായത് ഡേവിഡ് ലിവിങ്സ്റ്റണു മാത്രം. അമേരിക്കൻ പ്രസിഡന്റുമാരിൽ ഏബ്രഹാം ലിങ്കനെപ്പോലെ ചുരുക്കം ചിലരെ മാത്രം നാം എന്നും ഓർക്കും. എല്ലാ കാര്യത്തിലും അവർ വ്യത്യസ്തരായിരുന്നു.

ആൾക്കൂട്ടത്തിനൊപ്പം നടക്കാനുള്ള മാനസികാടിമത്തത്തിൽ നിന്ന് ഉരുത്തിരിഞ്ഞുവന്നതാണ് നമ്മുടെ ജീവിതശൈലി. എത്ര ചിലവു വന്നാലും ജനത്തെപ്പോലെ ചെയ്യുന്നതാണ് അഭികാമ്യമെന്ന ചിന്തയാണ് നമുക്കുള്ളത്. പണ്ട് അഞ്ചോ ആറോ പേർ മാത്രം പങ്കെടുത്തിരുന്ന കല്യാണനിശ്ചയം ഇപ്പോൾ അഞ്ഞൂറോ ആയിരമോ പേർ സംബന്ധിക്കുന്ന വൻ പരിപാടിയായി മാറിയിരിക്കയാണ്. ഇതിലൂടെ നാം കാണിക്കുന്ന ആർഭാടവും ധൂർത്തും ആരെയും വേദനിപ്പിക്കും. ഈ അനാവശ്യചടങ്ങിന് അന്ത്യം കുറിക്കുവാൻ നമുക്ക് സാധിക്കുമോ? പെൺമക്കളെ കല്യാണം കഴിപ്പിച്ചുവിടാൻ കഴിവില്ലാത്ത ആയിരക്കണക്കിനു പാവപ്പെട്ടവർ നമ്മുടെ നാട്ടിലുണ്ട്. അവരെപ്പറ്റി നമുക്ക് അൽപ്പമെങ്കിലും ചിന്തയുണ്ടോ? വിവാഹത്തിനും ഇതേ ധൂർത്ത് നടമാടുന്നു. കയ്യിലുള്ള സ്വർണ്ണം മുഴുവൻ വധുവിന്റെ ശരീരമാസകലം അണിയിച്ച് ജനമധ്യേ പ്രൗഢി കാണിച്ച് ഒരു പ്രദർശനവസ്തുവാക്കാനാണ് എല്ലാവർക്കും താൽപ്പര്യം. വിവാഹാഘോഷത്തിന് ചിലവാക്കേണ്ടിയിരുന്ന മൂന്നു ലക്ഷം രൂപ മദർ തെരേസയ്ക്ക് ഏതോ നവ ദമ്പതികൾ നൽകിയതായി ഒരിക്കൽ വായിച്ചു. എത്ര മഹനീയ മാതൃക. നമ്മുടെ പള്ളികളിലെ ആദ്യഫലപ്പെരുന്നാളുകൾ വെറും കച്ചവടമായി മാറിക്കഴിഞ്ഞിരിക്കുന്നു. അതോടൊപ്പം, പണപ്പിരിവിനായി ഭാഗ്യക്കുറികളും മറ്റും നടത്തുന്നു. നാമറിയാതെ നമ്മുടെ സുവിശേഷമൂല്യങ്ങൾ വികൃതമായ ആചാരങ്ങളിലേക്കും പരിപാടികളിലേക്കും നമ്മെ എത്തിച്ചിരിക്കയാണ്. അതിനെപ്പറ്റി ചിന്തിക്കാൻ സഭാവിശ്വാസികൾക്കു സമയമില്ല. കാരണം, നാം ആൾക്കൂട്ടത്തിലാണ്. ഒഴുക്കിനെതിരെ നീന്താനുള്ള ധൈര്യം ചോർന്നുപോയിരിക്കുന്നു. പണമില്ലാത്ത സഭകൾ ഓലഷെഡുകളിൽ ആരാധന നടത്തുമ്പോൾ മറുവശത്ത് കോടിക്കണക്കിനു രൂപ മുടക്കി കൂറ്റൻ പള്ളികളും കുരിശിൻ തൊട്ടികളും ബഹുനിലസമുച്ചയങ്ങളിലും പടുത്തുയർത്തുന്നു. ചിന്തിക്കാത്ത ഭൂരിപക്ഷം വിജയിക്കുമ്പോൾ ചിന്തിക്കുന്ന ന്യൂനപക്ഷം പരാജയപ്പെടുന്നതിവിടെയാണ്. ഇവ കണ്ടുനിൽക്കുന്ന സഭാനേതാക്കന്മാരും ഈ ഭൂരിപക്ഷത്തിൽ തന്നെ.

ഭൂരിപക്ഷമാളുകളും കുടിച്ചു രസിച്ച സാധനമല്ലേ കോക്കകോളയും പെപ്സിയും? വർഷങ്ങളായി കോടിക്കണക്കിനു രൂപയുടെ സോഫ്ട് ഡ്രിങ്ക്സ് കുടിച്ചു തീർത്ത ജനം എങ്ങനെയോ ഉണർന്ന് അതിന്റെ അപകടത്തിൽ നിന്ന് രക്ഷപ്പെട്ടുകൊണ്ടിരിക്കുന്നു. പൊടിപടലങ്ങൾ വലിച്ചെടുക്കേണ്ട വാക്വം ക്ലീനർ മിക്ക വീടുകളിലും പൊടിപിടിച്ചിരിക്കുന്നത് ചിന്തോദ്ദീപ്തമായ കാഴ്ചയാണ്. എന്റെ വീട്ടിലും അതിലൊരെണ്ണം വേണമെന്ന ജനത്തിന്റെ ചിന്ത ഓരോ വീടിനെയും വിപണിയായി മാറ്റിയിരിക്കുന്നു. ജനത്തിന്റെ ആവേശം വ്യക്തിയുടേതായി മാറുന്നു. ഇത് മുതലെടുക്കുന്നതോ, പരസ്യക്കാരും. ഒറ്റയാനായി പ്രവാചകശബ്ദമുയർത്താൻ നമ്മുടെ ബിഷപ്പുമാരും വൈദികരും ധൈര്യം കാണിച്ചില്ലെങ്കിൽ അവർ കാക്കകൾ ചെന്നിരിക്കുന്ന നോക്കുകുത്തികളായി മാറും. ആൾക്കൂട്ടം കൂടുതൽ അധഃപതനത്തിലേക്കു നീങ്ങുകയും ചെയ്യും. ●

---

എതിർക്കുന്നത്. സിന്ധുനദിയ്ക്കപ്പുറത്തുള്ള ജനങ്ങളെ കോളനി വാഴ്ചക്കാർ പിടിച്ചടക്കുന്നതിനുമുൻപ് ഇന്ത്യ എന്നൊരു മഹാരാജ്യം നിലവില്ലായിരുന്നു; സംഘപരിവാർ സങ്കല്പിച്ചിരിക്കുന്ന ഹൈന്ദവൈക്യം എന്നൊന്നില്ല. ഇന്ത്യയുടെ അസ്തിത്വമെന്നത് ഭാരതശില്പികൾ വിവരിച്ചിട്ടുണ്ട്. ഇന്ത്യ ബഹുസംസ്കാരം ഉൾക്കൊള്ളുന്ന ഭിന്നവർഗ്ഗക്കാരായ ജനതയുടേതാണ്. ഇവിടെ മതങ്ങളുടെയും ഭാഷകളുടെയും ബഹുലതയുണ്ട്. ഇന്ന് ഹിന്ദുദേശീയവാദികൾ അതിനെ ഏകഭാവമുള്ള 'ഹിന്ദു ഇന്ത്യ' യാക്കാൻ ശ്രമിക്കുകയാണ്. ശ്രുതി സാഹിത്യത്തിലും സ്മൃതിസാഹിത്യത്തിലും ഹിന്ദു എന്നോ ഹിന്ദുത്വം എന്നോ പ്രയോഗിച്ചു കാണുന്നില്ല. ഹിന്ദുദേശീയവാദികളിൽ, സർവർക്കറാണ് വിജയകരമായി ഹിന്ദുത്വദേശീയത പ്രചരിപ്പിച്ചത്. ഭവിഷ്യപുരാണം വിദഗ്ദ്ധമായി വ്യാഖ്യാനിച്ച് സർവർക്കർ ഒരു മിത്തിനു രൂപം നൽകി. അതിങ്ങനെ:-

ആര്യന്മാരുടെയും അന്യരുടെയും മദ്ധ്യേ അതിരു തിരിച്ച് ഒരു ഹിന്ദുരാഷ്ട്രം സ്ഥാപിച്ചത് ഷാലിവാഹന എന്ന പ്രഥമ ഹിന്ദുരാജാവാണ്. സൗകര്യപൂർവം

(ശേഷം പേജ് 23 ൽ)



### കനകജൂബിലിയാഘോഷിക്കുന്ന

# കരിഗിരി ലെപ്രസി റിസർച്ച് & ട്രെയിനിങ് സെന്റർ

**റവ. ഈപ്പൻ ജോൺ, വെല്ലൂർ**

വേദപുസ്തകത്തിൽ മോശയുടെ ന്യായപ്രമാണം കൂടാതെ, ഏലീശയുടെ ഭൃത്യനായ ഗേഹസിയുടെയും ഉസ്സീയാ രാജാവിന്റെയും രോഗകാരണങ്ങളും, ലൂക്കോസിന്റെ സുവിശേഷത്തിൽ പ്രതിപാദിക്കുന്ന പത്തു കുഷ്ഠരോഗികളും വിരൽ ചൂണ്ടുന്നത്, മാരകമായ കുഷ്ഠരോഗം സമസൃഷ്ടങ്ങൾ വെറുക്കുന്നതും രോഗബാധിതരെ സമൂഹത്തിൽ നിന്ന് പുറം തള്ളുന്നതുമായ അനുഭവമാണെന്നാണ്. എന്നാൽ ഒരു വ്യത്യസ്ത സമീപനം കുഷ്ഠരോഗത്തെക്കുറിച്ച് ഇൻഡ്യയിൽ കൈക്കൊള്ളുവാനിടയായതിന്റെ കാരണക്കാരൻ വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽ കോളജിൽ അദ്ധ്യാപകനായും ശസ്ത്രക്രിയാ വിദഗ്ധനായും പ്രവർത്തിച്ച ഡോ. പോൾ ബ്രാൻഡ് ആണ്. അതിന് മുമ്പും ലോകത്തിന്റെ പല ഭാഗങ്ങളിലും ഇൻഡ്യയിൽ തന്നെയും കുഷ്ഠരോഗ പുനരധിവാസകേന്ദ്രങ്ങൾ ഉണ്ടായിരുന്നുവെങ്കിലും ചികിത്സാരീതികളും മറ്റും ഒട്ടും ആദരണീയമായിരുന്നില്ല. 1898-ലെ ഒരു ബ്രിട്ടീഷ് നിയമമനുസരിച്ച് കുഷ്ഠരോഗം ബാധിച്ചവരെ വേറിട്ട് താമസിപ്പിക്കുന്നതിനും അവർക്ക് ഭക്ഷണം നൽകുന്നതിനും ക്രമീകരണമുണ്ടായിരുന്നുവെങ്കിലും ബാക്കിയുള്ളവർ ഭിക്ഷാടനം കൊണ്ടോ മോഷണം ആദിയായ സാമൂഹിക വിരുദ്ധ പ്രവർത്തനം കൊണ്ടോ ഉപജീവനമാർഗ്ഗം തേടിയതായി കാണുന്നു. കഴിഞ്ഞ നൂറ്റാണ്ടിന്റെ ആദ്യഭാഗത്ത് കുഷ്ഠരോഗബാധിതരുടെ മദ്ധ്യത്തിൽ പ്രവർത്തനം ആരംഭിച്ചതായും ഏതാണ്ട് 600 പേരെ ചികിത്സിക്കുന്ന സാനട്ടോറിയം പ്രവർത്തിച്ചു വന്നതായും മനസ്സിലാക്കുന്നു. ഡോ. റോബർട്ട് കോക്രേൻ വെല്ലൂർ മെഡിക്കൽ കോളജ് പ്രിൻസിപ്പലായി ചുമതലയേറ്റതിനെത്തുടർന്ന് ഈ രോഗത്തെക്കുറിച്ച് ഗവേഷണം നടത്തുന്നതിന് ശ്രമമാരംഭിച്ചെങ്കിലും, തികച്ചും നിരാശാജനകമായ അനുഭവം മാത്രമാണുണ്ടായത്. ഡോ. പോൾ ബ്രാൻഡ് ഒരു അസ്തിരോഗവിദഗ്ധനായി വെല്ലൂരിൽ പ്രവർത്തനമാരംഭിച്ചതിനുശേഷം ഡോ. കോക്രേനോടു ചേർന്ന് ചിങ്കൽപ്പെട്ട് ലെപ്രസി സാനട്ടോറിയം ക്രമമായി സന്ദർശിക്കയും കൈകാലുകൾ, മുഖം ആദിയായവ വികൃതമായി കഷ്ടപ്പെടുന്ന രോഗികളെ സസൂക്ഷ്മം നിരീക്ഷണം നടത്തുന്നതിനും ഗവേഷണങ്ങൾ ചെയ്യുന്നതിനുമാരംഭിച്ചു. തന്റെ മാതാപിതാക്കൾ മിഷനറിമാരായി പ്രവർത്തിച്ചിരുന്ന കൊല്ലിമല എന്ന സ്ഥലത്തും ചുറ്റുപാടുമുണ്ടായിരുന്ന കുഷ്ഠരോഗികളെ കാണുന്നതിനും അവരുമായി സൗഹാർദ്ദം പുലർത്തുന്നതിനും മാതാപിതാക്കളുടെ ശുശ്രൂഷാമനോഭാവം ഡോ. ബ്രാൻഡിനു പ്രേരണ നൽകി. ഈ രോഗികളെ ആശുപത്രിയിൽ കിടത്തി ചികിത്സിക്കുന്നതിന് ആഗ്രഹിച്ചെങ്കിലും പല കാരണങ്ങളാൽ അത് പ്രായോഗികമല്ലായിരുന്നു. മറ്റു രോഗികളുടെയും ഡോക്ടർമാരുടെയും എതിർപ്പും സാമ്പത്തിക പരാധീനതയുമായിരുന്നു മുഖ്യ കാരണം.

ഡോ. കോക്രേന്റെ സഹായത്തോടെ ആശുപത്രിക്കു സമീപം കുഷ്ഠരോഗികൾക്കു വേണ്ടി ഒരു പ്രത്യേക ചികിത്സാക്രമീകരണം ചെയ്യുവാൻ ശ്രമിച്ചുവെങ്കിലും പൊതുജനങ്ങളുടെ എതിർപ്പിനെത്തുടർന്ന് വിദൂരമായ കരിഗിരി എന്ന ഗ്രാമത്തിൽ ഒരു മലയുടെ അടിവാരത്ത് കുറെ സ്ഥലം കണ്ടെത്തുകയും അവിടെ ഒരു ലെപ്രസി ഗവേഷണകേന്ദ്രം ആരംഭിക്കുകയും ചെയ്തു. അമേരിക്കൻ ലെപ്രസി മിഷനിൽ നിന്ന് ലഭിച്ച സഹായവും ഡോ. സ്കെഫിലിന്റെ പേരിൽ ലഭിച്ച എൻഡോവ്മെന്റ് തുകയും ഉപയോഗിച്ച് 1952-ൽ ഒരു സാനട്ടോറിയം ആരംഭിച്ചു. ഡോ. ഹെർബർട്ട് ഗാസ് ആയിരുന്നു ആദ്യത്തെ ഓണററി സൂപ്രണ്ട്. ഒരു ദിവസം നവജീവകേന്ദ്രത്തിലെ ഒരു താഴ് തുറക്കുന്നതിന് പലരും ശ്രമിച്ചുവെങ്കിലും തുരുമ്പ് പിടിച്ചിരുന്ന താഴിനുള്ളിൽ താക്കോൽ തിരിയുവാൻ സാധിച്ചില്ല. ഇത്തരുണത്തിൽ ഒരു ബാലൻ അത് തുറക്കുന്നതിന് തയാറെടുത്ത് മുമ്പോട്ടു വന്നു. തന്റെ വിരലുകൾ മുഴുവൻ ഒന്നിച്ച് പിടിച്ച് ഏതാനും നിമിഷങ്ങൾക്കുള്ളിൽ താക്കോൽ തിരിക്കയും താഴ് തുറക്കുകയും ചെയ്തു. ഇത് നിരീക്ഷിച്ചു കൊണ്ടിരുന്ന ഡോ. ബ്രാൻഡിനെ സംബന്ധിച്ചിടത്തോളം ഗവേഷണത്തിനുള്ള പുതിയ വാതിൽ തുറന്നു. ഈ ബാലന്റെ കൈ പരിശോധിച്ചതിൽ നിന്നു കിട്ടിയ അറിവ് തന്റെ വിരലുകളിലെ മാംസം മുഴുവനായി അടർന്ന് അസ്ഥി മാത്രം ശേഷിച്ചതായിട്ടാണ്. ഇത്രയുമായിട്ടും മുഖത്തിനു യാതൊരു ഭാവവ്യത്യാസവുമില്ലാതെ നിൽക്കുന്ന ബാലനെ താൻ ശ്രദ്ധിച്ചു. അവനുമായുള്ള സംസാരത്തിൽ വേദനയെന്തെന്ന് അറിയുവാൻ പോലും സാധിക്കുന്നില്ലെന്ന് മനസ്സിലാക്കി. സഹപ്രവർത്തകരുമായി നടത്തിയ ഗവേഷണത്തിൽ കുഷ്ഠരോഗം ബാധിച്ച ശരീരഭാഗം നിർജ്ജീവമായി തീരുന്നതും ആ ഭാഗത്തെ ഞരമ്പുകൾക്കും തുടർന്ന് തൊലിയും സ്പർശനശക്തി ഇല്ലാത്തതായിത്തീർന്ന് ക്രമേണ ചുരുങ്ങിക്കൊണ്ടിരിക്കയാണു ചെയ്യുന്നതെന്ന് മനസ്സിലാക്കി. നവജീവകേന്ദ്രത്തിലെ നിരന്തര സന്ദർശനം കൊണ്ട് താൻ ശ്രദ്ധിച്ച മറ്റൊരു സംഗതി ഒരു ദിവസം വ്രണം കഴുകി വൃത്തിയാക്കി വിടുന്ന രോഗികൾ തന്നെ അടുത്ത ദിവസം വരുമ്പോഴേക്കും വിരലുകളുടെയും കാലിന്റെയും മറ്റും അഗ്രഭാഗം നഷ്ടപ്പെട്ടതായിട്ടാണ് കാണുന്നത്. പിന്നീടുള്ള നിരീക്ഷണത്തിൽ, രാത്രികാലങ്ങളിൽ എലി, പാറ്റ ആദിയായ ക്ഷുദ്രജീവികൾ ഈ വ്രണങ്ങളിൽ നിന്നും വേദന അറിയാതെ മാംസം കാർന്നുതിന്നുന്ന പതിവുണ്ടെന്ന് കണ്ടെത്തി. രോഗികളെ നിലത്ത് കിടത്താതെ പല കട്ടിലുകളിലും മറ്റും കിടത്തുന്നതിന് വേണ്ട ക്രമീകരണം ചെയ്യേണ്ടി വന്നു. 1956-ൽ ഡോ. ഏണെസ്റ്റ് ഫ്രിറ്റ്ഷി ആദ്യത്തെ റസിഡന്റ് സർജൻ എന്ന ചുമതലയേറ്റു. കുഷ്ഠരോഗികളിൽ പലരും നേത്രരോഗികളായി തീരുന്നതിന് പ്രധാന കാര്യം കൺപോളകൾ ചലിപ്പിക്കുന്നതിനുള്ള ശക്തി നശിക്കുന്നതോടുകൂടി സ്വാഭാവികമായ ഏതെങ്കിലും അപകടമോ പ്രതിസന്ധിയോ നേരിടേണ്ടി വന്നാൽ അടയ്ക്കപ്പെടുന്ന കണ്ണുകൾ തുറന്ന് തന്നെ ഇരിക്കയും അങ്ങനെ അണുബാധ നേരിടേണ്ടി വരികയും ചെയ്യുമെന്നുള്ളതായിരുന്നു. അതിന് പ്രതിവിധിയായി ഡോ. (മിസ്സസ്) മാർഗററ്റ് ബ്രാൻഡ് തന്നെ ഇത്തരം രോഗികളെ ഓപ്പറേഷനു വിധേയരാക്കി. എന്നാൽ അതിൽ നിന്നും താൻ ഉദ്ദേശിച്ച ഫലം ലഭിക്കുന്നില്ലെന്നു മനസ്സിലാക്കിയ അവർ വേൾഡ് ഹെൽത്ത് ഓർഗനൈസേഷന്റെ ഒരു സമ്മേളനത്തിൽ സംബന്ധിക്കുന്നതിന് ക്രമീകരണം ചെയ്യുകയും താൻ ചെയ്ത ശസ്ത്രക്രിയകളിൽ നിന്നും ലഭിച്ചിട്ടുള്ള വിവരങ്ങളും മാറ്റിയെടുത്തിട്ടുള്ള ഭാഗങ്ങളും പ്രദർശനത്തിന് വച്ചു. തുടർന്ന് രോഗികളെ ഒരു പ്രാവശ്യം ശസ്ത്രക്രിയ ചെയ്തുകൊണ്ട് മാത്രം തൃപ്തയാകാതെ അവരെ തുടർച്ചയായി ഭവനങ്ങളിൽ ചെന്ന് പരിശോധിക്കേണ്ടത് ആവശ്യമാണെന്ന് ബോധ്യപ്പെട്ടു. ഇത്തരം പരീക്ഷണങ്ങൾ പുതിയ കണ്ടുപിടുത്തങ്ങൾക്ക് പാത ഒരുക്കുകയും തന്റെ ഭർത്താവിനോട് കൂടെ ചേർന്ന് കുഷ്ഠരോഗികളുടെ അവയവങ്ങൾ മൊത്തത്തിൽ ചികിത്സിക്കുന്നതിന് ക്രമീകരണം ചെയ്തു വന്നു.

സ്കെഫിലിൻ ലെപ്രസി റിസർച്ച് ആൻഡ് ട്രെയിനിംഗ് സെന്ററിന്റെ പ്രവർത്തനത്തിൽ 2003, 2004 വർഷങ്ങൾ വളരെ പ്രാധാന്യമർഹിക്കുന്നു. 2003 ജൂലൈ 8-ന് ഡോ. പോൾ ബ്രാൻഡ് ഇഹലോകവാസം വെടിഞ്ഞു. തന്റെ ജീവിതത്തിന്റെ അന്ത്യനിമിഷം വരെയും താൻ ഏറ്റെടുത്ത ദൗത്യം നിർവഹിക്കുന്നതിനും ലോകം ഇന്നും വെറുക്കുന്ന കുഷ്ഠരോഗികളെ ക്രിസ്തുവിന്റെ സ്നേഹത്തോടെ കാണുന്നതിനും, പുനരധിവസിപ്പിക്കുന്നതിനുമായി താൻ ചെയ്ത സേവനം എക്കാലവും സ്മരിക്കപ്പെടും.

കരിഗിരി സെന്ററിന്റെ കനകജൂബിലിയാഘോഷങ്ങൾക്ക് തുടക്കം കുറിച്ച സമ്മേളനം ഉദ്ഘാടനം ചെയ്തത് ഡോ. (മിസ്സസ്) മാർഗററ്റ് ബ്രാൻഡ് ആണ്. വാർദ്ധക്യത്തെ അവഗണിച്ച്, അടുത്തിടെയുണ്ടായ അപകടത്തിൽ ഒടിഞ്ഞ കൈയും രണ്ടു പെൺമക്കളുമായി വേദിയിൽ പ്രവേശിച്ച മിസ്സസ് ബ്രാൻഡിന്റെ സന്ദേശം മുഖ്യമായും വിശ്വാസം, പ്രത്യാശ, സ്നേഹം എന്നീ മൂന്നു വാക്കുകളെ ആസ്പദമാക്കിയായിരുന്നു. തന്റെ ഭർത്താവുൾപ്പെടെ ഒരു പറ്റം ഡോക്ടർമാർ ആരംഭിച്ച സേവനം വിശ്വാസത്തിന്റെ അടിസ്ഥാനത്തിലായിരുന്നു. നിരാശാജനകമായ അനുഭവങ്ങളുടെയും പ്രതികൂല സാഹചര്യങ്ങളുടെയും മധ്യേ അമ്പതുവർഷം പിന്നിട്ടു. പ്രത്യാശയോടുകൂടി തുടർന്നും സേവനം ചെയ്യുന്നതിന് പ്രേരകമായി തീരേണ്ട ശക്തി സ്നേഹം ഒന്നു മാത്രമാണ്. പ്രത്യേകിച്ച്, സമൂഹം വെറുക്കുന്ന മനുഷ്യരെ ശുശ്രൂഷിക്കുന്നതിനും പുനരധിവസിപ്പിക്കുന്നതിനും, ഈ സ്ഥാപനം പൂർവാധികം പ്രയോജനപ്പെടട്ടെ എന്നവർ ആശംസിച്ചു. ഇതിന്റെ ഡയറക്ടറായി പ്രവർത്തിക്കുന്ന ഡോ. ഏബ്രഹാം ജോസഫ്, മുൻപ് പ്രവർത്തിച്ചിട്ടുള്ള ഡോ. ചിനോയി ചാക്കോ (പള്ളം) ഇവരൊക്കെ ഈ സ്ഥാപനത്തിന്റെ വളർച്ചയിൽ നൽകിയിട്ടുള്ള സേവനം അതുല്യമാണ്. ●

# സഭയെക്കുറിച്ചുള്ള എന്റെ വേദനകളും സ്വപ്നങ്ങളും

**പോൾ മണലിൽ**

എന്നെ ഏറ്റവുമധികം വേദനിപ്പിച്ച സംഭവമാണ് അടുത്തയിടെ നടന്ന മെത്രാൻ തിരഞ്ഞെടുപ്പ്. മറ്റു സഭാംഗങ്ങളുടെയും മതക്കാരുടെയും മുമ്പിൽ ഓർതഡോക്സ് സഭയ്ക്കേറ്റ വലിയ പ്രഹരമായിരുന്നു തിരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥികൾ അവലംബിച്ച പ്രചാരണശൈലി. ലക്ഷങ്ങൾ മുടക്കി ഓരോ സ്ഥാനാർത്ഥിയും നടത്തിയ പ്രചാരണതന്ത്രങ്ങൾ സഭയെ സമൂഹത്തിനുമുമ്പിൽ അവഹേളനപാത്രമാക്കി. പണം കിട്ടിയാൽ എന്തും ചെയ്യാൻ മടിക്കില്ലെന്ന് അൽമായരോടൊപ്പം വൈദികരും തെളിയിച്ച യോഗമായിരുന്നു ഇത്. വോട്ടുപിടിച്ച് മെത്രാനാകുന്ന പ്രവണത അവസാനിപ്പിക്കുവാൻ നേതൃനിരയിലുള്ളവർ ഉചിതമായ നടപടികൾ കൈക്കൊള്ളുകയും മേൽപ്പട്ട സ്ഥാനത്തേക്കു യോഗ്യരായവരെ കണ്ടെത്തുവാൻ ഫലപ്രദമായ സംവിധാനം രൂപപ്പെടുത്തി അതു സുതാര്യമായി നടപ്പിലാക്കുകയും ചെയ്യണം. സഭയിൽ യോഗ്യതയുള്ളവർ നേതൃനിരയിൽ വരണമെങ്കിൽ ദൈവാധിപത്യവും ജനാധിപത്യവും സമന്വയിക്കുന്ന സംവിധാനമുണ്ടാകണം.

വൈദികസ്ഥാനികൾ അവരുടെ വിളിക്ക് ഉചിതമല്ലാത്ത രീതിയിൽ നടത്തുന്ന പ്രവർത്തനങ്ങൾ വിശ്വാസികൾക്കു വേദനയുളവാക്കുന്നതാണ്. സത്യമല്ലാത്തതിനു കൂട്ടുനിൽക്കുക, ഏഷണി പറയുക, അവിഹിതമായി പണപ്പിരിവ് നടത്തുക, വ്യാജ നോട്ടീസുകൾ പ്രസിദ്ധീകരിക്കുക, മെത്രാപ്പോലീത്തമാരെ അധിക്ഷേപിക്കുക തുടങ്ങി പലതും ചില ഉദാഹരണങ്ങൾ മാത്രം. വൈദികർക്കു ജീവിക്കാനുള്ള വേതനം സഭ അവർക്കു നൽകിയിരിക്കണം. ഇൻഷ്വറൻസ് ഏജന്റ്, വീടുകച്ചവടം, വണ്ടിക്കച്ചവടം തുടങ്ങി പല നിലകളിലും പ്രവർത്തിക്കുന്ന വൈദികർ ഇന്ന് സഭയിലുണ്ട്. അങ്ങാടിയിൽ വന്ദനവും പള്ളിയിൽ മുഖ്യാസനവും സ്വീകരിച്ചുകൊണ്ട് കമ്മിഷൻ വ്യവസ്ഥയിൽ പല ജോലികൾ ചെയ്യുന്ന വൈദികർ സഭയ്ക്ക് നാണക്കേടു തന്നെയാണ്. പണ്ടൊക്കെ ആടുമോഷ്ടാക്കൾ എന്ന പേരിൽ നമ്മുടെ സഭ പലരെയും പരിഹസിച്ചിരുന്നെങ്കിൽ ഇന്നു നമ്മുടെ ആടുകളെ ആരും മോഷ്ടിക്കാതെ തന്നെ അവർ സ്വയം അവർക്കിഷ്ടമുള്ള പച്ചപ്പുകളിലേക്കു മേയാൻ പോവുകയാണ്. പലരും കരിസ്മാറ്റിക് പ്രസ്ഥാനങ്ങളുടെയും മറ്റും പിന്നാലെ പോകുന്നതിന്റെ പ്രധാന കാരണം വൈദികസ്ഥാനികൾ തന്നെയാണ്. ജനങ്ങളുടെ നീറുന്ന പ്രശ്നങ്ങൾക്കു പരിഹാരം കാണുവാൻ ഇക്കൂട്ടർ ശ്രമിക്കുന്നില്ല. ജനങ്ങളില്ലെങ്കിൽ പുരോഹിതസ്ഥാനവും മഹാപുരോഹിതസ്ഥാനവും അപ്രസക്തമാണെന്ന് ഏവരും ഓർക്കുന്നത് നന്നായിരിക്കും.

പൊതുതിരഞ്ഞെടുപ്പു വരുമ്പോൾ വൈദികർ ഏതെങ്കിലും രാഷ്ട്രീയപാർട്ടിക്കുവേണ്ടിയോ പ്രതികൂലമായോ രംഗത്തിറങ്ങുന്നതു വിശ്വാസികളുടെയിടയിൽ ചിന്താക്കുഴപ്പത്തിനു കാരണമാകുന്നുണ്ട്. ഭൂമിയിൽ ദൈവരാജ്യം സ്ഥാപിക്കുവാൻ വിളിക്കപ്പെട്ടിരിക്കുന്ന വൈദികസ്ഥാനികൾ രാഷ്ട്രീയപാർട്ടികളുടെ വക്താക്കളും എതിരാളികളുമായി മാറുന്നത് ഒട്ടും തന്നെ അഭികാമ്യമല്ല. പള്ളികളിൽ ചേരിതിരിവുണ്ടാക്കുവാൻ മാത്രമേ ഇതുപകരിക്കുകയുള്ളൂ. യു.ഡി.എഫ്. പള്ളിയും എൽ.ഡി.എഫ്. പള്ളിയും ഒന്നും സഭയ്ക്ക് ആവശ്യമേയില്ല. നമ്മുടെ പല പള്ളികളിലെയും പ്രധാന പരിപാടികൾക്ക് ഇന്ന് രാഷ്ട്രീയക്കാരുടെ അതിപ്രസരമാണ്. പള്ളിക്കൂദാശാസമ്മേളനത്തിന്റെ നോട്ടീസ് കാണുമ്പോൾ, സാധാരണ വിശ്വാസി മൂക്കത്തു വിരൽ വയ്ക്കത്തക്ക രീതിയിൽ രാഷ്ട്രീയക്കാരുടെ പേരു കാണുമ്പോൾ, താമസംവിനാ പള്ളിക്കൂദാശ നടത്തുന്നതും മന്ത്രിയും എം.എൽ.എ.യുമൊക്കെ ആകുമെന്നു തോന്നിപ്പോകുന്നു. എന്നെ ലജ്ജിപ്പിച്ചുകൊണ്ടിരിക്കുന്ന മറ്റൊരു സംഗതിയാണ് പള്ളിപ്പെരുന്നാളുകളുടെയും മറ്റും പ്രചാരണരീതി. ചുവരെഴുത്ത്, വാൾപോസ്റ്ററുകൾ, കട്ടൗട്ടുകൾ എന്നിങ്ങനെ പല രീതിയിൽ ഇത് അവതരിക്കാറുണ്ട്. രാഷ്ട്രീയക്കാരുടെയും സിനിമക്കാരുടെയും കട്ടൗട്ടുകൾ സ്ഥാപിച്ചിരിക്കുന്നതിനോടു ചേർന്ന് ഗീവർഗീസ് സഹദയുടെയും പരുമല തിരുമേനിയുടെയും മറ്റു വിശുദ്ധ പിതാക്കന്മാരുടെയും ചിത്രങ്ങളും കട്ടൗട്ടുകളും കാണുന്നത് അസഹനീയമാണ്. ഈ തരംതാണ ആദ്ധ്യാത്മികതയിൽനിന്ന് ക്രൈസ്തവർ പിന്മാറുന്ന കാലം ഞാൻ സ്വപ്നം കാണുന്നു. പൊതുജനങ്ങൾക്ക് അസൗകര്യം സൃഷ്ടിക്കുന്ന റാലികൾ, ജാഥകൾ, പ്രസംഗയോഗങ്ങൾ ഒക്കെ അവസാനിപ്പിക്കേണ്ട സമയമായിരിക്കുന്നു. ആദ്ധ്യാത്മിക പ്രവർത്തനങ്ങൾ ആദ്ധ്യാത്മിക പ്രകടനങ്ങളായി മാറുന്നത് ഒട്ടും നല്ലതല്ല. പരുമല പെരുന്നാളിന് അതു വിളംബരം ചെയ്തുകൊണ്ട് മൈക്ക് അനൗൺസ്മെന്റ് നടത്തുന്നതും ട്രാഫിക് പ്രശ്നങ്ങളുണ്ടാക്കുന്നതും തീർത്ഥാടകവിരുദ്ധമായ കാര്യങ്ങളാണ്.

കൺവൻഷൻ പ്രസംഗം ഒരു ആധ്യാത്മിക കലയാണ്. ആ കലയിൽ മിടുക്കുള്ള വൈദികരും അവൈദികരുമായ ആളുകൾ നമ്മുടെ സഭയിലുണ്ട്. എന്നാൽ ഒരു സ്റ്റാൻഡാർഡുമില്ലാതെ സഭയുടെ ആത്മീയതയ്ക്കും വിശ്വാസത്തിനും എതിരായി ഇഷ്ടമുള്ള രീതിയിൽ കൺവൻഷൻ യോഗങ്ങൾ നടത്തുന്നവരുടെ എണ്ണം വർധിച്ചിരിക്കുന്നു. ഇതിനു നിയന്ത്രണമുണ്ടാകണം. ഞായറാഴ്ച വി. കുർബാനമധ്യേയും കൺവൻഷൻ യോഗങ്ങളിലും പ്രസംഗിക്കുന്നവർക്ക് പ്രത്യേക പരിശീലനം നൽകണം. വൈദിക സെമിനാരി സഭയുടെ പ്രധാന കേന്ദ്രമാണ്. അവിടെ പഠിച്ചിറങ്ങുന്ന എല്ലാവരും ഒരുപോലെ വൈദികവൃത്തിക്കു യോഗ്യരല്ലെന്ന് പല സന്ദർഭങ്ങളിലും ബോധ്യപ്പെട്ടിട്ടുണ്ട്. സെമിനാരി പഠനം പൊതുപ്രവർത്തനത്തിനിറങ്ങുന്ന ഒരാളുടെ സ്വഭാവരൂപീകരണത്തെ പല രീതിയിൽ സഹായിക്കും. അതിനാൽ രാഷ്ട്രീയ, സാമൂഹിക, മിഷൻരംഗങ്ങളിൽ പ്രവർത്തിക്കാൻ താൽപ്പര്യമുള്ളവർക്കു വൈദികരാകാതെ തന്നെ സെമിനാരിയിൽ പഠിക്കാൻ അവസരം നൽകണം.

സഭാസ്ഥാപനങ്ങളിൽ മെത്രാപ്പോലീത്തമാരും വൈദികരുമൊക്കെ ഭരണാധികാരികളായി പ്രവർത്തിക്കുന്ന പ്രവണത ഇന്നു ശക്തിപ്പെട്ടിട്ടുണ്ട്. സഭാംഗമായിരിക്കുന്ന ആളിനു സഭാസ്ഥാപനത്തിൽ ജോലി ലഭിക്കുവാൻ മന്ത്രിയുടെയും എം.എൽ.എ.യുടെയും ശിപാർശയുമായി വരുന്നതും നാണക്കേടുളവാക്കുന്നതാണ്. അതുപോലെ, സഭാസ്ഥാപനങ്ങളിൽ ജോലിക്കുവേണ്ടി നാനാജാതി മതസ്ഥരെ ഉൾപ്പെടുത്തി പ്രഹസനമായി ടെസ്റ്റ്, ഇന്റർവ്യൂ എന്നിവ നടത്തുന്നതും അവസാനിപ്പിക്കണം. കഴിവുള്ള അവൈദികരെ ഇങ്ങനെയുള്ള പ്രസ്ഥാനങ്ങളുടെ ചുമതല ഏല്പിക്കുകയും നീതിയോടും സുതാര്യതയോടും ഇവ നടപ്പിലാക്കുന്നുണ്ടോയെന്നു പരിശോധിക്കാനുള്ള സംവിധാനങ്ങളുണ്ടാക്കുകയും ചെയ്യുന്നതാണു നല്ലത്. വൈദികരും മെത്രാപ്പോലീത്തമാരും അജപാലനശുശ്രൂഷയ്ക്കു മുൻതൂക്കം നൽകുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതാണുത്തമം.

സഭാകേസുകൾ നമ്മുടെ പ്രവർത്തനങ്ങളെ ആകെ ഗ്രസിച്ച മട്ടാണുള്ളത്. അതിന്റെ പേരിൽ നമുക്കു വന്നിരിക്കുന്ന മന്ദതയും നാണക്കേടും മാറ്റിയെങ്കിലേ പറ്റുകയുള്ളൂ. കേസിനെപ്പറ്റി ആലോചിച്ചു സമയം കളയാതെ പുരോഗമന പ്രവർത്തനങ്ങളിലേക്കു സഭ ശ്രദ്ധ തിരിക്കണം. ശ്രദ്ധിക്കേണ്ട കാര്യങ്ങൾ മുൻഗണനാക്രമത്തിൽ ചെയ്തുതീർക്കാതെ, അത്യാവശ്യമില്ലാത്ത മറ്റു കാര്യങ്ങളിൽ വ്യാപൃതമാകുന്ന രീതിക്ക് മാറ്റമുണ്ടാകണം. സഭയിൽ ഇന്നു പൊതുവെയുള്ള പ്രശ്നം അച്ചടക്കരാഹിത്യമാണ്. ആർക്കും എന്തും ചെയ്യാമെന്നത് അപകടകരമാണ്. നീതിക്കും സ്നേഹത്തിനും സാഹോദര്യത്തിനും മുൻതൂക്കം നൽകുന്ന ഒരു സുവിശേഷ സഭയായി നമ്മുടെ സഭ വളരണം. ഭാരതത്തിന് നമ്മുടെ സഭയെ ആവശ്യമുണ്ട്.

*(ഓർതഡോക്സ് സഭാംഗമായ ലേഖകൻ മലയാള മനോരമ പത്രത്തിന്റെ അസിസ്റ്റന്റ് എഡിറ്ററാണ്)*

## ശാന്തം, പാപം

അടുത്തയിടെ സമ്മേളിച്ച സി.എസ്.ഐ. മധ്യകേരള മഹായിടവക എക്സിക്യൂട്ടീവ് അധ്യാപകനിയമനത്തിന് സംഭാവനയായി ലക്ഷങ്ങൾ വാങ്ങാൻ തീരുമാനമെടുത്തുവെന്ന വാർത്ത അത്യന്തം വേദനാജനകമാണ്; പ്രസ്തുത തീരുമാനം ഇക്കാലമത്രയും നാം ഉയർത്തിക്കാട്ടിയ മൂല്യങ്ങളെ തൃണവൽഗണിക്കുന്നതാകയാൽ അതീവ ഉൽക്കണ്ഠയുളവാക്കുന്നതുമാണ്. ഇങ്ങനെ വിലയ്ക്കെടുത്ത അധ്യാപകർക്ക് എന്തെങ്കിലും ധാർമ്മിക മൂല്യങ്ങൾ വിദ്യാർത്ഥികൾക്കു നൽകാൻ കഴിയുമെന്ന് ആരെങ്കിലും പ്രതീക്ഷിക്കുന്നുണ്ടോ? ഏതു വിധേനയും, ചോദ്യക്കടലാസ് ചോർത്തിയോ മാർക്കിന് വില പേശിയോ, മുടക്കിയ തുക മുതലാക്കിയെടുക്കാൻ ഈ അധ്യാപകർ പ്രേരിതരായാൽ ആർക്കെങ്കിലും അവരെ കുറ്റപ്പെടുത്താനാകുമോ? ഒരു മിഷനറി മഹായിടവകയായ സി.എസ്.ഐ. മധ്യകേരള മഹായിടവക വിദ്യാഭ്യാസരംഗത്ത് വർഷങ്ങളായി ഉയർത്തിപ്പിടിച്ച ആദർശങ്ങളെ ചവറ്റുകുട്ടയിൽ എറിയുകയല്ലേ നാം ചെയ്തത്? ലോകത്തെങ്ങും പോയി പ്രസംഗിക്കുക, പഠിപ്പിക്കുക, സൗഖ്യമാക്കുക എന്ന സഭാനാഥന്റെ കൽപ്പനപ്രകാരമല്ലേ മുൻ കാലങ്ങളിൽ നാം വിദ്യാഭ്യാസ, മെഡിക്കൽ മേഖലകളിൽ നിസ്തുല സേവനങ്ങൾ നിർവഹിച്ചുപോന്നത്? സഭയെ ഇത്രത്തോളം കെട്ടിപ്പടുക്കുവാൻ തങ്ങളുടെ വിയർപ്പും ചോരയും ഒഴുക്കിയ നമ്മുടെ പൂർവികരെ ഇത്ര വേഗം മറക്കാനാവുമോ?

സഭയുടെ പരമോന്നത ഭരണസമിതി കേവലം ഘടനാപരമായ ഒരു കണ്ണിയല്ലെന്ന് ഓർക്കുമല്ലോ. പ്രാർത്ഥനയോടെ ആരംഭിക്കുകയും പ്രാർത്ഥനയോടെ അവസാനിപ്പിക്കുകയും ചെയ്യുന്ന ഈ സമിതി ദൈവഹിതം വിവേചിച്ചറിഞ്ഞ് വേദപുസ്തകത്തിനും ദൈവഹിതത്തിനും അനുസൃതമായി സഭയെ നയിക്കുവാൻ ബിഷപ്പിനെ ഉപദേശിക്കുവാൻ ചുമതലപ്പെട്ടവരാണ്. മുമ്പേ ദൈവരാജ്യമന്വേഷിക്കുക, അതോടെ മറ്റെല്ലാം കിട്ടുമെന്ന വാഗ്ദത്തം നാം ധനമോഹത്തിന് അടിയറവയ്ക്കുകയല്ലേ ചെയ്യുന്നത്? പട്ടക്കാരുടേതുപോലെ, അധ്യാപകവൃത്തി ഒരു ദൈവവിളിയാണെന്ന് വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്ന സഭയ്ക്ക് ദ്രവ്യാഗ്രഹവുമായി പൊരുത്തപ്പെടാമെങ്കിൽ വൈദികസ്ഥാനാർത്ഥികളിൽ നിന്നും ഗണ്യമായ ഒരു തുക പിരിക്കുന്നതിൽ എന്താണു തെറ്റ്? അവഗണിക്കപ്പെട്ടവരും പാവപ്പെട്ടവരുമടങ്ങിയ ഒരു ഭൂരിപക്ഷത്തെ ഉൾക്കൊള്ളുന്ന ഈ മഹായിടവകയിൽ പരീക്ഷായോഗ്യതയും പ്രാപ്തിയുമുള്ള അനേകം പേർ അർഹരായുണ്ടെന്ന വസ്തുത അധികാരികൾ അറിയുന്നില്ലേ? പുതിയ വ്യവസ്ഥ നടപ്പിലായാൽ അവരിലാർക്കും ഉദ്യോഗം ലഭിക്കുകയില്ല. അവർ ഇതര മതങ്ങളിലേക്ക് ചേക്കേറിയാൽ അതിശയിക്കേണ്ടതുമില്ല. ദളിത് പ്രതിനിധികളായി അധികാരത്തിലെത്തിയവർ പോലും തങ്ങളുടെ ജനങ്ങളെ അവഗണിക്കുമ്പോൾ ആശ്ചര്യപ്പെടുകയല്ലാതെ എന്തു ചെയ്യാം.?



# പ്രതികരണങ്ങൾ

ഇത്തരുണത്തിൽ എന്റെ വിനീതമായ അപേക്ഷ ഇതാണ്:- ഈ തീരുമാനം ഒരിക്കലും നടപ്പാക്കരുതെന്നു മാത്രമല്ല, വിദ്യാഭ്യാസം കച്ചവടവൽക്കരിക്കപ്പെടുന്നതിൽ ഖേദം രേഖപ്പെടുത്തുകയും വേണം. സഭ ദൈവത്തിന്റെ സ്ഥാപനമാണെന്നു ചിന്തിക്കുകയും പ്രസംഗിക്കുകയും ചെയ്യുന്ന നിലയ്ക്ക് ദൈവം തന്റെ മാർഗ്ഗത്തിൽ സഭയെ സംരക്ഷിക്കുമെന്ന് ആത്മാർത്ഥമായി വിശ്വസിക്കണം. കുറുക്കുവഴികൾ സഭാശുശ്രൂഷയിൽ ഉപാധികളായി സ്വീകരിക്കാതെ, പാവപ്പെട്ടവരുടെ വിശ്വാസത്തിന്റെ അടിസ്ഥാനം സഭയാണെന്നോർത്ത് ഭയത്തോടും വിറയലോടും സഭയൊന്നടങ്കം അനുതാപത്തിന്റെ അനുഭവത്തിലേക്കു വരണം. അപ്പോൾ ദൈവം ആകാശത്തിന്റെ കിളിവാതിലുകളെ തുറന്ന് നമ്മെ ധാരാളമായി അനുഗ്രഹിക്കും, സംശയമില്ല.

*റവ. എ. സി. ഉമ്മൻ*

■ ■

## മാ നിഷാദ!

സി.എസ്.ഐ. മധ്യകേരള മഹായിടവകയുടെ നിയന്ത്രണത്തിലുള്ള കോളജുകളിൽ അധ്യാപകനിയമനത്തിന് സംഭാവനയായി ലക്ഷങ്ങൾ വാങ്ങാനുള്ള എക്സിക്യൂട്ടീവിന്റെ തീരുമാനം ഹൃദയവേദനയോടെ മാത്രമേ ശ്രവിക്കുവാൻ കഴിഞ്ഞുള്ളൂ. അധ്യാപനം ദൈവവിളിയായി സ്വീകരിച്ച് ഈ സരണിയിലൂടെ സഞ്ചരിച്ചവർക്ക് നിരാശയും ദുഃഖവും ഉളവാക്കുന്നതാണ് പ്രസ്തുത തീരുമാനം. സേവനരംഗത്ത് മുൻപന്തിയിൽ നിൽക്കുന്ന സഭയുടെ വിദ്യാഭ്യാസസ്ഥാപനങ്ങൾക്ക് ഇതെങ്ങനെ ഉൾക്കൊള്ളുവാൻ കഴിയും?

‘കൽപ്പിത സർവകലാശാല’ എന്ന പദവിക്ക് അർഹത നേടിയ കോട്ടയം സി.എം.എസ്. കോളജിന്റെ ദീർഘകാല ചരിത്രം പരിശോധിച്ചാൽ ഒരു യാഥാർത്ഥ്യം വ്യക്തമാകും. വെറും ഇന്റർമീഡിയറ്റ് ലവലിൽ നിന്ന് എല്ലാ വിഷയങ്ങളിലും ബിരുദ, ബിരുദാനന്തര കോഴ്സുകളുള്ള മഹത്തായ ഒരു ഫസ്റ്റ് ഗ്രേഡ് കോളജായി ഈ സ്ഥാപനമുയർന്നത് ദിവംഗതനായ പി. സി.ജോസഫ് സാറിന്റെ ദീർഘവീക്ഷണത്തിന്റെയും അശ്രാന്തപരിശ്രമത്തിന്റെയും ഫലമായിട്ടാണ്. യാതൊരുവിധ സംഭാവനയോ കോഴയോ വാങ്ങാതെയാണ് കോളജ് വളർന്നത്. യു.ജി.സി.യിൽ നിന്നും ഏതാനും പൂർവവിദ്യാർത്ഥികളിൽ നിന്നും ലഭിച്ച ധനസഹായം വിശ്വസ്തതയോടെ കൈകാര്യം ചെയ്താണ് പുരോഗതി നേടിയത്. സമീപകാലത്ത് ഒന്നരക്കോടി രൂപയുടെ യു.ജി.സി. ഗ്രാന്റിന് കോളജ് അർഹമായിത്തീർന്നത് ഇതഃപര്യന്തമുള്ള കളങ്കരഹിതമായ സേവനത്തിന്റെ അംഗീകാരം കൂടിയാണ്. 1960 ൽ പീറ്റ് മെമ്മോറിയൽ ട്രെയിനിങ് കോളജ് മാവേലിക്കരയിലാരംഭിച്ചപ്പോൾ സാമ്പത്തിക പ്രതിസന്ധിയൊഴിവാക്കാൻ അഡ്മിഷൻ സമയത്ത് സംഭാവന വാങ്ങാൻ ആലോചിച്ചെങ്കിലും അന്നത്തെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ശക്തമായ എതിർപ്പിനെത്തുടർന്ന് ആ ശ്രമം ഉപേക്ഷിക്കുകയാണുണ്ടായത്. ഒരു ബിരുദാനന്തര ട്രെയിനിങ് കോളജായി ഉയർത്താൻ കേരള യൂണിവേഴ്സിറ്റി നൽകിയ അനുവാദം ഈ സ്ഥാപനത്തിന്റെ മഹത്തായ സേവനത്തിനുള്ള പ്രതിഫലമാണ്. ഒന്നുമില്ലായ്മയിൽ നിന്ന് ഉടലെടുത്ത മാവേലിക്കര ബിഷപ്പ് മൂർ കോളജ് നാലു ദശകങ്ങൾ പിന്നിട്ടു കഴിഞ്ഞു. ഇതിനോടകം ഒരു ബിരുദാനന്തര കോളജായി ഉയരുകയും, സമൂഹത്തിന്റെയും കേരള യൂണിവേഴ്സിറ്റിയുടെയും യു. ജി. സി.-നാക് സമിതികളുടെയും പ്രശംസ നേടുകയും ചെയ്തു. അധ്യാപക - അനധ്യാപക നിയമനങ്ങൾക്ക് യാതൊരു കോഴയും വാങ്ങിയിട്ടില്ല. സഭാംഗങ്ങളുടെയും സ്നേഹിതരുടെയും നിർലോപ സഹകരണം കൊണ്ടാണ് ഈ കോളജ് വികസനപാതയിൽ മുന്നേറുന്നത്.

കോളജുകളുടെ വളർച്ചയ്ക്കാവശ്യമായ ധനസഹായം ചെയ്യുവാൻ പ്രാപ്തിയും സന്നദ്ധതയുമുള്ള പൂർവ വിദ്യാർത്ഥികൾ, പൗരജനങ്ങൾ, സംഘടനകൾ എന്നിവ പ്രയോജനപ്പെടുത്താതെ കുറുക്കുവഴികളിലൂടെ മുന്നോട്ടു നീങ്ങാൻ ശ്രമിക്കുന്നത് ആത്മഹത്യാപരമാണ്. മഹായിടവക നടത്തുന്ന കോളജുകളിൽ അധ്യാപകനിയമനത്തിന് സി.എസ്.ഐ.ക്കാർ അഞ്ചു ലക്ഷം രൂപയും മറ്റുള്ളവർ പത്തു ലക്ഷം രൂപയും കൊടുക്കണമെന്ന എക്സിക്യൂട്ടീവിന്റെ 25-8-04-ലെ തീരുമാനം സഭയുടെ ധാർമികാടിത്തറ ഇളക്കിമറിക്കും. ഇപ്പോൾ അധ്യാപകനിയമനത്തിൽ മാത്രം ഒതുങ്ങി നിൽക്കുന്ന ഈ ദുഷ്പ്രവണത ഏറെത്താമസിയാതെ സ്ഥലംമാറ്റം, പ്രമോഷൻ തുടങ്ങിയ രംഗങ്ങളിലേക്കും വ്യാപിക്കും. കോളജ് പ്രിൻസിപ്പൽമാരുടെ നിയമനം, ഡയോസിസൻ ട്രഷറർ, സ്കൂൾ മാനേജർ തസ്തികകൾ, വൈദിക വിദ്യാർത്ഥികളുടെ സെലക്ഷൻ, വിദേശരാജ്യങ്ങളിലെ ഇടവക ശുശ്രൂഷ തുടങ്ങി സഭാധ്യക്ഷസ്ഥാനം വരെ സാമ്പത്തിക ചങ്ങലയാൽ തളച്ചിടപ്പെടാൻ സാധ്യതയുണ്ട്. ദാസനായി വിനിയോഗിക്കപ്പെടേണ്ട ധനം യജമാനനായിത്തീർന്നാലുള്ള അപകടം എത്ര ഭയാനകമായിരിക്കും. ശോച്യാവസ്ഥയിലുള്ള സ്കൂളുകൾ പുനരുദ്ധരിക്കുന്നതിനു പ്രാരംഭമായി നിയമനത്തിന് കടവായ്പ

സ്വീകരിച്ച നയം, പ്ലസ് ടു സ്കൂളുകളാരംഭിച്ചപ്പോൾ നിയമനത്തിന് ലക്ഷങ്ങൾ കോഴ വാങ്ങുന്നതിൽ എത്തിച്ചു. സമാഹരിച്ച തുകയുടെ വിനിയോഗം സംബന്ധിച്ച വിവാദങ്ങളും പരസ്യമാണല്ലൊ. സഭയുടെ സ്ഥാപനങ്ങൾ ആത്മീയ ദർശനത്തോടെ നടത്തിക്കൊണ്ടുപോകണം. അദ്ധ്യാപകനിയമനത്തിന്റെ മാനദണ്ഡം വ്യക്തമാക്കണം. സേവനത്തിനും സാക്ഷ്യത്തിനുമുള്ള വേദിയായിരിക്കണം നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ. ആദർശങ്ങളും സംസ്കാരവും ഉൾക്കൊള്ളുന്ന ഒരു തലമുറയെ രൂപപ്പെടുത്തുന്ന ശ്രേഷ്ഠ ദൗത്യമാണ് ഈ സ്ഥാപനങ്ങൾക്കുള്ളത്. അവയെ കച്ചവടസ്ഥാപനങ്ങളായി തരംതാഴ്ത്തരുത്. പ്രാർത്ഥനാലയം കള്ളന്മാരുടെ സങ്കേതമായാൽ ചെയ്യേണ്ടതെന്താണെന്ന് കർത്താവ് പഠിപ്പിച്ചിട്ടുണ്ടല്ലൊ. പ്രശസ്ത സ്വാതന്ത്ര്യസമരസേനാനി ശ്രീ. കെ. ഇ. മാമ്മൻ ഇക്കഴിഞ്ഞ സ്വാതന്ത്ര്യദിനത്തിൽ പറഞ്ഞത്, "രാജ്യത്തിന്റെ ഭരണം വെള്ളക്കാരുടെ കൈയിൽ നിന്ന് കൊള്ളക്കാരുടെ കൈയിലായതു മാത്രമാണ് ഭാരതത്തിനു സംഭവിച്ചത്" എന്നാണ്. സഭയെക്കുറിച്ചും ഇത് ശരിയല്ലേയെന്ന് ചിന്തിച്ചുപോകയാണ്. സാമ്പത്തികമായി തികച്ചും പിന്നോക്കാവസ്ഥയിൽ നിൽക്കുന്ന ഭൂരിപക്ഷം അംഗങ്ങളുള്ള ഈ മഹായിടവകയിലെ നിയമനങ്ങളെല്ലാം ലക്ഷങ്ങൾ കൈപ്പറ്റി വിൽക്കുവാനുള്ള തീരുമാനം അടിയന്തരമായി പുനരവലോകനം ചെയ്തശേഷം പിൻവലിക്കേണ്ടതാണ്. സഭയുടെ ധാർമികാടിത്തറ തകർക്കാതെ, വിശ്വാസസ്ഥിരതയോടും ദൈവികദർശനത്തോടും ഉത്തരവാദിത്തങ്ങൾ നിർവ്വേറ്റാൻ ഇടയന്മാർക്കു കഴിയട്ടെയെന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു.

*റവ. (പ്രൊഫ.) കെ. സി. മാത്യു*

■■

## വാർത്താശകലം

### പരിസ്ഥിതിയാരാധനയും വാർഷികവും

എറികാട് സെന്റ് ജെയിംസ് സി.എസ്.ഐ. പള്ളിയിലെ പരിസ്ഥിതി പ്രവർത്തക സംഘടനയുടെ വാർഷികം സെപ്ടംബർ 5-ന് വിപുല പരിപാടികളോടെ ആഘോഷിച്ചു. പരിസ്ഥിതിയാരാധന ഇടവക വികാരി റവ. സി. ജെ. ജോൺ നയിച്ചു. പ്രപഞ്ച മാഹാത്മ്യത്തെ അനുസ്മരിച്ചുകൊണ്ടുള്ള പ്രാർത്ഥനയ്ക്ക് ശ്രീമതി സെലിൻ ജോർജും പരിസ്ഥിതി പ്രാർത്ഥനയ്ക്ക് ശ്രീ. റോയി ജോണും നേതൃത്വം നൽകി. തുടർന്നു നടന്ന വാർഷികസമ്മേളനത്തിൽ സ്കൂൾ കോർപ്പറേറ്റ് മാനേജർ ശ്രീ. സി. ഡി. മാത്യു മുഖ്യപ്രഭാഷണം നടത്തി. ശ്രീ. ഏശാവ് ഇരട്ടക്കുളം മുൻ വർഷത്തെ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. ശ്രീ. വർക്കി കുര്യൻ സ്വാഗതവും ശ്രീ. കെ. എ. ഈശോ കൃതജ്ഞതയും പറഞ്ഞു. ●

പുസ്തക നിരൂപണം

## പല ജാതി, പല മതം, ഒരു ദൈവം

**വി. സി. വറുഗീസ്, വടക്കേക്കര, കോട്ടയം-4.**

**വില : 50/- രൂപ**

ഭാരതീയ തത്വശാസ്ത്രത്തിന്റെയും ഹൈന്ദവ വിശ്വാസത്തിന്റെയും വെളിച്ചത്തിൽ ക്രിസ്തീയ വിശ്വാസത്തിന് പുതിയൊരർത്ഥം കണ്ടെത്തുവാനുള്ള ശ്രമമാണ് ഈ പുസ്തകത്തിൽ. ക്രിസ്തുവിശ്വാസത്തിന്റെ ആഴമായ സത്യമെന്തെന്നു മനസ്സിലാക്കി അത് മറ്റു മതസ്ഥരുമായി എങ്ങനെ പങ്കുവയ്ക്കാമെന്നതാണ് ഈ പുസ്തകത്തിൽ വിവരിക്കുന്നത്. മതസംവാദമേഖലയ്ക്ക് ഒരു മുതൽക്കൂട്ടാണ് ഈ പുസ്തകം. ജാതിയുടെയും മതത്തിന്റെയും പ്രാദേശികതയുടെയും പേരിൽ പരസ്പരം തല്ലിക്കീറുന്ന സമൂഹത്തിൽ സൗഹൃദാന്തരീക്ഷം സൃഷ്ടിക്കാൻ പോരുന്ന സദ്ഗ്രന്ഥം.

*എം. കെ.*

## ദേശീയ മിത്തുകൾ *(പേജ് 19 തുടർച്ച)*

സിന്ധുനദീതടത്തിൽ ആര്യന്മാരുടെ കടന്നുകയറ്റം അവഗണിച്ച് സവർക്കർ പ്രഖ്യാപിച്ചത് ആര്യന്മാരുടെ ഏറ്റവും മേന്മയേറിയ രാജ്യം സിന്ധുസ്ഥാൻ എന്നറിയപ്പെടുന്നു. സിന്ധുനദിയ്ക്കപ്പുറത്ത് അന്യരുടെ ദേശമാണ്. ഇതു പറഞ്ഞത് അയാൾ ഒരു മിത്തിന്റെ രൂപഘടനയിൽ ഏർപ്പെട്ടിരിക്കുകയാണെന്ന് ഓർക്കാതെയാണ്. ഒരു ചരിത്ര യാഥാർത്ഥ്യം അല്ലായിരുന്നു അത്. അതിന്റെ കാലം സൂക്ഷ്മമായി പറയേണ്ടതില്ല. ഏറ്റം പ്രധാനമായ കാര്യം ദേശീയ ബോധമാണ്. അതിനായി ഒരു ഹിന്ദുദേശീയത കെട്ടിപ്പടുക്കണം. ഹിന്ദുത്വത്തിന് നാലു സംഗതികൾ അത്യാവശ്യമാണ്. ഹിന്ദുഭൂമി, ഹിന്ദുരക്തം, ഹിന്ദുവംശം, ഹിന്ദുമതം. ഇതാണ് സവർക്കർ കെട്ടിപ്പടുത്ത മിത്ത്. ആര്യന്മാർ സിന്ധു ഗംഗാനദീതടങ്ങൾ, ദേശത്തു പാർത്തിരുന്ന ദേശീയരെ തുരത്തി കൈവശപ്പെടുത്തിയതാണെന്ന ചരിത്രവസ്തുത മറച്ചുപിടിക്കാനായിരുന്നു. ഹിന്ദുരക്തത്തിന്റെ പരിശുദ്ധി സംരക്ഷിക്കാനുതകുന്നതാണ് ചതുർവർണ്ണസമൂഹഘടനയെന്നും വാദിച്ചു. മാത്രമല്ല, ഭാരതത്തിലെ ബഹുലസംസ്കാരവും മതാത്മകതയും അവഗണിച്ച് ഒരു ഏകശിലാസ്തംഭം പോലൊരു ഹിന്ദുദേശീയത രൂപീകരിക്കാനാണു ശ്രമം. സ്വേച്ഛാധിപത്യസ്വഭാവമുള്ള മറ്റ് ദേശീയവാദികളെപ്പോലെ ഹിന്ദുത്വവാദികൾ അവരുടെ പൂർവികരുടെ ശോഭയേറിയ കാലത്തെപ്പറ്റി ആവർത്തിച്ചു വീമ്പിളിക്കുന്നു. ഇറ്റലിയിലെ ഫാസിസ്റ്റുകൾക്ക് റോമാസാമ്രാജ്യത്തിന്റെ മഹത്വീകരണവും, ജർമ്മൻ നാസ്സികൾക്ക് ഹാപ്സ്ബേർഗ് സാമ്രാജ്യവും മാതൃകയാക്കിയ ഹിന്ദു മൗലികവാദികൾക്ക് ഗുപ്തസാമ്രാജ്യം സത്യുഗമാണ്. അതേ സമയം, മുസ്ലീമുകൾ ഭരിച്ച മദ്ധ്യകാലം അന്ധകാരകാലവുമായിരുന്നു. ഇന്ത്യയുടെ ചരിത്രം സൂക്ഷ്മാവലോകനം ചെയ്താൽ സമുദ്രഗുപ്തന്റെ ഭരണകാലത്ത് ബുദ്ധമതത്തിന്റെ സ്വാധീനം പ്രകടമായിരുന്നു. സമുദ്രഗുപ്തരാജാവ് എന്തെങ്കിലും സാധിച്ചിട്ടുണ്ടെങ്കിൽ, അത് രക്തരൂക്ഷിതമായ യുദ്ധങ്ങളിലൂടെയായിരുന്നു. അതിനെ സുവർണ്ണദശയെന്ന് വിശേഷിപ്പിക്കാനാവില്ല. ഹിന്ദുമതമൗലികവാദികൾ ഈ കാലയളവ് തിരഞ്ഞെടുത്ത സുവർണ്ണകാലമെന്നു വിശേഷിപ്പിക്കാൻ കാരണം ബ്രാഹ്മണമേധാവിത്തമായിരുന്നു. അവരുടെ സംസ്കാരം സ്ഥാപിതമായി, ജീവിതത്തിന്റെ നാനാതുറകളിലും സ്വാധീനവും പ്രകടമായി.

ഹിന്ദുത്വപ്രചാരകരായ ഹെഡ്ഗ്വാറും ഗോൾബൊക്കറും അനവധി മിത്തുകൾക്കു രൂപം കൊടുത്തു. ചരിത്രസത്യങ്ങളെ മായിച്ചുകളയുവാനും ന്യൂനപക്ഷങ്ങളെ ഒഴിവാക്കാനും സാങ്കല്പികസംവാദങ്ങളും രൂപീകരിച്ചു. നാം നേരത്തെ കണ്ടതുപോലെ, മിത്തുകൾ അടിസ്ഥാനമാക്കിയുള്ള സംവാദങ്ങൾ ജനങ്ങളെയും സ്ഥാപനങ്ങളെയും തരംതിരിക്കുവാനും തങ്ങളുടെ ആശയങ്ങളോടു യോജിക്കാത്തവരെ അകറ്റിനിർത്തുവാനും ഇടയാക്കുന്നു. ഹിന്ദുത്വവാദികളുടെ ചരിത്ര വ്യാഖ്യാനങ്ങളിൽ പോലും ഇന്ത്യൻ ജനതയെ സ്വാധീനിച്ച ഹിന്ദു, ബുദ്ധ, ക്രിസ്തീയ, ഇസ്ലാമിക ആശയങ്ങൾ അവയുടെ തനിമയിൽ പ്രകടമാണ്. ഹിന്ദുമൗലികവാദികൾ ചരിത്രം തിരുത്തിക്കുറിക്കുന്നതിലൂടെ ഇന്ത്യൻ ജനതയുടെ സത്യം അറിയുവാനുള്ള അവകാശം നഷ്ടപ്പെടുത്തുകയാണ്. മേൽ വിവരിച്ച മിത്തുകൾ വിശകലനം ചെയ്താൽ മറച്ചു പിടിക്കേണ്ട യാഥാർത്ഥ്യങ്ങളെ മിത്തുകളുപയോഗിച്ച് പുറംതള്ളാം.

*(തുടരും)*